Reg. No. C. 101. M. 2293

ഒറ്റപ്രതിക്കു 2 ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 24 | 1126 ധനു 5 — ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1950 ഡിസംബർ 20 | ലക്കം 18



കർമ്മലനാഥേ! ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

# അമലോൽഭവം

(റവ. ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

യോഹന്നാൻ ബെക്കമൻസു പുണ്യവാന്റെ മരണാനന്തരം വിശുദ്ധന്റെ എഴുത്തുകുത്തുകൾ പരിശോധിച്ചുനോക്കിയപ്പോൾ ഒരു കടലാസിൽ ഇപ്രകാരം എഴുതിയിരിക്കുന്നതായികണ്ടു: "എത്രയും മാധുര്യമുള്ള മറിയമേ, ഈശോസഭയിലെ ഒരു അയോഗ്യാംഗമായ ഞാൻ, യോഹന്നാൻ ബെക്കമൻസ്, അങ്ങയോടും വിശുദ്ധ കുർബാനയാകുന്ന അത്യുന്നതകൂദാശയിൽ സന്നിഹിതനായിരിക്കുന്നവെന്നു ഞാൻ വിശ്വസിച്ചു് ഏററു പറയുന്ന അങ്ങയുടെ പ്രിയ പുത്രനോടും ഉറപ്പിച്ചുപറയുന്നു: തിരുസഭ മറിച്ചു് അധ്യവസാനം ചെയ്യാത്തിടത്തോളം കാലം ഞാൻ അങ്ങയുടെ അമലോത്ഭവത്തെ ദൃഢമായി പിന്താങ്ങുകതന്നെ ചെയ്യും. ഈ പ്രതിജ്ഞയെ ദൃഢതരമാക്കുവാൻ ഈശോസഭയുടെ മുദ്രകൊണ്ടു ഞാൻ ഇതിനു മുദ്രപതിക്കുകയും എന്റെ രക്തംകൊണ്ടു 1621-ാം കാലം ഞാൻ ഇതിൽ ഒപ്പുവയ്ക്കുകയും ചെയ്യുന്നു. യോഹന്നാൻ ബെക്കമൻസ്."

അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെടുന്നതിനുമുമ്പ് എഴുതപ്പെട്ടിട്ടുള്ള ഒരു വാക്യമാണു മേലുദ്ധരിച്ചിരിക്കുന്നതു്. ബെക്കമൻസു പുണ്യവാന്റെ ദൃഢമായ ഈ പ്രഖ്യാപനത്തിൽനിന്നു ഗ്രഹിക്കാം തിരുസഭയിൽ എല്ലാ കാലത്തും ദൈവമാതാവിന്റെ അമലോത്ഭവത്തെ എത്രയും ഗാഢമായി ആശ്ലേഷിച്ചിരുന്ന അനേകരുണ്ടായിരുന്നുവെന്നു്. അതേസമയം ആദത്തിന്റെ സന്താനങ്ങളെല്ലാം ആദത്തിന്റെ പാപത്തിന്റെ ഓഹരിയോടുകൂടെയാണു ജനിക്കുന്നതെന്ന വിശ്വാസസത്യത്തെ അടിസ്ഥാനപ്പെടുത്തി ദൈവമാതാവു് ഉത്ഭവപാപത്തിൽനിന്നു വിമുക്തയായിരുന്നില്ലെന്നു ചില ദൈവശാസ്ത്രജ്ഞർ പോലും പ്രസ്താവിച്ചിട്ടുണ്ടു്. ഏവംവിധം ചിലർ വ്യത്യസ്താഭിപ്രായങ്ങൾ സ്വീകരിച്ചിട്ടുള്ളനിലയ്ക്കു് അമലോത്ഭവസത്യത്തെ തെളിയിക്കുന്നതിനുള്ള വേദപുസ്തകവ്യാഖ്യാനങ്ങളും പാരമ്പര്യവും പ്രഥമദൃഷ്ട്യാ അഥവാ ഒരു സാധാരണമനുഷ്യന്റെ പാടവംകൊണ്ടുമാത്രം പൂർണ്ണമായി ഗ്രഹിക്കത്തക്കവിധം പ്രസ്പഷ്ടമല്ലെന്നു് ഊഹ്യമാണ്. അങ്ങനെയുള്ള സാഹചര്യങ്ങളിലത്രേ തിരുസഭയുടെ അദ്ധ്യാപനാധികാരം പ്രയോഗിക്കേണ്ടിവരുന്നതു്. അപ്പോഴാണ് അപ്രമാദമായ തിരുസഭയുടെ സ്വരത്തിന്റെ മാഹാത്മ്യം സഭയുടെ വിശ്വസ്തസന്താനങ്ങൾ ആസ്വദിക്കുന്നതു്. അതേ സാഹചര്യങ്ങളിൽത്തന്നെയാണ് തിരുസഭയുടെ വൈരികൾ തിരുസഭയുടെ അദ്ധ്യാപനത്തെ എതിർത്തു കത്തോലിക്കാസഭ അബദ്ധാധീനയായെന്നു് സാധാരണമായി വാദിക്കുന്നതു്. അതിനാലത്രേ തിരുസഭയുടെ അപ്രമാദിത്വത്തിൽ വിശ്വസിക്കുന്നവർ, വിശ്വാസസത്യങ്ങൾ സുവ്യക്തമല്ലാതെയിരിക്കുന്ന എല്ലാ അവസരങ്ങളിലും വേദപുസ്തകപാരമ്പര്യാദി ആവിഷ്കരണമൂല്യങ്ങളെ സ്വബുദ്ധ്യാ വ്യാഖ്യാനിക്കാതെ തിരുസഭയുടെ അദ്ധ്യാപനത്തെ ആശ്രയിക്കുന്നതു്. തിരുസഭയ്ക്കു പുറമെ, ഈ മനോഗതി ദൃശ്യമല്ലാത്തതിനാൽ അമലോത്ഭവസത്യത്തിനു് എതിരായും മററും അകത്തോലിക്കാപത്രങ്ങൾ എഴുതുവാൻ ഇടയാകുന്നുണ്ടെങ്കിൽ അതിൽ അതിയായ അത്ഭുതത്തിനു് അവകാശമില്ല.

അമലോത്ഭവസത്യം ആവിഷ്കൃതമൂലങ്ങളിൽ പ്രത്യക്ഷമായി (Explicitly) കാണുന്നില്ല; അപ്രത്യക്ഷമായി (Implicitly) വേദപുസ്തകത്തിലും പാരമ്പര്യത്തിലും ആവിഷ്കൃതമായിരിക്കുന്ന ഈ സത്യം, സാവധാനത്തിലാണ് പ്രത്യക്ഷവിശ്വാസസത്യമായിത്തീർന്നതു്. ഉത്ഭവപാപത്തെപ്പററിയുള്ള ചർച്ചകൾ സുവ്യക്തമായിത്തീർന്നതിനുശേഷം മാത്രമാണല്ലോ ഉത്ഭവപാപത്തിൽനിന്നും ആരെങ്കിലും വിമുക്തരായിരുന്നുവോ എന്ന ചോദ്യം ഉദിക്കുന്നതു്. കന്യകാമറിയത്തിന്റെ ദൈവമാതൃത്വം വിശ്വാസസത്യമായിത്തീർന്നതിനുശേഷം മാത്രമേ ദൈവമാതാവു് അമലോത്ഭവയായാണോ എന്ന ചോദ്യം ജനിക്കുകയുള്ളൂ. അതിനാൽ അപ്രത്യക്ഷമായി ആവിഷ്കൃതമായിരിക്കുന്ന സത്യങ്ങൾ ക്രമാനുഗതമായി മാത്രം പ്രകാശമാനമാകുമെന്നേ പ്രതീക്ഷിക്കാവൂ. ആ ഘട്ടത്തിൽ പ്രസ്തുതസത്യങ്ങൾ അന്വേഷിക്കുന്നവരെ വെളിച്ചം നല്ലവണ്ണം ഇല്ലാത്ത മുറിയിൽ പല സാധനങ്ങളുടെ ഇടയിൽ ചെറിയ ഒരു പദാർത്ഥം അന്തർലീനമായി കിടക്കുന്നതു കണ്ടുപിടിക്കുവാൻ ശ്രമിക്കുന്നവരോടു് ഉപമിക്കാവുന്നതാണ്. ചിലർ പരിശോധനയെല്ലാം കഴിഞ്ഞു് നിഗൂഢമായവസ്തു കാണാതെയാകുമ്പോൾ പറയും ഇങ്ങനെ ഒരു സാധനം മുറിയിലില്ലെന്നു്. ചിലർ അഭിപ്രായമൊന്നും പ്രകടിപ്പിക്കാതെ മൗനം ഭജിക്കും. മററു ചിലർ അതു കണ്ടെത്തിയെന്നു അഭിമാനപൂർവ്വം പ്രഖ്യാപിക്കും. കാണാത്തവർ അവരെ അപഹസിക്കും. മൗനമായിരുന്നവർ പിന്നെയും പക്ഷേ മൗനം തുടർന്നേക്കും. ഈ സാഹചര്യത്തിൽ ആ മുറിയിലെ ഓരോ അണുവും അപ്രമാദമായി അറിയുവാൻ കഴിവുള്ള ഒരു പണ്ഡിതൻ ഏതെങ്കിലും അദ്ധ്യാപനം ചെയ്യുന്ന പക്ഷം എല്ലാവരും ആ അദ്ധ്യാപനം സ്വീകരിക്കേണ്ടതാണല്ലോ. അമലോത്ഭവസത്യപ്രഖ്യാപനത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഈദൃശമായ ഒരനുഭവം പ്രകടമായി ദൃശ്യമാകുന്നതാണ്. അതിനാലത്രെ അകത്തോലിക്കാ ക്രിസ്ത്യാനികളിൽ ചിലർ അമലോത്ഭവവിശ്വാസസത്യപ്രഖ്യാപനത്തെ എതിർക്കുവാൻ ഇടയാകുന്നതു്. ഇതേ ന്യായത്താൽതന്നെയാണ് ചിലർ സ്വർഗ്ഗാരോപണ വിശ്വാസസത്യപ്രഖ്യാപനത്തേയും ചോദ്യംചെയ്യുന്നതു്.

എന്നാൽ അമലോത്ഭവസത്യം ആവിഷ്കൃതമൂലങ്ങളിലുണ്ടെന്നു് തിരുസഭ എങ്ങനെ ഗ്രഹിച്ചുവെന്നു് ചോദിക്കുന്നതായാൽ വേദപുസ്തകവും സഭാപിതാക്കന്മാരുടെ ഭാഷ്യവും പരിശോധിക്കുകതന്നെവേണം. ഉല്പത്തിയുടെ പുസ്തകത്തിൽ വായിക്കുന്നു: "നീയും സ്ത്രീയും തമ്മിലും നിന്റെ സന്താനവും അവളുടെ സന്താനവും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൾ നിന്റെ തല തകർക്കും." (3—15) എബ്രായമൂലത്തിൽ വായിക്കുന്നതു്: "അവളുടെ സന്താനം നിന്റെ തല തകർക്കുമെന്നും" ഗ്രീക്കുമൂലത്തിൽ "അവൻ നിന്റെ തല തകർക്കുമെന്നും" ആണ്. സഭാപിതാക്കന്മാർ സാധാരണമായി സ്വീകരിക്കുന്നതും തിരുസഭ ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നതും "അവൾ നിന്റെ തല തകർക്കു"മെന്ന പാഠഭേദമാണ്. പിതാവായ ദൈവം സർപ്പത്തേയും ഹവ്വായേയും സംബോധനചെയ്തുകൊണ്ടു് പറഞ്ഞിരിക്കുന്ന വാക്കുകളാണ് മേൽ പ്രസ്താവിച്ചവ. പിശാചന്റെ വർഗ്ഗവും മനുഷ്യവർഗ്ഗവും തമ്മിൽ ഭിന്നത ഉണ്ടാകുമെന്നും ഹവ്വാ തന്റെ സന്താനംവഴി പിശാചവർഗ്ഗത്തെ അടിപ്പെടുത്തുമെന്നുമാണ് ഈ വാക്യത്തിന്റെ വാച്യാർത്ഥം. അഥവാ മനുഷ്യവർഗ്ഗവും പിശാചവർഗ്ഗവും തമ്മിൽ നിരന്തരമായ ഒരു യുദ്ധമുണ്ടാകുമെന്നു സ്പഷ്ടം. യുദ്ധം ഓരോ നേതാക്കന്മാരുടെ കീഴിലായിരിക്കും. ഹവ്വായുടെ ഒരു സന്താനമായിരിക്കും മനുഷ്യവർഗ്ഗത്തിന്റെ നേതാവു്. ആ നേതാവിന്റെ അമ്മയാണ് പരിശുദ്ധകന്യകാമറിയം. ആ അമ്മ പിശാചവർഗ്ഗത്തെ പരിപൂർണ്ണമായി പരാജയപ്പെടുത്തുമെന്നാണ് ഇതിൽനിന്നു നമുക്കു പരസഹായം കൂടാതെ തന്നെ ഗ്രഹിക്കാവുന്ന അർത്ഥം. ഈ അർത്ഥം പൂർവ്വപിതാക്കന്മാർ ഗ്രഹിച്ചിരുന്നതിനാലാണ് യഹൂദരുടെ ഇടയിലും വിജാതീയരുടെ ഇടയിലും ഒരു രക്ഷകൻ ലോകത്തിൽ ജനിക്കുമെന്നു് ഒരു ധാരണ ലോകചരിത്രത്തിന്റെ ആരംഭം മുതൽ ഉണ്ടാകുവാൻ ഇടയായിട്ടുള്ളതു്. രക്ഷകനെ സംബന്ധിച്ച ഒരു പ്രവചനമാണ് ഈ വാക്യമെന്നു നിശ്ചയമുള്ളവർക്കെല്ലാം "അവൾ തലയെ തകർക്കു"മെന്നു പ്രസ്താവിച്ചിട്ടുള്ളതു് രക്ഷകന്റെ അമ്മയായ കന്യകാമറിയത്തെക്കുറിച്ചാണെന്നു സമ്മതിക്കുവാൻ പ്രയാസമൊന്നുമില്ല. പ്രസിദ്ധരായ സഭാപിതാക്കന്മാരെല്ലാംതന്നെ ഈ അഭിപ്രായം സ്വീകരിക്കുന്നതുകൊണ്ടു് പരിശുദ്ധകന്യകാമറിയം പിശാചവർഗ്ഗത്തെനിശ്ശേഷം പരാജയപ്പെടുത്തുമെന്നാണ് പൂർവ്വോക്തവാക്യത്തിന്റെ സാരമെന്നു സിദ്ധം. പരിപൂർണ്ണമായ വിജയമാണ് കന്യകാമറിയത്തിന്റേതെന്നു സഭാപിതാക്കന്മാർ അഭിപ്രായപ്പെടുന്നതിനാൽ ഒരു നിമിഷനേരംപോലും കന്യകാമറിയം പിശാചവർഗ്ഗത്തിനു അടിമപ്പെട്ടിരിക്കുവാൻ നിവൃത്തിയില്ല. ഒരു നിമിഷംപോലും പിശാചവർഗ്ഗത്തിനു അടിമപ്പെട്ടിട്ടില്ലെന്നു പറയുന്നതിന്റെ സാരം ഒരു നിമിഷംപോലും പാപത്തിനു കീഴ്പ്പെട്ടിട്ടില്ലെന്നാണ്, അതായതു് ശരീരം ആത്മാവോടുകൂടെ ചേർന്ന നിമിഷം മുതൽതന്നെ കന്യകാമറിയം പാപരഹിതയെന്നാണ്, അഥവാ അമലോത്ഭവയെന്നാണ്. ഒമ്പതാംപീയൂസ് മാപ്പാപ്പാ അമലോത്ഭവവിശ്വാസസത്യത്തെ ഉൾപ്പെടുത്തി എഴുതിയിട്ടുള്ള ചാക്രികലേഖനത്തിൽ പറയുന്നതു് അമലോത്ഭവസത്യം മേല്പറഞ്ഞ വേദപുസ്തകവാക്യത്തിൽ വ്യക്തമായി അന്തർലീനമാണെന്നത്രേ.

ഗബ്രിയേൽ മാലാഖായുടെ മംഗളവാർത്തയിലും അമലോത്ഭവസത്യത്തിന്റെ സൂചനയുണ്ടു്. "ദൈവവരപ്രസാദപൂർണ്ണേ" (ലൂക്കാ 1, 28) എന്നാണ് മാലാഖാ കന്യകാമറിയത്തെ അഭിസംബോധന ചെയ്തിരിക്കുന്നതു്. ഉത്ഭവപാപവിധേയയായിരുന്നു പരിശുദ്ധകന്യകാമറിയമെങ്കിൽ ആ അമ്മ ഒരു സമയത്തു ദൈവവരപ്രസാദരഹിതയായിരുന്നിരിക്കണം. പ്രസാദവരം തീരെ ഇല്ലാതെ ജീവിതമാരംഭിച്ച ഒരാളെ ദൈവവരപ്രസാദപൂർണ്ണയെന്നു പറയുന്നതു് ഉചിതമല്ലാത്തതിനാൽ ഈ വാക്യത്തിലും അമലോത്ഭവസത്യത്തിന്റെ ഒരു സൂചനയുണ്ടു്.

വേദപുസ്തകത്തിലെ ഈ വാക്യങ്ങൾ സഭാപിതാക്കന്മാരുടെവ്യാഖ്യാനസഹിതം വായിക്കുമ്പോൾ മേല്പറഞ്ഞ വാക്യങ്ങളിൽ അമലോത്ഭവസത്യം അപ്രത്യക്ഷമായെങ്കിലും അന്തർലീനമാണെന്നു് സമ്മതിക്കാതിരിക്കുവാൻ നിവൃത്തിയില്ലെന്നാണു ദൈവശാസ്ത്രജ്ഞന്മാർ ന്യായമായി വാദിക്കുന്നതു്.

സഭാപിതാക്കന്മാരുടെ വാക്യങ്ങൾ മൂന്നുതരമായി ഭാഗിക്കാം. അപ്രത്യക്ഷമായി അമലോത്ഭവത്തെ സാക്ഷ്യപ്പെടുത്തുന്നവ, ഏറെക്കുറെ വ്യക്തമായി പ്രസ്താവിക്കുന്നവ, സ്പഷ്ടമായി പഠിപ്പിക്കുന്നവ. കന്യകാമറിയം പരിശുദ്ധയാണ്, നിർമ്മലയാണ്, പാപരഹിതയാണ്, കറയററവളാണ്, പൂർണ്ണമായും വിശുദ്ധയാണ്, മാലാഖാമാരെക്കാൾ നിർമ്മലയാണ്, പരിശുദ്ധതതന്നെയാണ്, നിർമ്മലതതന്നെയാണ്, മിശിഹാ പുതിയ മനുഷ്യനാകുന്നതുപോലെ, മറിയം പുതിയ ഒരു സൃഷ്ടിയാണ്, സ്വാഭാവിക മാതാവായ ഹവ്വായെപ്പോലെ, മറിയം അതിസ്വാഭാവിക മാതാവാണ്, രണ്ടാമത്തെ ഹവ്വയാണ്, ജീവന്റെ പഴം നൽകിയ അമ്മയാണ്, മുള്ളുകളുടെ ഇടയിലെ ലില്ലിയാണ്, സൂര്യനാണ്, ചന്ദ്രനാണ്, ആദത്തെ നിർമ്മിക്കുവാനുപയോഗിച്ച മണ്ണുപോലെ മിശിഹായുടെ ശരീരത്തെ നിർമ്മിക്കുവാൻ ഉപയോഗിച്ച നിർമ്മല ഭൂമിയാണ്—ഇത്യാദി പ്രശംസകളെല്ലാം വാസ്തവമാകണമെങ്കിൽ കന്യകാമറിയം തന്റെ ജീവിതത്തിന്റെ പ്രഥമനിമിഷംമുതൽതന്നെ ഉത്ഭവപാപരഹിതയായിരിക്കണമല്ലോ.

ഏറെക്കുറെ വ്യക്തമായ സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ ധാരാളമുണ്ടു്. വി. ആഗുസ്തീനോസു പറയുന്നു: "ദൈവത്തോടുള്ള ബഹുമാനത്തെ ഓർത്തുകൊണ്ടു പാപത്തെപ്പററി പ്രതിപാദിക്കുമ്പോൾ ദൈവമാതാവിനെ ഒരുവിധത്തിലും ഉൾപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല." വി. ആഗുസ്തീനോസിന്റെ ഉത്ഭവപാപത്തെപ്പററിയുള്ള പൊതുവായ പ്രതിപാദനങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു ജൂലിയൻ ആഗുസ്തീനോസിനോടു പറഞ്ഞു "താങ്കൾ കന്യകാമറിയത്തെ പിശാചന്റെ അടിമയാക്കുന്നു"വെന്നു്. വി. ആഗുസ്തീനോസു മറുപടി പറഞ്ഞതു് ജനനാവസ്ഥയിൽപ്പോലും ഞാൻ മറിയത്തെ പിശാചനു നല്കുന്നില്ലെന്നാണ്.

വി. എഫ്രേമിന്റെ ഒരു സാക്ഷ്യം എത്രയും സ്പഷ്ടമാണെന്നു തോന്നുന്നു: "സർവ്വപ്രകാരേണയും സുന്ദരരായി, കർത്താവേ, അങ്ങും അങ്ങയുടെ അമ്മയും മാത്രമേയുള്ളു. കർത്താവേ, അങ്ങയിൽ ഒരു മാലിന്യവുമില്ല; അങ്ങയുടെ അമ്മയിലും ഒരു കറയുമില്ല. എന്റെ മക്കൾ ഈ രണ്ടു സൗന്ദര്യത്തോടു് ഒരുവിധത്തിലും തുല്യരല്ല."

വേദപുസ്തകത്തിന്റെയും പാരമ്പര്യത്തിന്റെയും ഏകാപിച്ചുള്ള സാക്ഷ്യം അചിരേണ ചിന്താശീലന്മാർ കണ്ടുതുടങ്ങി. അന്നാ അമ്മയുടെ ഗർഭധാരണം ഒരു തിരുനാളായി പൗരസ്ത്യർ ഏഴാം ശതാബ്ദം മുതൽ ആഘോഷിച്ചു തുടങ്ങിയതായി ചരിത്രത്തിൽ കാണാം. ഉത്ഭവപാപത്തോടുകൂടിയ ഒരു ശിശുവിന്റെ സൃഷ്ടിയെ തിരുനാളായി കൊണ്ടാടുമെന്നു ഊഹിക്കുവാൻ നിവൃത്തിയില്ലല്ലോ. ഒമ്പതാം ശതാബ്ദംമുതൽ അയർലന്റു് തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലും മേല്പറഞ്ഞ തിരുനാൾ കൊണ്ടാടുവാൻ തുടങ്ങി. 1066-ൽ നോർമൻകാർ ഇംഗ്ലണ്ടു് ആക്രമിച്ചപ്പോൾ അവിടെ ഈ തിരുനാൾ ആഘോഷിച്ചിരുന്നതായി ചരിത്രത്തിൽ നാം വായിക്കുന്നു.

തിരുസഭയുടെ ഔദ്യോഗികരേഖകളും അമലോത്ഭവത്തിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. പതിമൂന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന എട്ടാം ബോനിഫസ് മാപ്പാപ്പാ അനാങ്ങിയിൽ അമലോത്ഭവത്തിരുനാൾ ആഘോഷിക്കണമെന്നു കല്പിക്കുകയുണ്ടായി 14-ാം ശതാബ്ദത്തിൽ അവിഞ്ഞോണിൽ താമസിച്ചിരുന്ന മാപ്പാപ്പാമാർ ഈ തിരുനാൾ സ്വന്തം ഭവനത്തിലുംകൂടെ ആഘോഷിച്ചിരുന്നു. ബാസിലിലെ ശീശ്മസൂനഹദോസിൽ അമലോത്ഭവം ഒരു വിശ്വാസസത്യമായി കരുതണമെന്നാണു ശ്ശുക്കാര നിശ്ചയിച്ചതു്. 1433-ൽ അമലോത്ഭവത്തിരുനാളിനുള്ള കുർബാനയും നമസ്കാരവും നാലാം സിക്സ്റ്റസ്സു മാപ്പാപ്പാ അംഗീകരിച്ചു. 1489-ൽ അമലോത്ഭവമാതാവിന്റെ ബഹുമാനാർത്ഥം സ്ഥാപിച്ച സന്യാസിനീസമൂഹത്തിനു് എട്ടാം ഇന്നസന്റു മാപ്പാപ്പാ അംഗീകാരം നൽകി. അമലോത്ഭവസത്യംസ്വീകരിക്കുന്നവരെ ഇടത്തൂട്ടുകാരെന്നു വിളിച്ചുകൂടെന്നു സിക്സ്റ്റസ്സു ചതുർത്ഥനും അലക്സാണ്ടർ ഷഷ്ഠനും ആജ്ഞാപിച്ചു. ത്രെന്തോസു സൂനഹദോസു് ഉത്ഭവപാപത്തിന്റെ സാർവ്വത്രികതയെ നിശ്ചയിച്ചപ്പോൾ പരിശുദ്ധ കന്യകാമറിയത്തെ ഒഴിവാക്കി. ഉത്ഭവപാപം നിമിത്തമാണ് കന്യകാമറിയം മരിച്ചതെന്നു് അഭിപ്രായപ്പെട്ട ബായൂസിനെ അഞ്ചാം പീയൂസു മാപ്പാപ്പാ മുടക്കി. 1616-ൽ അഞ്ചാം പൗലോസു മാപ്പാപ്പാ നിശ്ചയിച്ചു മേലിൽ അമലോത്ഭവത്തിനെതിരായി യാതൊന്നും സെമിനരികളിലും വിദ്യാലയങ്ങളിലും പഠിപ്പിച്ചുകൂടെന്നു്. 1661-ൽ


നാളെയ്ക്കുവേണ്ടി കഴിയുന്നതു സമ്പാദിക്കുവാൻ ഇന്നു പരിശ്രമിക്കുക.

എന്നാൽ ധനം നിക്ഷേപിക്കുന്നതു ആവശ്യം വരുമ്പോൾ മടക്കി കിട്ടുമെന്നു ഉറപ്പുള്ള സ്ഥലത്തായിരിക്കണമെന്നു ഓർമ്മിക്കുക.

ദി ഈസ്റ്റേൺ
മെർക്കൻറയിൽ ബാങ്ക് ക്ലിപ്തം
H. O. ചങ്ങനാശേരി

ബ്രാഞ്ചുകൾ:—ആലുവാ, ചങ്ങനാശേരി, കോതമംഗലം, കോട്ടയം, മൂവാററുപുഴ, നെടുംകുന്നം, പൊൻകുന്നം, തിരുവല്ല, തൃശൂർ, ഉഴവൂർ.

പി. എം. ദേവസ്യാ
സെക്രട്ടറി

വി. എം. കുര്യൻ
ജനറൽ മാനേജർ

വിമർശനവീഥി

# മാതാവിനോടുള്ള ഭക്തിയെ പ്രൊട്ടസ്റ്റൻറമതം എതിർക്കുന്നതെന്തുകൊണ്ടു്?

ലെക്കി (Lecky) എന്ന യുക്തിവാദി യൂറോപ്യൻ നാഗരികത (European Civilisation) എന്ന തൻെറ ഗ്രന്ഥത്തിൽ ദേവമാതാവായ പരി: കന്യകമറിയത്തെപ്പററി രേഖപ്പെടുത്തിയിട്ടുള്ളതിങ്ങനെയാണു്:—

### മാതാവിൻെറ സ്വാധീനശക്തി

“ലോകം അതിൻെറ ആദശ്ശങ്ങളാലാണു് ഭരിക്കപ്പെടുന്നതു്. എന്നാൽ കന്യകമറിയത്തെപ്പററിയുള്ള ധാരണയെക്കാൾ കൂടുതൽ ആഴവും മിക്കവാറും രക്ഷാകരവുമായ സ്വാധീനശക്തി ചെലുത്തിയിട്ടുള്ള ഒരാദശ്ശം അപൂർവ്വമായിട്ടേ ഉണ്ടായിട്ടുള്ളൂ, അഥവാ ഒരിക്കലും ഉണ്ടായിട്ടില്ല. യൂറോപ്പിൽ ഉത്തമമായതു സമസ്തവും ഈ ആദശ്ശത്തിനു ചുററും പററിക്കൂടിയതാണു്; നമ്മുടെ നാഗരികതയിലെ ഏററവും നിർമ്മലമായ അനേകം ഘടകങ്ങളുടെ ഉല്പത്തിസ്ഥാനവും അതുതന്നെയാണു്.” മാതാവിനെ ഒരാദശ്ശമായി ലെക്കി ചിത്രീകരിക്കുന്നതു് എത്രയും ശരിയായിരിക്കുന്നു. ദൈവദൃഷ്ടിയിൽ പരിപൂർണ്ണയായ സ്ത്രീ, മനുഷ്യമക്കൾ എല്ലാവരിലുംവച്ചു് അത്യുത്തമമായ സൃഷ്ടി, എന്ന നിലയിൽ അവിടുന്നു് ഒരാദശ്ശം തന്നെയാണു്. അവിടുന്നു സകലപുരുഷാന്തരങ്ങളിലേയും ക്രിസ്ത്യാനികൾക്കു നിരന്തരം ഉത്തേജനം നല്കിക്കൊണ്ടിരുന്നു. മറിയത്തെപ്പററി നമ്മുടെ വിശ്വാസം നമ്മെ പഠിപ്പിക്കുന്നതിൽനിന്നു നമുക്കറിയാം, സ്ത്രീവർഗ്ഗത്തിനു മുഴുവൻ, അവരുടെ സകലനിലയിലും പദവിയിലും, അവിടുന്നു മാതൃകയായിരുന്നെന്നു്. കന്യകകൾക്കു യോജിച്ച ചാരിത്രശുദ്ധിക്കും മാതാക്കൾക്കുചേർന്ന ഗുണലക്ഷണങ്ങൾക്കും അവിടുന്നു് ഉത്തമമാതൃകയായിരുന്നു. ക്രൈസ്തവലോകത്തിൽ ആകമാനം സ്ത്രീവർഗ്ഗത്തിൻെറ സമുദ്ധാരണത്തിൽ അവിടുന്നു പ്രയോഗിച്ച സ്വാധീനശക്തി ഒരിക്കലും അതിവർണ്ണനം ചെയ്യാവുന്നതല്ല. ക്രൈസ്തവലോകത്തിനു വെളിയിൽ മിക്കവാറും എല്ലായിടത്തും താണപടിയിൽ സ്ഥിതിചെയ്തിരുന്ന സ്ത്രീവർഗ്ഗം മറിയത്തിൻെറ സ്വാധീനശക്തിയാൽ ഉയർച്ച പ്രാപിച്ചു. ഒരു സ്ത്രീയുടെ പരമാധികാരത്തിനു വിധേയരായി സന്യാസജീവിതം നയിക്കുവാൻ അഭിമാനക്കുറവുകൂടാതെ പുരുഷന്മാർ സന്നദ്ധരാകത്തക്കവിധം അത്രവളരെ ഉയർച്ചയെയാണു് മറിയത്തിൻെറ സ്വാധീനശക്തിയാൽ സ്ത്രീവർഗ്ഗം പ്രാപിച്ചതു്. ഇതിനു പല ദൃഷ്ടാന്തങ്ങളുമുണ്ടു്. കർമ്മലീത്താസഭ അതിലൊന്നാണു്. വലിയ ത്രേസ്യാപുണ്യവതിയെ “അമ്മത്രേസ്യാ” എന്നു് ആ സഭയിൽ കന്യാസ്ത്രീകൾ മാത്രമല്ല, സന്യാസികളും ഭക്ത്യാദരങ്ങളോടുകൂടി, സംബോധനചെയ്യുന്നുണ്ടല്ലോ.

ക്രൈസ്തവലോകത്തിൽ ഇത്ര സമുന്നതമായ പദവിയിൽ എത്തിയിരുന്ന മറിയത്തിൽനിന്നു ഭക്തജനങ്ങളെ വേർപെടുത്തുവാൻ പ്രൊട്ടസ്റ്റൻറു് മതവിപ്ലവത്തിനു് എങ്ങനെ സാധിച്ചുവെന്നു മനസ്സിലാക്കാൻ വളരെ വിഷമം. അക്കാലംവരെ ക്രൈസ്തവലോകത്തിൽ നിലനിന്നിരുന്ന പരമ്പരാഗതമായ ഭക്താചാരങ്ങൾക്കും പ്രാത്ഥനമുറകൾക്കും എതിരായ സിദ്ധാന്തം പ്രൊട്ടസ്റ്റൻറു മതവിപ്ലവത്തിൽ അടങ്ങിയിരുന്നുവെന്നുള്ളതു ശരിതന്നെ. എന്നുവരികിലും തങ്ങളുടെ ജീവിതത്തിൽ മറിയത്തിനു വളരെയധികം സ്ഥാനം നല്കിക്കൊണ്ടിരുന്ന ജനങ്ങൾ അവിടുത്തോടു് അലക്ഷ്യതയും ഒടുവിൽ ശത്രുതയും ഉള്ളവരായി പരിണമിച്ചതെങ്ങനെയെന്നു ഗ്രഹിക്കുക എളുപ്പമല്ല. ഒരു ശ്രേഷ്ഠവനിതയോടു്, ആരും മര്യാദകേടായി പെരുമാറുകയില്ലല്ലോ. ഇംഗ്ലണ്ടിലെ ജനങ്ങൾ മറിയത്തെ “നമ്മുടെ ശ്രേഷ്ഠവനിത” (നമ്മുടെ നാഥ—Our Lady) എന്ന മനോഹരനാമത്താലാണു് വിളിച്ചിരുന്നതു്. എന്നിട്ടും അവിടുത്തെ വന്ദനീയപ്രതിമകളെ കത്തിച്ചുകളയുന്നതിനും, അവിടുത്തെ പുണ്യതീത്ഥങ്ങളെ അശുദ്ധങ്ങളാക്കുന്നതിനും, അവിടുത്തെ നാമം ശ്രവിക്കുന്നതു ദുസ്സഹമാക്കിത്തീക്കുന്നതിനും അവർ അനുമതി നല്കുകയുണ്ടായി. ഇംഗ്ലണ്ടു് പ്രാചീനകാലംമുതൽ അഭിമാനപൂർവ്വം സ്വീകരിച്ചിരുന്ന സ്ഥാനപ്പേർ “മറിയത്തിൻെറ സ്ത്രീധനം” (Dowry of Mary) എന്നായിരുന്നു. വധുവിനായി നല്കപ്പെട്ട രാജ്യം വധുവിനെത്തന്നെ നിരാകരിക്കുവാൻ കാരണമെന്തു്?

### മരിയൻഭക്തിയെ എതിർക്കുന്നതെന്തുകൊണ്ടു്?

ചില്ലറ കാരണങ്ങൾ ചിലതു ചൂണ്ടിക്കാണിക്കുവാനുണ്ടു്. അതെല്ലാം തല്ക്കാലം വിട്ടുകൊണ്ടു് സർവ്വപ്രധാനമായ കാരണം ചൂണ്ടിക്കാണിക്കാം. മനുഷ്യാവതാരത്തിൻെറ ശരിയായ സ്വഭാവം പ്രൊട്ടസ്റ്റൻറുകാർ മനസ്സിലാക്കാത്തതിൻെറ ദോഷഫലത്തെയാണു് അവരുടെ എതിർപ്പു് ദൃഷ്ടാന്തീകരിക്കുന്നതു്. ദൈവം മറിയംവഴിയായി മനുഷ്യനായതും മനുഷ്യരുടെയിടയിൽ ജീവിച്ചതും മനുഷ്യകുടുംബത്തിലെ യഥാർത്ഥാംഗമായതും മനുഷ്യരെ അവഗണിക്കുവാനോ അകററിനിത്തുവാനോ വേണ്ടിയല്ല. ക്രിസ്തു യഥാർത്ഥത്തിലും വാച്യാർത്ഥത്തിലും മനുഷ്യനാണെന്നു പ്രൊട്ടസ്റ്റൻറുകാർ വിശ്വസിക്കുന്നുണ്ടെങ്കിൽ, മനുഷ്യസമ്പ്രദായങ്ങൾക്കു സഹജവും അവയിൽ ഉൽകൃഷ്ടവുമായതെല്ലാം അവിടുന്നു് അംഗീകരിച്ചിട്ടുണ്ടെന്നു് അവർ സമ്മതിക്കണം. മനുഷ്യർതമ്മിലുള്ള സഹകരണം, സർവ്വോപരി, അത്തരത്തിലുള്ള സമ്പ്രദായമാകുന്നു. പുണ്യവാന്മാരുടെ മാദ്ധ്യസ്ഥം പ്രസ്തുത സഹകരണത്തിൻെറ അത്യുൽകൃഷ്ടമായ രൂപമാണല്ലോ. ആകയാൽ ആ തത്വം പ്രൊട്ടസ്റ്റൻറുകാർ നിഷേധിക്കുന്നതിൽ യുക്തിയില്ലതന്നെ. എന്നാൽ ഇഹത്തിൽ ജീവിക്കുന്നവരുടെയിടയിലുള്ള മദ്ധ്യസ്ഥപ്രാത്ഥന അവർ അംഗീകരിക്കുന്നുമുണ്ടു്. അവരുടെ ഈ നില കൂടുതൽ യുക്തിഹീനമാണു്. ജീവിക്കുന്നവക്കുവേണ്ടി ജീവിക്കുന്നവക്കു പ്രാത്ഥിക്കാമെങ്കിൽ, മരിച്ചവക്കു് അതെന്തുകൊണ്ടു് ചെയ്തുകൂടാ? മരണാനന്തരജീവിതം ഒരു യാഥാത്ഥ്യമാണെങ്കിൽ, മരണത്തിനുമുൻപു് മനുഷ്യമക്കൾക്കുണ്ടായിരുന്ന മനോഹരങ്ങളും ഉൽകൃഷ്ടങ്ങളുമായ വികാരങ്ങൾ മരണാനന്തരവും അവരിൽ നിലനില്ക്കുമെന്നു് സമ്മതിക്കുവാൻ ന്യായമില്ലയോ? ഇഹത്തിൽ ജീവിച്ചിരുന്നപ്പോൾ സ്വസഹോദരന്മാരോടു തങ്ങളെ ബന്ധിക്കുകയും, അവക്കുവേണ്ടി പ്രവത്തിക്കുവാനും പ്രാത്ഥിക്കുവാനും തങ്ങളെ പ്രേരിപ്പിക്കുകയുംചെയ്ത സ്നേഹം മരണാനന്തരം മനുഷ്യമക്കളെ വിട്ടുപിരിഞ്ഞെന്നാണോ വിചാരിക്കേണ്ടതു്? എന്തിനു്! ഭൂമിയിലുള്ള തൻെറ സഹോദരന്മാരുടെ രക്ഷയ്ക്കുവേണ്ടി, മരണമടഞ്ഞു “നരകം” പ്രാപിച്ച ധനവാൻ പ്രാത്ഥിക്കുന്ന രംഗം നമ്മുടെ കത്താവുതന്നെ ചിത്രീകരിച്ചു കാണിച്ചിട്ടില്ലയോ? നരകവാസികൾക്കു് ഇങ്ങനെ പ്രാത്ഥിക്കുവാൻ കഴിയുമെങ്കിൽ സ്വർഗ്ഗവാസികൾക്കു് അതെന്തുകൊണ്ടു ചെയ്തുകൂടാ? ഈ ന്യായങ്ങളെല്ലാമുണ്ടെങ്കിലും മനുഷ്യാവതാരത്തിൻെറ ശരിയായ സ്വഭാവം, മനുഷ്യനായ ദൈവപുത്രൻ മനുഷ്യത്വത്തിനു സഹജവും അതിൽ ഉൽകൃഷ്ടവുമായ സമസ്തവും ആശ്ലേഷിച്ചിട്ടുണ്ടെന്നുള്ള വസ്തുത, വേണ്ടവിധം ഗ്രഹിക്കാത്ത പ്രൊട്ടസ്റ്റൻറുകാക്കു പുണ്യവാന്മാരുടെ, അതിലും പ്രത്യേകിച്ചു മാതാവിൻെറ മാദ്ധ്യസ്ഥം മനസ്സിലാക്കുവാൻ സാദ്ധ്യമല്ല.

### പ്രമാദാത്മകമായ മനോഭാവം

പ്രമാദാത്മകമായ ഈ മനോഭാവത്തോടുകൂടിയാണു് പ്രൊട്ടസ്റ്റൻറുകാർ സുവിശേഷഗ്രന്ഥം വായിക്കുന്നതു്. പ്രസ്തുത മനോഭാവത്തെ സ്ഥിരീകരിക്കുന്ന വല്ലതുമുണ്ടോയെന്നാണു് ആ ഗ്രന്ഥത്തിൻെറ പാരായണത്തിൽ അവരുടെ നോട്ടം. ഈശോയ്ക്കു തൻെറ മാതാവിനോടു സ്നേഹാദരങ്ങൾ ഇല്ലെന്നു ദ്യോതിപ്പിക്കുന്ന രംഗങ്ങൾ അവർ തിരഞ്ഞുപിടിക്കുന്നു. കിട്ടിയ അവസരങ്ങളിൽ എല്ലാംതന്നെ ഈശോ തൻെറ മാതാവിനെ അവഗണിക്കുകയും കുറപ്പെടുത്തുകയുമല്ലയോ ചെയ്തതെന്നും, അതിനെതിരായ അബദ്ധങ്ങളിലല്ലയോ “പാപ്പാമതക്കാർ” ചെന്നുചാടുന്നതെന്നും അവർ ചോദിക്കുന്നു. “എൻെറ പിതാവിൻെറ കാര്യങ്ങളിൽ ഞാൻ ഏപ്പെടേണ്ടവനാണെന്നു നിങ്ങൾ അറിഞ്ഞില്ലയോ” എന്ന ശാസനാവാക്യമല്ലയോ ഈശോ പന്ത്രണ്ടാമത്തെ വയസ്സിൽ ദേവാലയത്തിൽവച്ചു തൻെറ മാതാവിനോടുച്ചരിച്ചതു്? ഗ്ലീലായിലെ കാനായിൽവച്ചു് അവിടുന്നു തൻെറ മാതാവിനെ “സ്ത്രീയേ” എന്നു വിളിക്കുകയും, “എനിക്കും നിനക്കും എന്തു്, എൻെറ സമയം ഇനിയും വന്നിട്ടില്ല” എന്നു് ശാസനാരൂപത്തിൽ പ്രസ്താവിക്കുകയും ചെയ്തില്ലേ? തൻെറ മാതാവു തന്നെ കാണാൻവന്നിരിക്കുന്നുവെന്നു് അറിവുകിട്ടിയപ്പോൾ അവിടുന്നു ജനക്കൂട്ടത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് “എൻെറ മാതാവും എൻെറ സഹോദരന്മാരും” എന്നരുളിച്ചെയ്തില്ലേ? ഈശോയുടെ നേക്കുള്ള ഭക്ത്യാദരങ്ങളാൽ പ്രേരിതയായി ജനക്കൂട്ടത്തിൽ നിന്നിരുന്ന ഒരു സ്ത്രീ, സാക്ഷാൽ സ്ത്രീസഹജമായ മനോഹരവികാരത്തോടുകൂടി, അവിടുത്തെ മാതാവിനെ അനുഗൃഹീതയെന്നു പ്രകീത്തിച്ചപ്പോൾ ‘ദൈവത്തിൻെറ വാക്കു ശ്രവിക്കുകയും പാലിക്കുകയും ചെയ്യുന്നവരാണു് അനുഗൃഹീതർ” എന്നവിടുന്നു പ്രതിവചിച്ചില്ലയോ? ഈ രംഗങ്ങളേയും വാക്യങ്ങളേയും ഈശോയ്ക്കു തൻെറ മാതാവിനോടുള്ള അനാദരവായി വ്യാഖ്യാനിക്കുവാൻ പ്രൊട്ടസ്റ്റൻറുകാരെ പ്രേരിപ്പിക്കുന്ന മനോഭാവം മനുഷ്യനായ ദൈവപുത്രനെപ്പററി അവക്കുണ്ടെന്നു മുകളിൽ പറഞ്ഞ പ്രമാദത്തിൻെറ ഫലം മാത്രമാണു്.

### അത്യുത്തമപുത്രനും അത്യുത്തമമാതാവും

ക്രിസ്തു യഥാർത്ഥമായ, പരിപൂർണ്ണമായ, മനുഷ്യസ്വഭാവമുള്ളവനാണെന്നും, ഏററവും ഉൽകൃഷ്ടവും സ്നേഹസമ്പൂർണ്ണവുമായ വികാരങ്ങളോടുകൂടിയ മനുഷ്യനാണെന്നും അനുസ്മരിച്ചാൽ മതി, സദുദ്ദേശത്തോടുകൂടി തന്നെ സമീപിക്കുന്ന തൻെറ മാതാവിനെ പരസ്യമായി അനാദരിക്കുവാനും ശാസിക്കുവാനും അവിടുത്തേക്കു സാദ്ധ്യമല്ലെന്നു വ്യക്തമാകുവാൻ. മേലുദ്ധരിച്ച രംഗങ്ങളോരോന്നിലും മാതാവു തൻെറ പുത്രനെ സമീപിച്ചതു സമുചിതവും അഭിനന്ദനീയവുമായ ഉദ്ദേശങ്ങളോടുകൂടിയല്ലെന്നുള്ളതിനു യാതൊരു സൂചനപോലുമില്ല. തൻെറ പുത്രനെ തേടി മാതാവു ദേവാലയത്തിൽ ചെന്നിരുന്നില്ലെങ്കിൽ, അതൊരു വലിയ കൃത്യവിലോപമായിരുന്നേനെ. മാതാവു തൻെറ പുത്രനോടു പറഞ്ഞ വാക്കുകൾ പുത്രൻെറ പ്രവൃത്തിയുടെ ആന്തരമറിയുവാനുള്ള മാതൃസഹജമായ ഉൽക്കണ്ഠയുടെ സമുചിതപ്രകാശനം മാത്രമായിരുന്നു. “മകനേ, നീ എന്തിനു ഞങ്ങളോടിങ്ങനെ ചെയ്തു? നിൻെറ പിതാവും ഞാനും ദുഃഖത്തോടുകൂടി

---

ഏഴാം അലക്സാണ്ടർ മാർപ്പാപ്പാ പറഞ്ഞിരിക്കുന്നു: “എല്ലാ കത്തോലിക്കരും ദൈവമാതാവിൻെറ അമലോത്ഭവം സത്യമായി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടു്.”

അസ്പഷ്ടനിലയിൽനിന്നു അമലോത്ഭവസത്യം പ്രസ്പഷ്ടനിലയിൽ എത്തിയതു് സ്കോട്ടു് എന്ന ഫ്രാൻസിസ്കൻ ദൈവശാസ്ത്രജ്ഞൻെറ യുക്തിവാദത്താലാണു്. അദ്ദേഹം വാദിച്ചതു് ഇപ്രകാരമാണു്: ദൈവമാതാവു് അമലോത്ഭവയാകുവാൻ അർഹയാണു്. ദൈവത്തിനു് കന്യകാമറിയത്തെ അമലോത്ഭവയാക്കുവാൻ കഴിവുണ്ടു്. ആകയാൽ അർഹിക്കുന്നതു കൊടുക്കുന്ന ദൈവം കന്യകാമറിയത്തെ അമലോത്ഭവയായി സൃഷ്ടിച്ചു. ദൈവമാതൃസ്ഥാനത്തിൻെറ മാഹാത്മ്യത്തിൽനിന്നു് ഒന്നാമത്തെ പ്രസ്താവനയും സ്വബുദ്ധികൊണ്ടു രണ്ടാമത്തെ പ്രസ്താവനയും തെളിയിക്കാവുന്നതാണു്.

ഇങ്ങനെ സർവ്വരും സമാശ്ലേഷിച്ചുവന്ന ദൈവമാതാവിൻെറ അമലോത്ഭവം സമയത്തിൻെറ പൂർണ്ണതയിൽ 1854 ഡിസമ്പർ 8-ാംനു ഒമ്പതാംപീയൂസ് മാർപ്പാപ്പാ ഇൻഎഫാബിലിസ് ദേവൂസ് (INEFFABILIS DEUS) എന്ന തിരുവെഴുത്തുവഴി സ്വാധികാരം ഉപയോഗിച്ചു ഇപ്രകാരം നിർവ്വചിച്ചു: “മനുഷ്യവർഗ്ഗത്തിൻെറ രക്ഷകനായ ഈശോമിശിഹായുടെ യോഗ്യതകളെ നോക്കി സർവ്വശക്തനായ സർവ്വേശ്വരൻെറ പ്രത്യേകകൃപയാലും അനുഗ്രഹത്താലും എത്രയും ഭാഗ്യപ്പെട്ട കന്യകാമറിയം തൻെറ ഉത്ഭവത്തിൻെറ പ്രഥമനിമിഷം മുതൽ തന്നേ ഉത്ഭവപാപത്തിൻെറ കറയിൽനിന്നു പൂർണ്ണമായി ഒഴിവാക്കി സംരക്ഷിക്കപ്പെട്ടുവെന്നുള്ള സത്യം ദൈവം വെളിപ്പെടുത്തിയതാണെന്നും അതിനാൽ എല്ലാ വിശ്വാസികളും ഉറപ്പായും സ്ഥിരമായും വിശ്വസിക്കേണ്ടതാണെന്നും നാം നിർവ്വചിക്കുകയും പ്രസ്താവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു.”

സ്വർണ്ണപണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക്
ബാങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലണ്ട്

ക്രമമായി പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനം
ഓറിയൻറ് സെൻട്രൽ ബാങ്ക് ക്ലിപ്തം
ഹെഡാഫീസ് — കോട്ടയം
പുരോഗമനവിവരണം

| ആണ്ടു് | നിക്ഷിപ്ത മൂലധനവും കരുതൽ മൂലധനവും | നിക്ഷേപങ്ങൾ | ആകെ പ്രവർത്തക മൂലധനം | ഷെയറിനു കൊടുത്ത ആദായവീതം |
|---|---|---|---|---|
| 1945 ഡിസമ്പർ | 136410 | 1007884 | 1156996 | 2½ ശതമാനം |
| 1946 ” | 170190 | 1908826 | 2219103 | 4 ” |
| 1947 ” | 244900 | 2463443 | 2923000 | 4 ” |
| 1948 ” | 271800 | 2779917 | 3393468 | 4 ” |
| 1949 ” | 304000 | 3641486 | 4143000 | 4 ” |
| 1950 ജൂൺ | 313470 | 5425000 | 5910800 | — |

നിന്നെ അന്വേഷിക്കുകയായിരുന്നു." ഒരു യഥാൎത്ഥ, സ്നേഹാർദ്രതയുള്ള, മാതാവിനു് ഇത്രയും പറയാതെ, അഥവാ ഇത്ര സമുചിതപദങ്ങൾ ഉപയോഗിക്കാതെ, അടങ്ങുവാൻ കഴിയുമായിരുന്നോ? അതിനു നമ്മുടെ കർത്താവിന്റെ മറുപടി, സ്നേഹാർദ്രമായ ഒരു ഹൃദയം മറെറാരു ഹൃദയത്തിനു നൽകുന്ന മറുപടി, അവിടുന്നു നൽകിയതിനെക്കാൾ ഹൃദയാവർജ്ജകമായ രൂപത്തിൽ നിർദ്ധാരണം ചെയ്യാൻ സാദ്ധ്യമാണോ? "നിങ്ങൾ അറിഞ്ഞില്ലയോ......?" ഗ്രന്ഥത്തിൽ പതിയുന്നവാക്കുകൾ നിർജ്ജീവങ്ങളും, ഹൃദയത്തിൽനിന്നു് അധരങ്ങളിൽക്കൂടി പ്രവഹിക്കുന്ന വാക്കുകൾ സജീവങ്ങളുമാണല്ലോ. സംസാരം വാക്കുകൾക്കുള്ളിൽ തിക്കിക്കൊള്ളിക്കുന്ന സ്നേഹാദരങ്ങളുടെ ധ്വനികളൊന്നും എഴുതപ്പെടുന്ന വാക്കുകളിൽ കാണുകയില്ല. എന്നാൽ സഹാനുഭൂതിയോടുകൂടി ആ വാക്കുകൾ വായിക്കുന്നവനറിയാം, അവയിലടങ്ങിയിരുന്ന ധ്വനികളെന്തെല്ലാമായിരുന്നെന്നു്. ഈ സഹാനുഭൂതിയുടെ അഭാവമാണു് പ്രോട്ടസ്റ്റൻറുവായനക്കാരനെ വഴി തെററിക്കുന്നതു്.

ഇനി കാനായിലെ രംഗമെടുക്കുക. "സ്ത്രീയേ" എന്ന സംബോധന ഭക്ത്യാദരങ്ങൾ ദ്യോതിപ്പിക്കുന്നതാണു്; "എനിക്കും നിനക്കും എന്തു്?" എന്ന പ്രയോഗത്തിന്റെ അർത്ഥം സാഹചര്യങ്ങളിൽനിന്നും വക്താവിന്റെ സ്വരത്തിലടങ്ങിയ ധ്വനികളിൽനിന്നുമാണു് നിർണ്ണയിക്കേണ്ടതു്. ഈ വസ്തുതകൾ മനസ്സിലാക്കുന്നവനേ മനുഷ്യപ്രകൃതിക്കു് അനുയോജ്യമായ സമസ്തവും ഉൾക്കൊള്ളുന്ന വ്യാഖ്യാനമന്വേഷിക്കുവാനു സ്വാഭാവികമായിട്ടെന്നോണം പ്രേരിതനാവുകയുള്ളൂ. മനുഷ്യരിൽ അധമന്മാർപോലും തങ്ങളുടെ അമ്മമാരെ പരസ്യമായി അവഹേളിക്കുവാൻ വൈമനസ്യമുള്ളവരാണല്ലോ; പ്രത്യേകിച്ചും വിവാഹം തുടങ്ങിയുള്ള സൗഭാഗ്യകരങ്ങളായ ആഘോഷാവസരങ്ങളിൽ, ശാസനത്തിനു വല്ലകാരണവും ഉണ്ടായിരുന്നാൽതന്നെയും ആരും അതിനു മുതിരുകയില്ല. അങ്ങനെയെങ്കിൽ, അത്യുത്തമനായ പുത്രൻ അത്യുത്തമയായ മാതാവിനോടു് അനാദരമായി പെരുമാറിയെന്നു് ആർക്കു പ്രതീക്ഷിക്കുവാൻ കഴിയും? ക്രിസ്തു അത്യുത്തമനായ പുത്രനല്ലെന്നും മറിയം അത്യുത്തമയായ മാതാവല്ലെന്നും, മനുഷ്യാവതാരത്തിന്റെ ശരിയായ സ്വഭാവം ഗ്രഹിക്കാതെ, തെററായി ധരിച്ചിരിക്കുന്നവർക്കേ അതു സാധിക്കുകയുള്ളൂ. ശരിയായ ധാരണയുള്ളവൻ ക്രിസ്തുവിന്റെ ഓരോ വാക്കിലും, വാക്കിന്റെ അഭാവത്തിലും, സ്നേഹാദരങ്ങളുടെ പ്രകാശനം കാണാതിരിക്കയില്ല. കാനായിലെ ഈ രംഗം സൂക്ഷിക്കുക. വീഞ്ഞു തീർന്നുപോയി എന്ന വസ്തുത പുത്രനെ അറിയിക്കുക മാത്രമാണു് മാതാവു ചെയ്യുന്നതു്. വധൂവരന്മാരുടെ മനോവ്യഥയ്ക്കു നിവാരണമുണ്ടാക്കുവാൻ അത്ഭുതം പ്രവർത്തിക്കണമെന്നു് അവിടുന്നു പുത്രനോടാവശ്യപ്പെടുന്നില്ല. പുത്രൻ ആജ്ഞാപിക്കുന്നതുപോലെ ചെയ്യാൻ ഭൃത്യന്മാരോടു പറയുന്നുവെന്നു മാത്രം. തന്റെ പുത്രന്റെ നേരെ മാതാവിനുള്ള വിശ്വാസത്തിന്റെ പാരമ്യമല്ലയോ ഇവിടെ കാണുന്നതു്? അതിനനുരൂപമായ സ്നേഹാദരങ്ങൾ മാതാവിനോടു തനിക്കുണ്ടെന്നു കാണിച്ചു്, അത്ഭുതം ചെയ്യാനുള്ള കാലമായില്ലെങ്കിലും, പുത്രൻ അത്ഭുതം ചെയ്തുതന്നെ മാതൃഹിതം നിറവേററുകയാണുണ്ടായതു്.

ഇതുപോലെതന്നെ മറേറ രംഗത്തിലും. ഈശോ തന്റെ മാതാവിനെ അനുഗൃഹീതയെന്നു പ്രകീർത്തിച്ച സ്ത്രീയുടെ വാക്കുകളെ നിഷേധിച്ചെന്ന വ്യാഖ്യാനം സ്വീകരിക്കുന്നവർ അവിടുത്തേയും മാതാവിനേയും കുറിച്ചുള്ള തത്വങ്ങൾ ശരിയായി ഗ്രഹിച്ചിട്ടില്ലാത്തവരാണു്. തന്റെ മാതാവു് അനുഗൃഹീതയാണെന്നു ദൈവംതന്നെ ഗബ്രിയേൽ മാലാഖാവഴി പ്രഖ്യാപിച്ചിട്ടുള്ളതു്, ഈശോ നിഷേധിക്കുകയോ? തന്റെ മാതാവിന്റെ അനുഗൃഹീതത്വം ഈശോ വിലവയ്ക്കുന്നില്ലെന്നോ? ഈശോ ആരെന്നറിയുന്നവനു് പ്രസ്തുതാഭിപ്രായങ്ങൾ സ്വീകരിക്കാൻ സാദ്ധ്യമല്ല. മാതാവു് അനുഗൃഹീതയാകുവാൻ യഥാർത്ഥത്തിൽ കാരണമെന്തെന്നു് ഈശോ ഈ അവസരം വിനിയോഗിച്ചു ചൂണ്ടിക്കാണിക്കുകയാണു്. ആ കാരണമാകട്ടെ ദൈവത്തിന്റെ വാക്കു ശ്രവിക്കുകയും പാലിക്കുകയും ചെയ്തുവെന്നതത്രെ. തന്മൂലം തന്റെ മാതാവെന്നനിലയിൽ മാത്രമല്ല, അതിനെക്കാളധികം, ദൈവത്തിന്റെ വാക്കു ശ്രവിക്കുകയും പാലിക്കുകയും ചെയ്തവരിൽ അഗ്രഗണ്യ എന്നനിലയിൽ മാതാവു അനുഗൃഹീതയാണെന്നു് ഉറപ്പിച്ചു പറയുകയാണു് ഈശോ ചെയ്തതു്.

ആകയാൽ പ്രോട്ടസ്റ്റൻറുമതക്കാർക്കു മാതാവിന്റെ നേരെ ഭക്തിബഹുമാനങ്ങൾ ഇല്ലാതിരിക്കുന്നതിന്റേയും, അവർ കത്തോലിക്കരെ പ്രസ്തുതഭക്തിയുടെ വിഷയത്തിൽ ആക്ഷേപിക്കുന്നതിന്റേയും മൂലകാരണം, ക്രിസ്തുമതത്തിലെ മൗലികതത്വമായ മനുഷ്യാവതാരത്തെക്കുറിച്ചുള്ള അവരുടെ പ്രമാദങ്ങളാണു്. ഓക്സ്ഫോഡ് പ്രസ്ഥാനം (Oxford Movement) എന്നറിയപ്പെടുന്ന വേദശാസ്ത്ര പുനഃപരിശോധനാസംരംഭങ്ങളുടേയും മററും ഫലമായി പ്രസ്തുത പ്രമാദങ്ങൾ കുറേശ്ശെ മാറിവരികയാണു്. അതനുസരിച്ചു് മാതാവിനോടുള്ള നിലയ്ക്കും പ്രോട്ടസ്റ്റൻറുകാരുടെയിടയിൽ മാററം വന്നുകൊണ്ടിരിക്കുന്നു. കത്തോലിക്കാവിശ്വാസത്തിന്റെ മൗലികതത്വങ്ങളോടു പ്രോട്ടസ്റ്റൻറുകാർ കൂടുതൽ യോജിക്കുന്നതോടുകൂടി മാതാവിനോടുള്ള ഭക്തി അവർക്കു വീണ്ടും കൈവരുമെന്നു നമുക്കു പ്രതീക്ഷിക്കാം. അതിനായി പ്രാർത്ഥിക്കുകയും ചെയ്യാം.

# സകല നൽവരങ്ങളുടേയും മദ്ധ്യസ്ഥയായ മേരി

(വെരി റവ. ഡോക്ടർ പോൾ കാക്കശേരി പി എച്ച്. ഡി., ഡി. ഡി.)

അർ തമ്മിൽ മദ്ധ്യസ്ഥതവഹിക്കുന്നുവോ അവരെ പരസ്പരം രഞ്ജിപ്പിക്കുകയാണു മദ്ധ്യസ്ഥന്റെ കർത്തവ്യം. മാദ്ധ്യസ്ഥ്യം രണ്ടുതരമുണ്ടു്—സ്വന്തയോഗ്യതയും ശക്തിയും മൂലമുള്ള മദ്ധ്യസ്ഥത; ആശ്രിതഭാവത്തിൽനിന്നുളവാകുന്ന സ്വാധീനബലംകൊണ്ടുള്ള മദ്ധ്യസ്ഥത. ആദ്യത്തെ അർത്ഥത്തിൽ ദൈവസമക്ഷം ക്രിസ്തു ഏകൻമാത്രമേ നമുക്കു മദ്ധ്യസ്ഥനായിട്ടുള്ളൂ. ദൈവമാനുഷനെന്ന നിലയിൽ കുരിശുമരണംവഴി മനുഷ്യകുലത്തെ ഈശ്വരനുമായി രമ്യപ്പെടുത്തിയതു അവിടുന്നാണു്. വി. പൗലോസ് പറയുന്നതുപോലെ മനുഷ്യനായ ഈശോമിശിഹാ മാത്രമേയുള്ളൂ ദൈവത്തിന്റേയും മനുഷ്യരുടേയും ഇടയ്ക്കുള്ള മദ്ധ്യസ്ഥൻ. ആകയാൽ മേരിയുടെ മാദ്ധ്യസ്ഥശക്തി ആശ്രിതഭാവത്തിലുള്ള സ്വാധീനബലംകൊണ്ടു മാത്രമുള്ള ഒന്നാണെന്നു സിദ്ധിക്കുന്നു.

പ. കന്യകയുടെ അമലോത്ഭവത്തെ അദ്ധ്യവസാനം ചെയ്തുകൊണ്ടു 9-ാം പീയൂസ് മാർപ്പാപ്പാ പ്രസിദ്ധംചെയ്ത "ഇനെഫാബിലിസ്" എന്ന തിരുവെഴുത്തിൽ പ്രസ്താവിക്കുന്നു: "ഭാഗ്യപ്പെട്ട കന്യക തന്റെ ഏകകുമാരന്റെ സമക്ഷം സമസ്തലോകത്തിന്റേയും സർവ്വശക്തയായ മദ്ധ്യസ്ഥയും അനുരഞ്ജകയുമാണു്." വേദവാക്യങ്ങളിൽ നിന്നുതന്നെ ഇതു അനുമിക്കാവുന്നതത്രെ. ക്രിസ്തു തന്നെക്കുറിച്ചു പറയുന്നു: "ഞാൻ ജീവനും വഴിയും സത്യവുമാകുന്നു." പഴമൊഴികളിലാകട്ടെ ദിവ്യനാഥ ഇങ്ങനെ സ്വയം പ്രഖ്യാപിക്കുന്നതായി സങ്കല്പിക്കപ്പെട്ടിരിക്കുന്നു: "സകല ജീവന്റേയും സത്യത്തിന്റേയും പ്രസാദവരം എന്നിലാകുന്നു. എന്നിൽതന്നെയാണു ജീവന്റേയും സുകൃതത്തിന്റേയും സകല പ്രത്യാശയും." എന്നുവെച്ചാൽ, വഴിയും സത്യവും ജീവനുമായ ക്രിസ്തുവിന്റെ പക്കൽ എത്തിച്ചേരുവാനുള്ള പ്രസാദവരവും പ്രത്യാശയും മറിയം വഴിക്കാണു നമുക്കു വാഗ്ദാനംചെയ്യപ്പെട്ടിരിക്കുന്നതു. ക്രിസ്തുവിന്റെ സമക്ഷമുള്ള മദ്ധ്യസ്ഥ എന്നു പറഞ്ഞിട്ടുള്ളതു ആശ്രിതഭാവത്തിലുള്ള സ്വാധീനബലംകൊണ്ടുളവാകുന്ന മാദ്ധ്യസ്ഥശക്തിയെ സൂചിപ്പിക്കുവാൻ വേണ്ടിയാണു്. ഈ അർത്ഥത്തിൽ മേരിക്കുള്ള മാദ്ധ്യസ്ഥവൈഭവം മറെറല്ലാ പുണ്യാത്മാക്കളേയും ഊഹത്തെക്കവിയുംവിധം അതിശയിക്കുന്നതാണെന്നു അനുക്തസിദ്ധമാണല്ലോ.

വൈദികയുക്തികൾ പ്രസ്തുത പ്രമേയത്തെ ശക്തിയുക്തം സ്ഥാപിക്കയും സമർത്ഥിക്കയും ചെയ്യുന്നതായി കാണാം. ജന്മപാപകന്മഷംപോലും ഏശാതെ ഉത്ഭവിച്ചതിനാൽ ദൈവത്തിന്റെ പ്രീതിക്കും പ്രസാദത്തിനും പ. കന്യകയെപ്പോലെ പാത്രീഭവിച്ച ഒരൊററ വ്യക്തിപോലും മനുഷ്യകുലത്തിൽ കണ്ടെത്തപ്പെടുകയില്ല. മാത്രമല്ല, അധഃപതിച്ച മാനവസമുദായത്തെ സ്രഷ്ടാവുമായി രമ്യപ്പെടുത്തുന്നതിൽ ക്രിസ്തുവിനോടുകൂടി ഇത്ര ഗാഢമായി സഹകരിച്ചവരും മററാരുമില്ല.

മേരിയുടെ സർവ്വാതിശായിയായ മദ്ധ്യസ്ഥശക്തിയെ പ്രകീർത്തിക്കുന്ന പ്രസ്താവനകൾ സഭാപാരമ്പര്യത്തിൽ ഉടനീളം തെളിഞ്ഞുകാണാം. പൗരസ്ത്യസഭാപിതാക്കളിൽ അഗ്രഗണ്യനായ എഫ്രേം പറയുന്നു: "അങ്ങേ അതിമധുരസ്വഭാവനായ കുമാരനും, ഞങ്ങളുടെ ദൈവവുമായ ക്രിസ്തുവിനോടു ഞങ്ങൾ രമ്യപ്പെട്ടതു അങ്ങുന്നുവഴിക്കാണു്. കപ്പൽയാത്രക്കാരുടെ സുരക്ഷിതമായ തുറമുഖമാണങ്ങുന്നു്; ലോകത്തിന്റെ സമാശ്വാസവും അങ്ങുന്നുതന്നെ." വി. എപ്പിഫാനിയൂസു ചമല്ക്കാരപൂർവ്വം പ്രതിപാദിക്കുന്നു: "ഹാവ്വായിൽനിന്നാണു മനുഷ്യകുലമൊക്കെയുടേയും ആരംഭം. ജീവനുള്ളവനെ പ്രസവിക്കയും, അങ്ങനെ മറിയം ജീവനുള്ളവരുടെ മാതാവായിത്തീരുകയും ചെയ്യേണ്ടതിനായി സാക്ഷാൽ ജീവൻ ഭൂമിയിലേക്കാനയിക്കപ്പെട്ടതു കന്യകാമറിയം വഴിക്കാണു്." വി. ഇരനേവൂസ് ചോദിക്കുന്നു: "മനുഷ്യാവതാരരഹസ്യം മറിയത്തിന്റെ സമ്മതംകൂടാതെ നിർവ്വഹിക്കപ്പെടാതിരുന്നതു എന്തുകൊണ്ടാണു്?" അദ്ദേഹംതന്നെ പ്രത്യുത്തരിക്കുന്നു: "എന്തുകൊണ്ടെന്നാൽ അവിടുന്നു സകല കൃപാവരങ്ങളുടേയും ഉറവിടമായിരിക്കണമെന്നാണു ഈശ്വരനിശ്ചയം." വി. ബെർണ്ണാർദു പറയുന്നു: "അങ്ങേ സമ്പൂർണ്ണതയിൽനിന്നു സകലരും സ്വീകരിക്കുന്നതിനുവേണ്ടി, മറിയം എല്ലാവർക്കും വേണ്ടിയാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്: തടവുകാരനു സ്വാതന്ത്ര്യം; രോഗിക്കു ആരോഗ്യം; ദുഃഖിതനു ആശ്വാസം; പാപിക്കു പൊറുതി; നീതിമാനു പ്രസാദവരം; വാനാരൂപിക്കു ആനന്ദം; അവസാനമായി ത്രിത്വത്തിനു മഹത്വവും, ദൈവസുതനു മനുഷ്യസ്വഭാവവും: ഇങ്ങനെ ആരും അങ്ങേ പ്രഭാകിരണങ്ങളുടെ ചൂടേല്ക്കാതെ പോകുന്നില്ല."

പഴയനിയമത്തിലെ എസ്ത്തർ രാജ്ഞിയാണു മേരിയുടെ ഏകദേശമൊരു പ്രാക്പ്രതിരൂപം. സ്വജാതിയുടെ പരമവൈരിയെ പരാജയപ്പെടുത്തിയതിനുശേഷം, രാജാവു അവൾക്കു സകല അധികാരങ്ങളും, രാജമുദ്രകളുടെ ഉപയോഗംതന്നെയും കല്പിച്ചനുവദിച്ചു; രാജ്യമന്ത്രയും അവളുടെ ആഭിമുഖ്യത്തിലപ്പിക്കയുംചെയ്തു. അതേവിധംതന്നെ ആധുനികദൈവപരിപാലനാക്രമത്തിൽ കൃപാവരങ്ങളുടെ കൈകാര്യകർത്തൃത്വം മുഴുവനും ദൈവം മേരിയെ ഏല്പിച്ചിരിക്കയാണു്. സിയന്നായിലെ വി. ബെർണ്ണാർദിനോസ് യുക്തിയുക്തമായി പ്രസ്താവിക്കുന്നു: "കന്യകാമറിയത്തിൽ വിതരണം ചെയ്യപ്പെടാത്തതായി സ്വർഗ്ഗത്തിൽനിന്നു ആത്മാക്കളിലേക്കിറങ്ങുന്ന യാതൊരു പ്രസാദവരവുമില്ല." ജപമാലയെക്കുറിച്ചുള്ള ഒരു ചാക്രികലേഖനത്തിൽ 13-ാംലെയോ ഇതേ സിദ്ധാന്തംതന്നെ വിശദമായി പ്രഖ്യാപിച്ചിരിക്കുന്നു: "ക്രിസ്തു നമുക്കായി കൊണ്ടുവന്നിട്ടുള്ള കൃപാവരങ്ങളുടെ മഹത്തരമായ നിധിയിൽനിന്നു നിത്യമായ പ്ലാനുകളനുസരിച്ചു യാതൊന്നും മറിയംവഴിക്കല്ലാതെ നമുക്കു വിതരണം ചെയ്യപ്പെടാവുന്നതല്ല. ആകയാൽ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ ക്രിസ്തുവഴിയല്ലാതെ നമുക്കു പ്രാപിക്കുവാൻ സാദ്ധ്യമല്ലാത്തതുപോലെതന്നെ, അങ്ങുന്നുവഴിക്കാണു നാം ക്രിസ്തുവിലെത്തിച്ചേരേണ്ടതു." ഫാത്തിമാനാഥയുടെ കിരീടധാരണമഹോത്സവത്തിൽ സമ്മേളിച്ച തീർത്ഥകസഹസ്രങ്ങളോടു 12-ാംപീയൂസ് ചെയ്ത പ്രസിദ്ധമായ പ്രക്ഷേപിണിപ്രസംഗമദ്ധ്യേ ഇങ്ങനെ പറയുകയുണ്ടായി: "മാനവപരിത്രാണമെന്ന അപരിമേയകർമ്മത്തിൽ അങ്ങുന്നു രക്തസാക്ഷികളുടെ രാജാവുമായി അമ്മയും സചിവയുമെന്നനിലയിൽ ബന്ധപ്പെട്ടവളാണു്; രക്ഷാകൃത്യത്തിൽനിന്നുളവായ പ്രസാദവരങ്ങളുടെ വിതരണത്തിലും അനന്യമായ അധികാരത്തോടെയെന്നോണം അങ്ങുന്നു എന്നന്നേക്കും അവിടുത്തോടു ബന്ധപ്പെട്ടിരിക്കയുംചെയ്യും."

ബോസ്വെ എന്ന പ്രശ്രുതപണ്ഡിതവാഗ്മിയുടെ ഏതദ്വിഷയകമായൊരു പ്രസ്താവന സാരഗർഭവും യുക്തിയുക്തവുമാണു്: "ദൈവം ഭാഗ്യവതിയായ കന്യകാമറിയംവഴി ഈശോമിശിഹായെ നമുക്കു നല്കുവാൻ തിരുമനസ്സായി; ദൈവം അവിടുത്തെ ദാനങ്ങളിൽ വിശ്വസ്തനാകയാൽ ഈ ക്രമത്തിനൊരു മാററവും വരികയില്ല. അങ്ങേ സ്നേഹം വഴിക്കാണു് പ്രസാദവരത്തിന്റെ സാർവ്വത്രികമായ മൂലത്തെ നാം കൈക്കൊണ്ടതു. ആകയാൽ ഇപ്പോൾ അങ്ങേ മാദ്ധ്യസ്ഥ്യം മൂലമാണു ക്രിസ്തീയ ജീവിതത്തിന്റെ സകലതുറകളിലും അതിന്റെ വിവിധങ്ങളായ പ്രയോഗങ്ങൾ നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്നതു്; ഇതു പരമാർത്ഥമാണു്; എന്നും പരമാർത്ഥമായിരിക്കയുംചെയ്യും." കാനായിലെ കല്യാണവിരുന്നിൽവെച്ചാണല്ലോ ക്രിസ്തു സ്വന്തം ദിവ്യശക്തി ഇദംപ്രഥമമായി പ്രഖ്യാപനം ചെയ്തതു്. അതു മേരിയുടെ സാന്നിദ്ധ്യത്തിലും മദ്ധ്യസ്ഥതയിലും സംഭവിച്ചതു കേവലം യാദൃച്ഛികമല്ല.

ഏതൽക്കാരണങ്ങളാൽ പരേതനായ കർദ്ദിനാൾ മെർസിയേയുടെ പരിശ്രമഫലമായി "സകല നൽവരങ്ങളുടേയും മദ്ധ്യസ്ഥയായ മറിയ"ത്തിന്റെ തിരുനാൾ തിരുസഭയിൽ സ്ഥാപിതമായി. അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിൽതന്നെ "മറിയത്തിന്റെ സാർവ്വത്രികമാദ്ധ്യസ്ഥ്യം" ഒരു വിശ്വാസസത്യമായി അദ്ധ്യവസാനം ചെയ്യപ്പെടണമെന്നു കാണിച്ചു 15-ാം ബനദിക്താസ് സമക്ഷം ഒരു മഹർജിയും സമർപ്പിക്കപ്പെടുകയുണ്ടായി. ഇതുവരെയും തിരുസഭ തത്സംബന്ധമായൊരവസാനനിർണ്ണയം ചെയ്തിട്ടില്ല. എങ്കിലും ഈ വിഷയത്തിൽ തിരുസഭയിലാസകലം പ്രാചീനകാലം മുതല്ക്കേ പ്രതിഷ്ഠാപിച്ചിട്ടുള്ള പരമ്പരാഗതമായ വിശ്വാസം എന്താണെന്നു മേൽപ്പറഞ്ഞതിൽനിന്നു അസന്ദിഗ്ദ്ധമായി തെളിയുന്നുണ്ടു്.

വെളിപാടിന്റെ സുപ്രഭാതത്തിൽതന്നെ അഖിലേശ്വരൻ ആവിഷ്കരിച്ചതാണു മിശിഹായും തൻമാതാവായ മേരിയും തമ്മിലുള്ള അഭേദ്യമായ ബന്ധം. ഒന്നാമത്തെ ഹാവായും ആദാമുംകൂടിയാണല്ലോ മനുഷ്യകുലത്തെ അധഃപതിപ്പിച്ചതു്. രണ്ടാമത്തെ ഹാവായായ മറിയവും, രണ്ടാമത്തെ ആദമായ ക്രിസ്തുവുംകൂടി മനുഷ്യരാശിയെ ആ അധഃപതനത്തിൽനിന്നു സമുദ്ധരിച്ചു. ഇങ്ങനെ മാനവപരിത്രാണനാടകത്തിൽ മേരി ഒരു യാദൃച്ഛികഘടകമല്ല; പ്രത്യുത ഒരവശ്യപാത്രമാണു്. പ്രസ്തുത ബന്ധമാകട്ടെ എന്നും അഭംഗമായി നിലനില്ക്കണമെന്നാണു് ഈശ്വരനിശ്ചയം.

## പ്രേഷിതന്മാർ

"പുരോഹിതർക്കു പ്രവേശനം ലഭിക്കാത്ത തൊഴിൽശാലകളിലും, ഖനികളിലും, വയലുകളിലും നമുക്കൊരു കൃത്യം നിർവ്വഹിക്കാനുണ്ടു്; യുവാക്കളെ നമ്മുടെ മാതൃകയാൽ നാം പ്രോത്സാഹിപ്പിക്കയും, നിത്യം നടന്നുകൊണ്ടിരിക്കുന്ന ഹീനവും അസഭ്യവുമായ സംഭാഷണങ്ങളിൽനിന്നു അവരെ കാത്തുസൂക്ഷിക്കയും വേണം" എന്നത്രെ ലിവർപൂളിലെ കത്തോലിക്കാ യുവജനസഖ്യത്തിന്റെ പ്രസിഡൻറായ മി. ജോൺ ടീയർനൻ ഈയിടെ ഒരു പരസ്യയോഗത്തിൽ പ്രസ്താവിച്ചതു്. അദ്ദേഹം തുടർന്നു: "കത്തോലിക്കായുവജനസംഘാംഗങ്ങൾ ഒന്നാംതരം പ്രേഷിതന്മാരാണു്. ചെറിയതോതിലുള്ള പരിശ്രമങ്ങൾകൊണ്ടു് അവർ തൃപ്തിപ്പെട്ടാൽ പോരാ. ട്രേഡ്യൂണിയൻപ്രസ്ഥാനത്തിൽ നാം കമ്മ്യൂണിസ്റ്റുകാരെ ചെറുത്തുനില്ക്കണം. കത്തോലിക്കരുടെ അനാസ്ഥനിമിത്തമാണല്ലോ ഇതരർ ട്രേഡ്യൂണിയനുകളെഅടക്കിഭരിക്കുന്നതു്."

## നഷ്ടപ്പെടുത്തല്ലേ!

സത്യദീപം വായിച്ചശേഷം മററുള്ളവർക്കു വായിക്കുവാൻ കൊടുക്കുക.

# കർമ്മലോത്തരീയത്തെപ്പററി ചില ചോദ്യോത്തരങ്ങൾ

(ഫാ. ഗ്രിഗറി സി. ഡി.)

**ചോ:** കർമ്മലോത്തരീയത്തിനുള്ള പ്രധാന ഗുണങ്ങൾ ഏവ?

**ഉ:** കർമ്മലോത്തരീയം ക്രമപ്രകാരം ധരിച്ചുകൊണ്ടു നടക്കുന്ന ഏവനും (1) ദൈവജനനിയായ പരി. കന്യകാമറിയത്തിന്റെ അനുഗ്രഹങ്ങളനുസരിച്ച് നിത്യനാശത്തിൽനിന്നു രക്ഷിക്കപ്പെടുന്നതിനും ശുദ്ധീകരണസ്ഥലത്തിൽനിന്നു അതിശീഘ്രം വിമോചിക്കപ്പെടുന്നതിനും പുറമെ, (2) കർമ്മലസഭക്കാരായ അനേകായിരം സന്യാസിനീസന്യാസികളുടെയും അനേകലക്ഷം ഉത്തരീയസഖ്യാംഗങ്ങളുടെയും പുണ്യയോഗ്യതകളിൽ ഭാഗഭാക്കാവുകയും, (3) തിരുസ്സഭയാൽ നൽകപ്പെട്ടിട്ടുള്ള നിരവധി പൂർണ്ണാപൂർണ്ണ ദണ്ഡവിമോചനങ്ങൾക്കും സ്വയംവരപീഠത്തിന്റെ ദാനത്തിനും അവകാശിയായി ഭവിക്കുകയും ചെയ്യുന്നതാണ്.

**ചോ:** ഈ ഗുണങ്ങളെല്ലാം ലഭിക്കുന്നതിനു ഒരുവൻ അനുഷ്ഠിക്കേണ്ട വ്യവസ്ഥകൾ ഏവ?

**ഉ:** മൂന്നു വ്യവസ്ഥകളാണ് പ്രധാനമായുള്ളതു്. അധികാരമുള്ള വൈദികനിൽനിന്നും ക്രമപ്രകാരം ഉത്തരീയം സ്വീകരിക്കുക, സഖ്യരജിസ്റ്ററിൽ പേരെഴുതിക്കുക, ഉത്തരീയം മരണംവരെ സദാ കഴുത്തിൽ ധരിക്കുക. മരണാനന്തരം കഴിയുന്ന വേഗത്തിൽ, കുറഞ്ഞപക്ഷം അടുത്ത ശനിയാഴ്ചയെങ്കിലും, ശുദ്ധീകരണസ്ഥലത്തുനിന്നു വിമോചിക്കപ്പെടും എന്നുള്ള "ശനിയാഴ്ചവരം" കൂടെ പ്രാപിക്കണമെന്നുള്ളവർ പ്രസ്തുതനിബന്ധനകൾക്കുപുറമേ സ്വന്തജീവിതസ്ഥിതിക്ക് അനുയോജ്യമായ വിരക്തി പാലിക്കുകയും, ദിനംതോറും ദൈവജനനിയുടെ ചെറിയ ഒപ്പീസ് ജപിക്കുകയുംകൂടെ ചെയ്യണം. പള്ളിക്രമഭാഷകളിൽ ഈ ചെറിയ ഒപ്പീസ് ജപിക്കാൻ അറിഞ്ഞുകൂടാത്തവർ അതിനുപകരം, തിരുസ്സഭ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ ഉപവാസവും, ബുധൻ ശനി ദിവസങ്ങളിൽ മാംസവർജ്ജനവും അനുഷ്ഠിക്കുകയോ, അഥവാ അനുവാദമുള്ള ഏതെങ്കിലും വൈദികന്റെ നിശ്ചയമനുസരിച്ചുള്ള വല്ല ജപങ്ങളോ സൽകൃത്യങ്ങളോ കൃത്യമായി നടത്തിക്കൊണ്ടു വരികയോ ചെയ്താൽ മതിയാകും.

**ചോ:** രോമോത്തരീയങ്ങൾക്കു പകരം ക്രമപ്രകാരം ആശീർവ്വദിക്കപ്പെട്ട ഉത്തരീയകാശുരൂപങ്ങൾ ഏവർക്കും സാധുവായി ധരിച്ചുകൂടെയോ? ഈ കാശുരൂപങ്ങൾ ധരിച്ചാൽ ഉത്തരീയത്തിനുള്ള ഫലങ്ങളെല്ലാം ഏവർക്കും ലഭ്യമാവുകയില്ലേ?

തിരുവനന്തപുരത്തുനിന്നും കർമ്മലഗ്രന്ഥാവലി 8-ാം നമ്പറായി ഈയിടെ പുറപ്പെട്ടിട്ടുള്ള "കർമ്മലോത്തരീയഭക്തി" എന്നൊരു ചെറുപുസ്തകം 16—18 പേജുകളിൽ "കാശുരൂപം ഉത്തരീയത്തിന്റെ പകർപ്പ് (substitute) ആയി പരിഗണിക്കുന്നു. ഉത്തരീയം ധരിക്കുന്നതു ദുസ്സാദ്ധ്യമോ വിഷമകരമോ ആകുമ്പോൾ ഉത്തരീയാനുകൂല്യങ്ങൾ ലഭിക്കാനുള്ള ഒരു ഉപാധിയാണ് അതു്" എന്നും; "...കർമ്മലസഭയിലെ വിശുദ്ധരുടെയും സന്യാസിനീസന്യാസികളുടെയും പ്രാർത്ഥന, തപസ്സ്, കുർബാന, യോഗ്യതകൾ മുതലായവയുടെ ഓഹരി ഉത്തരീയം ധരിക്കുന്നവർക്കു മാത്രമേ ലഭ്യമാകയുള്ളു" (അടിവരകൾ ലേഖകന്റേതാണ്) എന്നും പ്രസ്താവിച്ചു കാണുന്നുണ്ടല്ലോ. ഇതു ശരിയോ?

**ഉ:** പുണ്യശ്ലോകനായ 10-ാം പീയൂസ് മാർപ്പാപ്പായുടെ 1910 ഡിസംബർ 16-ാം ഉത്തരീയകാശുരൂപം സംബന്ധിച്ചുള്ള പ്രഖ്യാതമായ തിരുവെഴുത്തിൽ വിശ്വാസികൾ മുൻപതിവനുസരിച്ചു കഴിയുന്നതും രോമോത്തരീയങ്ങൾതന്നെ തുടർന്നു ധരിക്കണമെന്നാണ് പരിശുദ്ധപിതാവ് അതിതീവ്രമായി ആഗ്രഹിക്കുന്നതു് (Vehementer exoptet) എന്നു ഊന്നിപ്പറഞ്ഞിട്ടുണ്ട്. അങ്ങനെതന്നെ, 15-ാം ബെനഡിക്ട് മാർപ്പാപ്പായും വിശ്വാസികളെ ഉത്തരീയംതന്നെ ധരിക്കാൻ പ്രേരിപ്പിക്കുന്നതിനുവേണ്ടി "ഉത്തരീയംതന്നെ എല്ലാവരും ധരിക്കണമെന്ന നമ്മുടെ ആഗ്രഹം സ്പഷ്ടമാക്കാൻ വേണ്ടി കാശുരൂപത്തിനില്ലാത്ത ഒരു വിശേഷാനുകൂല്യം നാം ഉത്തരീയത്തിനു അനുവദിക്കുന്നു" എന്നു പ്രസ്താവിച്ചുകൊണ്ടു ഉത്തരീയം ചുംബിക്കുന്ന ഓരോ പ്രാവശ്യവും 500 ദിവസത്തെ ദണ്ഡവിമോചനം ഉത്തരീയത്തിനു അനുവദിക്കുകയുണ്ടായിട്ടുണ്ട്. മാത്രമല്ല, രോമോത്തരീയംമൂലമല്ലാതെ ഉത്തരീയകാശുരൂപംവഴി ആർക്കും ഉത്തരീയസ്വീകരണം നടത്താവുന്നതല്ല എന്നും, ആദ്യമായി സ്വീകരിക്കുന്ന ഉത്തരീയമല്ലാതെ പിന്നീടുള്ളവ ആശീർവ്വദിക്കപ്പെട്ടതായിരിക്കണമെന്നില്ല എന്നതും കാശുരൂപങ്ങളെയപേക്ഷിച്ചു ഉത്തരീയത്തിനുള്ള പ്രത്യേകതകളാണ്. ഇതിൽനിന്നെല്ലാം കഴിയുന്നതു ഏവരും രോമോത്തരീയംതന്നെ ധരിക്കണമെന്നാണ് തിരുസ്സഭയുടെ ആഗ്രഹമെന്നു പറയേണ്ടതില്ലല്ലോ.

എന്നിരുന്നാലും, ഉത്തരീയകാശുരൂപം അനുവദിച്ചുകൊണ്ടുള്ള 1910 ഡിസംബർ 16-ാം പ്രസ്തുത തിരുവെഴുത്തിൽ പ്രത്യേക വ്യവസ്ഥകളൊന്നും കൂടാതെ രോമോത്തരീയത്തിനുപകരം മുറപ്രകാരമുള്ള ഉത്തരീയകാശുരൂപം എല്ലാ വിശ്വാസികൾക്കും ന്യായമായി ധരിക്കാവുന്നതാണ്. (Omnibus fidelibus...liceat) എന്നും, അങ്ങനെയുള്ള കാശുരൂപധാരണ കൊണ്ടു ശനിയാഴ്ചവരം ഉൾപ്പെടെയുള്ള എല്ലാ ഉത്തരീയാനുകൂല്യങ്ങളും പ്രാപിക്കാവുന്നതാണ് (Quo favores omnes spirituales, sabbatino privilegio non excepto participare et lucrari possint et valeant) എന്നും പ്രസ്പഷ്ടമായി പറഞ്ഞിരിക്കുന്നതിനാലും, തിരുസിംഹാസനത്തിൽനിന്നും പ്രത്യേകമായ നിയന്ത്രണമൊന്നും തത്സംബന്ധമായി പിന്നീടുണ്ടായി കണ്ടിട്ടില്ലാത്തതിനാലും, വിശിഷ്യ ഈ ജൂബിലിവർഷത്തിൽ ഉത്തരീയത്തെക്കുറിച്ചുള്ള സകല തർക്കങ്ങളും മാറ്റിവെച്ചിട്ടു പ്രാസംഗികന്മാർ പ്രസംഗിക്കാവൂ എന്നുപോലും റോമിൽനിന്നും പ്രത്യേക നിർദ്ദേശമുള്ളതിനാലും, തക്കതായ കാരണമൊന്നുമില്ലാത്തപ്പോൾ കൂടെയും ഉത്തരീയകാശുരൂപങ്ങൾ ധരിക്കുന്നതിനു വിരോധമില്ലെന്നും, ആ ധാരണംവഴിയായി രോമോത്തരീയത്തിനു പ്രത്യേകം നൽകിയിട്ടുള്ളതൊഴിച്ചുള്ള എല്ലാ ഉത്തരീയാനുകൂല്യങ്ങളും ലഭ്യമാകുന്നതാണെന്നും വിശദമാണ്. ഏതു നിമിത്തം വല്ല ലേഖകന്മാരുടെയോ പത്രാധിപന്മാരുടെയോ അഭിപ്രായത്തെ മാത്രം അടിസ്ഥാനമാക്കിയുള്ള മേലുദ്ധരിച്ച തരത്തിലുള്ള പ്രസ്താവനകൾ അസ്ഥാനസ്ഥിതമാണെന്നു വേണം പറയുവാൻ.

**ചോ:** നമ്മുടെ നാട്ടിന്റെ സ്ഥിതിക്കു ഉത്തരീയ കാശുരൂപങ്ങളുടെ ധാരണത്തെ പ്രോത്സാഹിപ്പിക്കേണ്ടതല്ലേ?

**ഉ:** "ചതുർവിധോത്തരീയങ്ങൾ*" എന്ന കൃതിയിൽ അഭിപ്രായപ്പെട്ടിരിക്കുന്നതുപോലെ നമ്മുടെ നാട്ടിന്റെ സ്ഥിതിക്കു രോമോത്തരീയങ്ങൾ ധരിക്കുന്നവർപോലും ഉത്തരീയകാശുരൂപങ്ങൾ ധരിക്കുന്നതു നന്നായിരിക്കും. എന്തെന്നാൽ, തക്ക ലക്ഷണങ്ങളോടുകൂടിയ യഥാർത്ഥ ഉത്തരീയമല്ലാതെ നാമമാത്ര ഉത്തരീയങ്ങൾ ധരിച്ചതുകൊണ്ടു പ്രയോജനമൊന്നുമില്ല. നല്ല ഉത്തരീയങ്ങളാകട്ടെ കിട്ടാൻ വളരെ പ്രയാസമാണ്. ഇനി കിട്ടിയാൽതന്നെയും അവ തുണിയാകയാലും നമ്മുടെ നാട്ടിൽ മിക്കവരും ശരീരത്തോടുതൊടീയിച്ചുതന്നെ അവ ധരിച്ചുകൊണ്ടുവരുന്നതിനാലും വിയർപ്പുകൊണ്ടും മറ്റും അവ എളുപ്പത്തിൽ മുഷിഞ്ഞും കേടുവന്നും പോകുന്നു. അനേകർ, പ്രത്യേകം അനുദിനകൂലിവേലക്കാർ, ധരിക്കുന്ന ഉത്തരീയങ്ങൾ ഇതിനു സാക്ഷ്യംവഹിക്കുന്നു. ഇങ്ങനെ മുഷിയുന്നവ നീക്കി പുതിയതു പലതും വാങ്ങി ധരിക്കാത്തതു അവ കിട്ടാനുള്ള പ്രയാസമോ നിർദ്ധനസ്ഥിതിയോ മൂലമായിരിക്കും. എങ്കിലും അതുനിമിത്തമുളവാകുന്ന ശോചനീയാവസ്ഥ ഒന്നുകിൽ ഉത്തരീയം ധരിക്കാതെ നടക്കുക, അല്ലെങ്കിൽ അതിനെ—അതേ, ദൈവജനനിയുടെ ആ തിരുവസ്ത്രത്തെ— ഇതരമതസ്ഥർക്കുകൂടെയും ഒരു ഹാസ്യവിഷയമാകത്തക്കവണ്ണം അത്ര മുഷിഞ്ഞതും കീറിയതും വെറുക്കത്തക്കതുമായ ഒരു സാധനമായി ധരിച്ചുകൊണ്ടു നടക്കുക എന്നതാണ്. ഇവയിൽ ചിലപ്പോൾ ഉത്തരീയത്തിനു അവശ്യം വേണ്ട രോമത്തുണിതന്നെ ഉണ്ടായിരിക്കയില്ല. ചിലപ്പോഴാകട്ടെ അനേകകെട്ടുകളോടുകൂടി രണ്ടു ചരടുകൾ മാത്രമേ കാണുകയുള്ളു. ഈദൃശങ്ങളായ വൈഷമ്യങ്ങൾ കണ്ടുകൊണ്ടു അവയ്ക്കൊരു പരിഹാരമാർഗ്ഗം ഉണ്ടാക്കുന്നതിനായിട്ടാണ് രോമോത്തരീയങ്ങൾക്കുപകരം രോമോത്തരീയങ്ങൾപോലെ അത്രവേഗത്തിൽ കേടുവരാത്തതും, അവയെക്കാൾ കൂടുതൽ നിലനില്ക്കുന്നതുമായ ഉത്തരീയകാശുരൂപങ്ങൾ അനുവദിക്കപ്പെട്ടിരിക്കുന്നതു്. അതിനാൽ ഈ അനുവാദം ഉപയോഗിച്ചുകൊണ്ട് ഏവരും ഉത്തരീയകാശുരൂപം ധരിപ്പാൻ ഉത്സാഹിക്കുന്നതു അഭിനന്ദനീയമായിരിക്കും.

**ചോ:** ഞാൻ വളരെക്കാലം മുൻപ് ഉത്തരീയം സ്വീകരിച്ചിട്ടുള്ളതാണ്. എന്നാൽ ഞാൻ സ്വീകരിച്ച ഉത്തരീയം തക്കതായിരുന്നുവോയെന്നും, എന്റെ പേർ സഖ്യരജിസ്റ്ററിൽ പതിച്ചിട്ടുണ്ടോയെന്നും അറിഞ്ഞുകൂടാ. ആ സ്ഥിതിക്കു ഉത്തരീയത്തിനുള്ള ഫലങ്ങൾ നഷ്ടപ്പെടാതിരിക്കാനായി ഞാൻ മുറപ്രകാരം ഉത്തരീയം വീണ്ടും സ്വീകരിക്കണമോ?

**ഉ:** പേർ എഴുതിക്കാത്തതാലോ മറെറന്തെങ്കിലും കാരണത്താലോ ന്യൂനത ഭവിച്ചിട്ടുള്ള ഉത്തരീയസ്വീകരണങ്ങളെ മാർപ്പാപ്പാമാർ ഇടയ്ക്കിടെ സദയം വാസ്തവപ്പെടുത്താറുണ്ട്. അങ്ങനെ കർമ്മലോത്തരീയത്തെ സംബന്ധിച്ച് ഇപ്പോഴത്തെ പരിശുദ്ധപിതാവു പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ 1939 ഏപ്രിൽ മാസത്തിൽ ഒരു കല്പന പുറപ്പെടുവിച്ചിട്ടുള്ളതായി അറിയാം. അതിനാൽ നിങ്ങളുടെ ഉത്തരീയസ്വീകരണം ആ കാലഘട്ടത്തിനു മുമ്പാണെങ്കിൽ നിങ്ങൾ യാതൊരു വിധത്തിലും ചഞ്ചലപ്പെടേണ്ടാവശ്യമില്ല.

* ഏററം പ്രചാരത്തിലിരിക്കുന്ന നാലുതരം ഉത്തരീയങ്ങളെയുംപററി സമഗ്രമായി പ്രതിപാദിക്കുന്ന ഉപകാരപ്രദമായ ഈ ചെറുപുസ്തകം (160 പേജുകൾ ഉള്ളതു) മാന്നാനം സെന്റു ജോസഫ്സ് പ്രസ്സിൽ കിട്ടുന്നതാണ്. പരിഷ്കരിച്ച പുതിയ പതിപ്പ്. ഒററപ്രതിക്കു വില 3 അണ മാത്രം.

THE MERCHANTS' BANK OF INDIA LTD.
H. O. ERNAKULAM
Branches: Ayyanpilly, Chittur-Cochin, Cochin, Trichur, Ernakulam & Malippuram
Authorised Capital — Rs. 1,00,00,00/-
Subscribed Capital — Rs. 50,00,00/-
Paid up Capital — Rs. 24,.6,20/-
All kinds of banking business transacted
G. THOMAS PAUL
General Manager



ST. ALOYSIUS ELECTROPLATING WORKS and CATHOLIC DEPOT
Municipal office Road, Trichur
Proprietor: C. O. LOUIS

# കേരളയാക്കോബ്യരും ദൈവമാതൃഭക്തിയും

(ഫാദർ പ്ലാസിഡ് ററി. ഒ. സി. ഡി.)

ദൈവമാതാവിന്റെ നേരെ വലിയ ഭക്തി പ്രദർശിപ്പിക്കുന്ന ഒരു ജനസഞ്ചയമാണു് കേരളയാക്കോബ്യർ. വിദേശത്തുള്ള യാക്കോബ്യരുടെ നിലയും ഇതിൽനിന്നു വ്യത്യസ്തമല്ല. എന്നാൽ വിദേശീയയാക്കോബ്യരിൽനിന്നല്ല കേരളയാക്കോബ്യർ ഈ ഭക്തി സ്വീകരിക്കയുണ്ടായിട്ടുള്ളതു്. കേരളക്രിസ്ത്യാനികളുടെ പിതൃസ്വത്താണു് ദൈവമാതൃഭക്തി.

മാർത്തോമ്മാശ്ലീഹായ്ക്കു മലയാററൂർ മലമുകളിൽവച്ചു ദൈവമാതാവു പ്രത്യക്ഷയായി; മാതാവു സ്വർഗ്ഗത്തിലേക്കു് എടുക്കപ്പെട്ടപ്പോൾ ഭൂമിയിലേക്കു എറിഞ്ഞുകൊടുത്ത അരക്കെട്ടു മാർത്തോമ്മാശ്ലീഹാ കരസ്ഥമാക്കി; ആ അരക്കെട്ടിന്റെ ശക്തിയാൽ മൈലാപ്പൂരിനു സമീപം കടലിൽക്കൂടി ഒഴുകിവന്ന ഒരു വലിയ തടി ശ്ലീഹാ അനായാസേന കരയ്ക്കടുപ്പിച്ചു; മദ്രാസിനടുത്തു് ആദംബാമലയിൽ (St. Thomas Mount) സൂക്ഷിച്ചിരിക്കുന്ന പരിശുദ്ധകന്യകാമറിയത്തിന്റെ ഛായാപടം മാർത്തോമ്മാ കൊണ്ടുവന്നതാണു്; എന്നെല്ലാമുള്ള ഐതിഹ്യങ്ങൾ മാതാവിനോടു പ്രത്യേകഭക്തിയുള്ള ഒരാളായിരുന്നു മാർത്തോമ്മാശ്ലീഹാ എന്നു ലക്ഷ്യപ്പെടുത്തുന്നുണ്ടു്. കേരളക്രിസ്ത്യാനികൾ അവരുടെ ദൈവമാതൃഭക്തി ഈ വിധത്തിൽ മാർത്തോമ്മാശ്ലീഹായോടു ഘടിപ്പിക്കയും അങ്ങനെ അതിൽ അഭിമാനിക്കയും ചെയ്യുന്നു. "ദൈവഗുണങ്ങൾക്കമ്മയിതായി മാർത്തോമ്മാ കാട്ടിയ നാഥ, ദൈവത്തിൽ മാതാവാം മറിയം" എന്നാണല്ലോ പുരാതനമായ റമ്പാൻ പാട്ടിൽ കാണുന്നതു്. കേരളത്തിലെ അതിപുരാതനങ്ങളായ പല ദേവാലയങ്ങളും മാതാവിന്റെ നാമത്തിൽ അറിയപ്പെടുന്നു. മുൻകാലങ്ങളിൽ കേരളസുറിയാനിവൈദികർ മറിയം എന്ന നാമംകൂടി സ്വനാമത്തോടു ചേർത്തെഴുതുകയായിരുന്നു പതിവു്. സുറിയാനിക്കാർ മറിയത്തെ ദൈവമാതാവായി വണങ്ങുന്നുണ്ടോ എന്നു 16-ാം ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ ചില പോർട്ടുഗീസുകാർ സംശയം പുറപ്പെടുവിച്ചു. ചില കൈയെഴുത്തുപുസ്തകങ്ങൾ അവരുടെ സംശയത്തിനു നിദാനമായതായും കാണുന്നു. എന്നാൽ സംശയം വർദ്ധിച്ച കാലഘട്ടത്തിൽ (1586—7) ഫാദർ റോസ്, എസ്. ജെ, രേഖപ്പെടുത്തിയതു ഈ പ്രകാരമാണു: "പരിശുദ്ധ കന്യകാമറിയം ദൈവമാതാവാണെന്നു് അവർ പരസ്യമായിപ്രസംഗിക്കുന്നുണ്ടു" (Beatim Virginem Mariam Dei Matrem publice praedicant). ഏകദേശം ഇതേകാലത്തുതന്നെ (1584) വാർത്തതാണു് കുറവിലങ്ങാട്ടുപള്ളിയിൽ ഇപ്പോഴുള്ള ഒരു മണി. പരിശുദ്ധകന്യകാമറിയത്തെ സൂചിപ്പിച്ചുകൊണ്ടു് "എമ്മെ ദാലാഹാ" (ദൈവത്തിന്റെ മാതാവു്) എന്നു് പൊങ്ങിയ അക്ഷരത്തിൽ അതിന്മേൽ വാർത്തിരിക്കുന്നതു ഇന്നും കാണാവുന്നതാണു്. പതിനാറാം ശതാബ്ദത്തിന്റെ ശേഷം പൂർവ്വാധികം വികസിച്ചു പലവിധത്തിൽ രൂപമെടുത്തതാണു് കേരളകത്തോലിക്കരുടെയിടയിൽ ഇന്നുള്ള ദൈവമാതൃഭക്തി. കേരളകത്തോലിക്കാസുറിയാനിക്കാർക്കായി "ഹൈയരർക്കി" സ്ഥാപിച്ചപ്പോൾ പതിനൊന്നാം പീയൂസുമാർപ്പാപ്പാ അരുളിച്ചെയ്യുകയുണ്ടായി മാതാവിനോടു അവർക്കുള്ള പ്രത്യേക ഭക്തി തന്റെ പരിഗണനയ്ക്കു വിഷയീഭവിച്ചു എന്നു് "...prae occulis habents... eorumque... singularem erga Beatissimam Virginem Mariam pietatem". തിരുമനസ്സുകൊണ്ടു് രണ്ടു പ്രാവശ്യം ഇങ്ങനെ അരുളിച്ചെയ്യുകയുണ്ടായെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതായിട്ടുണ്ടു്.

ദൈവമാതാവിന്റെ നേരെ യഥാർത്ഥമായ ഭക്തി പ്രദർശിപ്പിച്ചിരുന്ന കേരളകത്തോലിക്കാ സുറിയാനിക്കാരിൽനിന്നു 1653-ൽ പിരിഞ്ഞുപോയവരാണു് കേരളയാക്കോബ്യർ. കുറെകഴിഞ്ഞു വിദേശീയ യാക്കോബ്യരുമായി ബന്ധപ്പെടുകയാൽ അവർ "പുത്തൻകൂറുകാരാ"യിത്തീർന്നു. എങ്കിലും വളരെക്കാലത്തേക്കു "പഴയകൂറുകാരു"ടെ കൽദായ റീത്തും ആചാരങ്ങളും അത്രേ അവർ പാലിച്ചിരുന്നതു്. വിദേശീയയാക്കോബ്യർ കേരളത്തിൽ കൊണ്ടുവന്ന അന്തിയോക്കിയാ സുറിയാനിറീത്തിനും ആചാരങ്ങൾക്കും കേരളയാക്കോബ്യരുടെയിടയിൽ സാർവ്വത്രികമായ പ്രതിഷ്ഠ ലഭിച്ചിട്ടു ഇനിയും ഒരു നൂററമ്പതു സംവത്സരം കഴിഞ്ഞിട്ടില്ല.

അന്തിയോക്കിയാ സുറിയാനിറീത്തും അതനുസരിച്ചുള്ള വൈദികപഞ്ചാംഗവും കേരളയാക്കോബ്യർ സാർവ്വത്രികമായി സ്വീകരിക്കുന്നതിനുമുമ്പു് പഴയകൂററുകാരെപ്പോലെ മാതാവിന്റെ തിരുനാളുകൾ അവർ ആഘോഷിക്കുക പതിവായിരുന്നു. തന്നിമിത്തം ഡിസംബർ 8-ൽ അമലോത്ഭവത്തിരുനാൾ രേഖപ്പെടുത്തിയിട്ടുള്ള വൈദികപഞ്ചാംഗങ്ങളുടെ അവശേഷങ്ങൾ ഇന്നും അവരുടെയിടയിൽ കാണുവാനുണ്ടു്. 1734-ൽ മുളന്തുരുത്തിയിൽവച്ചു് പുത്തൻകൂറുകാർ എഴുതിയ ഒരു തിരുനാൾപ്പട്ടികയിൽ "തൻബ മാതം 8 ദിവതി മത്തമറിയം ഉമ്മാനെ ഗെർപ്പനിശ പെരുനാൾ" എന്നു് കർസോനിൽ (സുറിയാനി ലിപികളിൽ എഴുതിയിട്ടുള്ള മലയാളഭാഷ) ഒരിടത്തും, ദൈവമാതാവിന്റെ ഗർഭം ധരിക്കപ്പെടൽ (മെസ്ബത്ത്നാനൂസാ) എന്നു കൽദായസുറിയാനിയിൽ വേറൊരിടത്തും കാണുന്നു. പിറവം യാക്കോബായപ്പള്ളിയുടെ അകത്തു തെക്കേ ഭിത്തിയിൽ ഇന്നും കാണാവുന്ന തിരുനാൾപ്പട്ടികയിൽ "ധനു 8 തമ്പുരാനെ പെററമ്മയെ ഗർഭനിച്ച പെരുനാൾ" എന്നും, കണ്ടനാട്ടു യാക്കോബായപ്പള്ളിയിലെ പട്ടികയിൽ "ധനുവം 8 അന്നാ ഉമ്മ കന്യാസ്ത്രീ അമ്മയെ ജനിച്ച പെരുനാൾ" എന്നും രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ വിദേശീയ യാക്കോബ്യരുടെ വൈദികപഞ്ചാംഗം സ്വീകരിച്ചതുനിമിത്തം ഈ തിരുനാൾ കേരള യാക്കോബ്യർ ഇപ്പോൾ ആഘോഷിക്കുന്നില്ല. പോർട്ടുഗീസുകാരുമായുണ്ടായ സമ്പർക്കം നിമിത്തമായിരിക്കണം ഈ തിരുനാൾ (അമലോത്ഭവത്തിരുനാൾ) കേരളസുറിയാനി പഞ്ചാംഗത്തിൽ സ്ഥലം പിടിക്കുവാൻ ഇടയായതു്. കേരളസുറിയാനി സഭയുടെ അദ്ധ്യക്ഷനായിരുന്ന മാർ യാക്കോബ് 1504-ൽ സുറിയാനിയിൽ തയാറാക്കിയ ഒരു തിരുനാൾപ്പട്ടികയിൽ ഈ തിരുനാളും ചേർത്തിട്ടുണ്ടു്. അതിൽ ഡിസംബർ 8-ൽ മാതാവിന്റെ "മെസ്ബത്ത്നാനൂസാ" (ഗർഭം ധരിക്കപ്പെടൽ) എന്നു കാണുന്നു. മാതാവിന്റെ അമലോത്ഭവത്തിൽ മാർ യാക്കോബും ഭാരതീയരും വിശ്വസിച്ചിരുന്നില്ലെങ്കിൽ ഈ തിരുനാൾ പ്രസ്തുത പട്ടികയിൽ സ്ഥലംപിടിക്കയില്ലായിരുന്നു. മാർ യാക്കോബ ഉപയോഗിച്ച പദംതന്നെയാണു് 1734-ൽ മുളന്തുരുത്തിയിൽ വച്ചെഴുതിയതും മേലുദ്ധരിച്ചതും ആയ തിരുനാൾപ്പട്ടികയിലും ഉപയോഗിച്ചിരിക്കുന്നതു്. "മെസ്ബത്ത്നാനൂസാ" എന്ന ആ സുറിയാനിപദം Conceptio എന്ന ലത്തീൻപദത്തിന്റെ സുറിയാനി വിവർത്തനമാണെന്നു സ്പഷ്ടമാണു്. "ഗെർപ്പനിശ", "അന്നാ ഉമ്മാ കന്യാസ്ത്രീ അമ്മയെ ജനിച്ച" എന്നിങ്ങനെ കർസോനിലും പഴയ മലയാളത്തിലും പ്രയോഗിച്ചിരിക്കുന്നതായി മുകളിൽ കണ്ട പദങ്ങളുടെ അർത്ഥവും ഇതുതന്നെ. എല്ലാം ഉത്ഭവത്തെ സൂചിപ്പിക്കുന്നു.

വിദേശീയ യാക്കോബ്യരോടുള്ള ബന്ധംനിമിത്തം മാതാവിന്റെ ഫെബ്രുവരി 2-ലെ തിരുനാളിനു കേരളയാക്കോബ്യരുടെയിടയിൽ പ്രാധാന്യമില്ലെന്നായി. എട്ടുനോമ്പിന്റെ കാര്യത്തിലാവട്ടെ ഇങ്ങനെ സംഭവിക്കാനിടയായില്ല. വിദേശീയ യാക്കോബായപ്പഞ്ചാംഗത്തിൽ ഇല്ലെങ്കിലും, മാതാവിന്റെ ജനനത്തിരുനാളിനു (സെപ്റ്റംബർ 8) മുൻപായി പഴയ രീതിയനുസരിച്ചു കേരളയാക്കോബ്യർ എട്ടുനോമ്പു ഇപ്പോഴും ആചരിക്കുന്നുണ്ടു്. പഴയ കൂറുകാരും ഇങ്ങനെതന്നെ ചെയ്യുന്നുണ്ടല്ലോ. 9-ാം ശതാബ്ദത്തിൽ മഹമ്മദീയർ കൊടുങ്ങല്ലൂരിൽ പ്രവേശിച്ചപ്പോൾ നസ്രാണിവനിതകൾ തങ്ങളുടെ ചാരിത്രം സംരക്ഷിക്കുവാൻ നേർന്ന നേർച്ചയുടെ തുടർച്ചയത്രേ എട്ടുനോമ്പു് എന്നു് പാരമ്പര്യം ഘോഷിക്കുന്നു. എട്ടുനോമ്പു ആചരിക്കുവാൻ കടമയില്ലെങ്കിലും, വിധവകളും അവിവാഹിതരായസ്ത്രീകളുംഇന്നും അതു് ആചരിക്കുന്നുണ്ടു്. നാഗപ്പുഴ (കത്തോലിക്ക), മണർകാട്ടു (യാക്കോബായ) മുതലായ പള്ളികളിൽ എട്ടുനോമ്പുകാലത്തു അക്രൈസ്തവസ്ത്രീകളും "ഭജന"മിരിക്കാറുണ്ടല്ലോ. കത്തോലിക്കാ സുറിയാനിക്കാർ ഗ്രിഗോറിയൻ പഞ്ചാംഗമനുസരിച്ചും യാക്കോബ്യർ ജൂലിയൻപഞ്ചാംഗമനുസരിച്ചും എട്ടുനോമ്പു് ആചരിച്ചുവരുന്നു. ലോകത്തിൽ മറെറങ്ങുമില്ലാത്ത എട്ടുനോമ്പു് കേരളസുറിയാനിക്കാരുടെ ഒരു പ്രത്യേകതയാണെന്നു് കേരളയാക്കോബ്യർക്കും അഭിമാനിക്കാവുന്നതാണു്.

മാതാവിനെപ്പററി കത്തോലിക്കാസഭ പഠിപ്പിക്കുന്ന എല്ലാ സത്യങ്ങളും കേരളയാക്കോബ്യർ സ്വീകരിക്കുന്നുണ്ടെന്നു പറയാവുന്നതാണു്. "അമലോത്ഭവം" അവരിൽ ചിലർ ഇന്നു നിഷേധിക്കുന്നതു ഏതർത്ഥത്തിലാണെന്നു അവർക്കുതന്നെ നിശ്ചയമില്ല.

പരിശുദ്ധ കന്യകാമറിയം കേരളയാക്കോബ്യർക്കും ദൈവത്തിന്റെ മാതാവുതന്നെ—തമ്പുരാനെ പെററ അമ്മ: "യാൽദാത് ആലോഹോ". മറിയത്തെ അവരും നിത്യകന്യകയായി വണങ്ങുന്നു. "കന്യാസ്ത്രീ അമ്മ" എന്നു് അവർ മറിയത്തെ വിളിച്ചുവരാറുണ്ടു്. സി. എം. എസ് ബന്ധം പരിത്യജിക്കുവാൻ കേരളയാക്കോബ്യരെ പ്രേരിപ്പിച്ച ഒരു കാരണം മാതാവിന്റെ കന്യാത്വം സി. എം. എസ് കാർ നിഷേധിച്ചതാണു്. മിശിഹായെക്കൂടാതെ മാതാവിനു വേറെയും മക്കളുണ്ടായിരുന്നു എന്നു ഒരു സി. എം. എസ് മിഷനറി ക്ലാസ്സിൽ പ്രസംഗിച്ചു. തൽക്ഷണം അതിനെതിരായി ഒരു യാക്കോബായ വൈദികനും പ്രസംഗിക്കയുണ്ടായി.

"As a sample of the difference of opinion may be told the anecdote of the missionary who lectured to a class of Syrians and told them that Mary was the mother of a family born after Christ. Returning to the lecture-room he found a Syrian priest undoing his work and instructing the class that Mary never knew man and remained ever-virgin" (Nagam Aiya, The Travancore State Manual II—p. 215).

മാതാവിന്റെ സ്വർഗ്ഗാരോപണത്തിൽ കേരളയാക്കോബ്യർ യാതൊരു സംശയവും പുറപ്പെടുവിക്കുന്നില്ല. സ്വർഗ്ഗാരോപണത്തിരുനാൾ (ശൂനോയോ) കഴിഞ്ഞുവരുന്ന ഞായറാഴ്ചകൾ ശൂനോയോ കഴിഞ്ഞുള്ള ഒന്നാം ഞായർ, രണ്ടാം ഞായർ എന്നിങ്ങനെ അവർ വിളിക്കാറുണ്ടു്. ഇതിൽനിന്നു സ്വർഗ്ഗാരോപണത്തിനു അവർ കല്പിക്കുന്ന പ്രാധാന്യം എപ്രകാരമുള്ളതാണെന്നു ഗ്രഹിക്കാമല്ലോ. (സത്യദീപം 1950 ഓഗസ്റ്റ് 16-കാണുക).

"അമലോത്ഭവം" സംബന്ധിച്ച അവരുടെ നില എന്താണു്? "കറയില്ലാത്ത മുത്തു്" (മർഗോനീതോ ദ്ലയിത്തു ബോമൂമോ), "രണ്ടാമത്തെ സ്വർഗ്ഗം (ശ മായോ ദ്തർത്തേൻ), "അത്യുന്നതനായ ദൈവത്തിന്റെ രഥം" (മർക്കബ്തോ ദാലോഹോ മറയിമോ) എന്നിപ്രകാരമെല്ലാം അവർ മറിയത്തെഅഭിസംബോധനചെയ്യുന്നുണ്ടു്. ഒരിക്കലും കറപുരളാത്ത മുത്താണു് മറിയം എന്നു സമ്മതിച്ചു പറയുവാൻ സന്തോഷമാണു് അവർക്കുള്ളതു്. ഇതിൽ "അമലോത്ഭവം" അന്തർഭവിച്ചിട്ടില്ലയോ എന്ന ചോദ്യത്തിനു അവരിൽ ചിലർക്കു സമാധാനമില്ല. "ആദാമ്യവർഗ്ഗത്തിൽ മിശിഹാ അല്ലാതെ പാപമില്ലാത്തതായി വേറെ ആരുമില്ല" എന്നു് കുർബാനത്തക്സായിൽ കാണുന്ന ഭാഗം ഉദ്ധരിച്ചുകൊണ്ടു് "അമലോത്ഭവം" നിഷേധിക്കുവാൻ ചിലർ ഉദ്യമിക്കാറുണ്ടു്. എന്നാൽ ഈ കുർബാനത്തക്സാ കേരളത്തിൽ പ്രവേശിക്കുന്നതിനുമുമ്പും പ്രവേശിച്ചശേഷവും അമലോത്ഭവത്തിരുനാൾ ആഘോഷിച്ചിരുന്നതു എന്തുകൊണ്ടു്? മാർ യാക്കോബു് 1504-ൽ തയാറാക്കിയ തിരുനാൾപ്പട്ടികയിൽ ഈ തിരുനാൾ ഉൾപ്പെട്ടിരുന്നതുകൊണ്ടു ഉദയമ്പേരൂർ സൂനഹദോസോ പോർട്ടുഗീസുകാരോ ഇതു കേരളസുറിയാനിക്കാരുടെ മേൽ കെട്ടിവച്ചതല്ലെന്നു നിശ്ചയമാണു്. ദൈവമാകയാൽ മിശിഹായിൽ പാപമുണ്ടായിക്കൂടാ എന്നുമാത്രമേ കുർബാനത്തക്സായിലെ പ്രസ്തുത ഭാഗത്തിനു അർത്ഥമാക്കേണ്ടതുള്ളു. കന്യകാമറിയം സ്വശക്തിയാലല്ല, ദൈവത്തിന്റെ പ്രത്യേകാനുകൂല്യത്താലാണു് സകല പാപത്തിൽനിന്നും ഒഴിവാക്കപ്പെട്ട "കറയില്ലാത്തമുത്താ"യിത്തീർന്നതു്. തന്നിമിത്തം തക്സായിലെ പ്രസ്തുത ഭാഗം കറയില്ലാത്ത മുത്തായ മറിയത്തിന്റെ കറയില്ലായ്മയെ നിഷേധിക്കുന്നതായി കരുതാവുന്നതല്ല. സ്വർഗ്ഗത്തിൽ പാപത്തിനു സ്ഥാനമില്ലാത്തസ്ഥിതിക്കു "രണ്ടാമത്തെ സ്വർഗ്ഗ"വും പാപരഹിതമായിരിക്കണമല്ലോ. മിശിഹാ ജനിച്ചതുപോലെ മാനുഷികപിതാവിനെക്കൂടാതെ കന്യകാമറിയം ജനിച്ചു എന്നോ മറേറാ ആണു് "അമലോത്ഭവ"ത്തിനു ഇപ്പോൾ ചിലർ നൽകുന്ന വ്യാഖ്യാനം. പക്ഷെ കത്തോലിക്കാസഭ ഇങ്ങനെ പഠിപ്പിക്കുന്നില്ലാതാനും!

കേരളയാക്കോബ്യരുടെയിടയിൽ കൊന്തഭക്തി പ്രചരിച്ചിരുന്നു എന്നതിനു ഇന്നും ചില ലക്ഷ്യങ്ങൾ കാണുവാനുണ്ടു്. കുന്നംകുളം മുതലായ ചില സ്ഥലങ്ങളിൽ "കൊന്തവാഴ്ത്തൽ" അഥവാ മണവാട്ടിയുടെ കഴുത്തിൽ പട്ടക്കാരൻ കൊന്ത വാഴ്ത്തി ഇടുന്ന പതിവു് ഇന്നും വിവാഹശുശ്രൂഷയുടെ ഒരു ഭാഗമായി കരുതിവരുന്നു. പതിമ്മൂന്നാം ഗ്രീഗോരിയൂസുമാർപ്പാപ്പാ പതിനയ്യായിരം(?) ജപമാല 1577-ൽ ആർക്കു അയച്ചുകൊടുത്തതായി പറയുന്നുവോ ആ കേരളസുറിയാനിക്കാരിൽനിന്നു ആ സംഭവത്തിന്റെ ശേഷം ഏതാണ്ടു് ഒരു ശതാബ്ദം കഴിഞ്ഞു പിരിഞ്ഞുപോയവരാണല്ലോ കേരളയാക്കോബ്യർ തന്നിമിത്തം ജപമാലഭക്തി വളരെക്കാലത്തേക്കു അവരുടെയിടയിൽ പ്രചരിച്ചിരുന്നു. എന്നാൽ വിദേശീയരോടുള്ള ബന്ധംനിമിത്തം ജപമാല എന്തെന്നുപോലും അറിവില്ലാത്ത പലരും കാലാന്തരത്തിൽ അവരുടെ മദ്ധ്യേ ഉണ്ടാകുവാൻ ഇടയായി.

കൂനൻകുരിശുസത്യം നടന്നു കുറെ കഴിഞ്ഞശേഷമാണു് കത്തോലിക്കാസുറിയാനിക്കാരുടെയിടയിൽ ഉത്തരീയഭക്തി ഗണ്യമായി പ്രചരിച്ചുതുടങ്ങിയതു്. തന്നിമിത്തം കേരളീയയാക്കോബ്യർ ഉത്തരീയത്തോടു പൊതുവെ വിപ്രതിപത്തി പ്രദർശിപ്പിക്കുന്നു. 17-ാം ശതാബ്ദത്തിൽ കേരളത്തിൽവന്ന കർമ്മലീത്തർ ഉത്തരീയഭക്തി കേരളീയകത്തോലിക്കരുടെ ഇടയിൽ ധാരാളമായി പ്രചരിപ്പിച്ചു. അതോടെ കേരളത്തിൽ ദൈവമാതൃഭക്തി പൂർവ്വാധികം വർദ്ധമാനമാകയും ചെയ്തു. കത്തോലിക്കാസുറിയാനിക്കാരിൽനിന്നു പിരിഞ്ഞുനിന്നിരുന്ന കേരളയാക്കോബ്യർക്കു ഈ അനുഗ്രഹം ലഭിക്കാതെപോയതു് അവർ മാതൃസഭയെ ഉപേക്ഷിച്ചതുകൊണ്ടാണു്.

17-ാം ശതാബ്ദത്തിനുമുമ്പു് കേരളസുറിയാനിക്കാർക്കു ബുധനാഴ്ചയായിരുന്നു മാതാവിന്റെ ദിവസം. ഉദയമ്പേരൂർ സൂനഹദോസു് അതു ശനിയാഴ്ചയായി മാററി. എങ്കിലും കാനോനികജപത്തിൽ ബുധനാഴ്ചയ്ക്കുള്ള സ്ഥാനം പൂർവ്വസ്ഥിതിയിൽത്തന്നെ ഇരിക്കുന്നു. കത്തോലിക്കാസുറിയാനിക്കാരിൽനിന്നു പിരിഞ്ഞു അധികം കഴിയുന്നതിനുമുമ്പു കേരളയാക്കോബ്യർ ബുധനാഴ്ചയാചരണം പഴയരീതിയിൽ സ്വീകരിച്ചതായി തോന്നുന്നു. മാതാവിന്റെ ബഹുമാനാർത്ഥം ബുധനാഴ്ച അവർ ഉപവസിക്കയോ മാംസവർജ്ജനം അനുഷ്ഠിക്കയോ ചെയ്യുന്നുണ്ടു്.

വീടുകളിലും പള്ളികളിലും യാക്കോബ്യർ ചൊല്ലാറുള്ള ഒരു പ്രാർത്ഥനയാണു് "കൗമ്മാ". വിദേശീയരുടെ "കൗമ്മാ"യിൽ "നന്മനിറഞ്ഞ മറിയമെ" എന്ന ജപത്തിനു സ്ഥാനമില്ല. കേരളീയ കൗമ്മായിൽ "നന്മനിറഞ്ഞ മറിയമെ" എന്ന ജപം മുഴുവനും ചേർത്തിരിക്കുന്നു. "കൗമ്മാ"യിലുള്ള ഈ വ്യത്യാസം കേരളയാക്കോബ്യരുടെ ദൈവമാതൃഭക്തിയെ പ്രത്യേകവിധം ദ്യോതിപ്പിക്കുന്ന ഒന്നായി കരുതാം.

(ശേഷം 11-ാംപേജിൽ)

# നവമെത്രാന്മാർ എറണാകുളത്ത്

തൃശൂർനിന്നും കാർമാർഗ്ഗം ഡി. 17-ാംനു വൈകുന്നേരം 5 മണി യോടുകൂടി എറണാകുളം അതിമെത്രാസനാരമനയിൽ എഴുന്നെള്ളിയ ചങ്ങനാശേരി പാലാ രൂപതാദ്ധ്യക്ഷന്മാർക്ക് അനാഡംബരമെങ്കിലും അത്യന്തം ഹൃദ്യമായ ഒരു സ്വീകരണമാണ് നൽകപ്പെട്ടത്. തിരുമേനിമാരുടെ ആഗമനത്തെ പ്രതീക്ഷിച്ചുകൊണ്ട് വൈദികരും അൽമായരുമുൾപ്പെടെ വൻപിച്ച ഒരു ജനസഞ്ചയം അതിമെത്രാസനാരമനയിൽ നേരത്തെ സ്ഥലം പിടിച്ചിരുന്നു. തിരുമേനിമാർ കാറിൽ നിന്നിറങ്ങിയ ഉടനെ സന്നിഹിതരായിരുന്നവർ തിരുമേനിമാരെ ഹാരമണിയിച്ചു. അതിമെത്രാസനാരമനയുടെ പ്രവേശനദ്വാരത്തിൽവച്ചു അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് തിരുമേനിമാരെ ആലിംഗനംചെയ്തു സ്വീകരിച്ചു.

വൈകിട്ട് അഭിവന്ദ്യതിരുമേനിമാരുടെ ബഹുമാനാർത്ഥം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഒരു ഡിന്നർ നല്ലാരം നൽകുകയുണ്ടായി. എറണാകുളം അതിരൂപതാവികാരിജനറാൾ മൈററു റവ മോൺ മാത്യു പോത്തനാമുഴി പിഎച്ച് ഡി ഡി ഡി. വരാപ്പുഴ അതിരൂപതാവികാരിജനറാൾ മൈററു റവ മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ. വെ റവ മോൺ ജോസഫ വൈപ്പിശേരി. മെത്രാപ്പോലീത്താ തിരുമനസ്സിലെ സെക്രട്ടറി റവ. ഫാദർ വറുഗീസ പുല്ലുശേരി, എറണാകുളം മെത്രാപ്പോലീത്തൻ പള്ളിവികാരി റവ ഫാദർ കുരിയാക്കോസ് ചിറമേൽ. ഇൻഫൻറ് ജീസസ് പള്ളിവികാരി റവ ഫാദർ ലോപ്പസ് ആദിയായവർ ഡിന്നർ സൽക്കാരത്തിൽ പങ്കെടുത്തു. പുതിയ മെത്രാന്മാരെ അനുമോദിച്ചുകൊണ്ട് മെത്രാപ്പോലീത്താ തിരുമേനി ഈ അവസരത്തിൽ ഒരു പ്രസംഗം ചെയ്തു.

## മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രസംഗം

ഹൃദയം കവിഞ്ഞൊഴുകുന്ന ആനന്ദത്തോടുകൂടിയാണ് അഭിനവമെത്രാന്മാർക്ക് നാം സ്വാഗതമരുളുന്നത്. നിത്യനഗരത്തിൽ നമ്മുടെ പിതൃസംഘത്തിന്റെ സെക്രട്ടറി കർദ്ദിനാളാൽതന്നെ അഭിഷിക്തരായ ശേഷം പരിശുദ്ധ പിതാവിനെ സന്ദർശിച്ചു വേണ്ട അനുഗ്രഹം വാങ്ങി, പല പുണ്യസ്ഥലങ്ങളിലും പോയി പ്രാർത്ഥിച്ചു, സസുഖം തിരിച്ചെത്തിയിരിക്കുന്ന കനിഷ്ഠസഹോദരന്മാരെ ദർശിക്കുവാൻ സാധിക്കുന്നതു ഒരു വലിയ ഭാഗ്യമായി കരുതുന്നു. ദുഃഖപൂർണ്ണമെന്നും അവിച്ഛിന്നമായിരുന്ന അഭിവന്ദ്യ കാളാശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ അകാലവിയോഗത്താൽ വിധവയായിത്തീർന്ന ചങ്ങനാശ്ശേരി രൂപതയെ യൗവ്വനയുക്തരായ രണ്ടു നവമെത്രാന്മാർ വീണ്ടും ഉന്മേഷയുക്തയാക്കിയിട്ടുണ്ടെന്നുള്ളതിനു സംശയമില്ല. സെന്റു ബെർക്കുമൻസിലെ ഒരു പൂർവ്വവിദ്യാർത്ഥിയെന്ന നിലയിൽ ചങ്ങനാശേരി നഗരത്തോടും ആ നഗരം ആസ്ഥാനമായി സ്ഥാപിതമായിട്ടുള്ള രൂപതയോടും ഹൃദയംഗമമായ വാത്സല്യം എനിക്കുണ്ട്. അതിനാൽ തിരുമേനിമാരുടെ അഭിഷേകത്തോടെ ആനന്ദംകൊള്ളുന്ന ചങ്ങനാശേരി നഗരത്തോടും രൂപതയോടുംകൂടി ഞാനും ആഹ്ലാദിക്കുന്നു.

സമമായ സർവ്വകലാശാലാബിരുദം സമ്പാദിച്ചുശേഷം ഒരുമിച്ചു പഠിച്ചു, ഒരുമിച്ചു പുരോഹിതപദത്തിലേക്കു കാൽ വെക്കുകയും ഒരുമിച്ചു മെത്രാൻപദത്തിലേക്കു ആരോഹണം ചെയ്യുകയും, ഒരുമിച്ചു മെത്രാഭിഷേകം സ്വീകരിക്കുകയും ചെയ്ത നവമെത്രാന്മാരുടെ ഭരണത്തിൽ ചങ്ങനാശേരിരൂപത വിഭജിക്കപ്പെട്ടിട്ടില്ല എന്ന പ്രതീതി ഉളവാക്കുകതന്നെ ചെയ്യും.

ശ്ലീഹന്മാരുടെ പിൻഗാമികളായി, ക്രിസ്തുനാഥന്റെ രാജ്യത്തെ ഭരിക്കുവാനായി, പരിശുദ്ധാത്മാവിനാൽ നിയമിക്കപ്പെടുന്നവരാണു മെത്രാന്മാർ. തിരുസഭയിലെ മന്ത്രിപുംഗവന്മാരാണവർ, അഥവാ രാജപുത്രന്മാർ. നേർവഴിയെ നടത്താനുള്ള അധികാരത്തെ സൂചിപ്പിക്കുന്ന അംശവടിയും തിരുസഭയുമായുള്ള ഐക്യത്തിന്റെ അടയാളമായ മോതിരവും. അഭിഷേചകകർദ്ദിനാൾ തിരുമേനിമാർക്കു പ്രദാനംചെയ്യുകയും ശിരസ്സിൽ കൈകൾവച്ചു പരിശുദ്ധാത്മാവിനെ നൽകുകയും ചെയ്തപ്പോൾ നമ്മുടെ മുമ്പിൽ, കാവുകാട്ട മത്തായി അച്ചനും വയലിൽ സെബാസ്റ്റ്യനച്ചനുമായി കഴിഞ്ഞുകൂടിയവർ, കാവുകാട്ട മാർ മത്തായി മെത്രാനച്ചനും വയലിൽ മാർ സെബാസ്റ്റ്യൻ മെത്രാനച്ചനുമായി ഉയർന്നു പരിശുദ്ധാത്മാവുതന്നെ പുറപ്പെടുവിക്കുന്ന ഈ വിശിഷ്ടാവസ്ഥയെയാണ് ഞങ്ങൾ ഇന്നു ബഹുമാനിക്കുന്നത്. എന്നാൽ തിരുസഭയുടെ നിയമനവും തിരുസഭ നിർദ്ദേശിക്കുന്ന തിരുകർമ്മങ്ങളും സ്വഭാവേന വിശിഷ്ടമായ പ്രകൃതിയോടു കൂടിച്ചേരുമ്പോൾ അതിസ്വാഭാവിക സൗന്ദര്യത്തിനും അധികാരാവസ്ഥകൾക്കുമുള്ള മേന്മ ഒരുപടി വർദ്ധിക്കുന്നു. ഇവർ ബിരുദധാരികളും യുവജനങ്ങളുടെ ഉത്തമമിത്രങ്ങളും വിദ്യാഭ്യാസപ്രവർത്തകരും ആണെന്നുള്ളതു പ്രസിദ്ധമാണല്ലോ. നമ്മുടെ ജനങ്ങളുടെ കൂട്ടത്തിൽനിന്നുതന്നെയുള്ളവരാകയാൽ അവരുടെ സ്ഥിതികളും ആവശ്യങ്ങളും ശരിയായി ഗ്രഹിച്ചിട്ടുള്ളവരും അവരുടെയെല്ലാം പ്രേമഭാജനങ്ങളുമായ ഈ രണ്ടു ഭരണസാരഥികളെ, വിവിധങ്ങളായ പ്രശ്നങ്ങൾ കേരളത്തെ, ക്രൈസ്തവസമുദായത്തെ പ്രത്യേകം, ഇളക്കിമറിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ സർവ്വേശ്വരൻ നമുക്കു തന്നതു നാമെല്ലാവരുടേയും ഭാഗ്യാതിരേകമാണ്.

വന്ദ്യതിരുമേനിമാരേ, നാം വൃദ്ധനായിരിക്കുന്നു. ഇന്നത്തെ ചുറ്റുപ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ചുറുചുറുക്കുള്ള വൈദികമേലദ്ധ്യക്ഷന്മാരെയാണാവശ്യം. മീനച്ചിലാറും പരിസരങ്ങളും കുട്ടനാടൻ പ്രദേശങ്ങളും ക്രൈസ്തവസഭയ്ക്കു വിരോധങ്ങളായ പരിതസ്ഥിതികളെ വളരെയധികം ചെറുത്തുനിന്നിട്ടുള്ളതായി പണ്ടേതന്നെ പ്രശംസയുള്ളതാണ്. യൗവ്വനയുക്തരായ നിങ്ങളുടെ തോളുകളിൽ ഭാരമേറിയ ഭരണനുകം നമ്മുടെ നാഥൻ മധുരമാക്കാതിരിക്കയില്ല. കത്തോലിക്കാ യുവാക്കൾക്കു ഉത്തമമായ നേതൃത്വം നൽകേണ്ട കാലമാണിത്. ഈ നേതൃത്വം അവരുടെ ജ്യേഷ്ഠസഹോദരന്മാരെന്നപോലെ ന്നത്തക്കവിധം ചെറുപ്പമായ വന്ദ്യതിരുമേനിമാർക്കു നൽകുവാൻകഴിയും. കേരളത്തിൽ കത്തോലിക്കാസഭയുടെ വിജയം ഇങ്ങനെയുള്ള നേതൃത്വത്തെ ആശ്രയിച്ചാണിരിക്കുന്നതു്. വൃദ്ധനായ മെത്രാപ്പോലീത്താക്കു ഇങ്ങനെയുള്ള തിരുമേനിമാർ സാമന്തരായിട്ടുള്ളതു് ഒരാശ്വാസമാണ്. അതിനാൽ തിങ്ങിയ മോദത്തോടെ നിങ്ങൾക്കു സ്വാഗതവും ദീർഘായുസ്സും ആശംസിച്ചുകൊള്ളുന്നു.

നവമായി സ്ഥാപിതമായ പാലാരൂപതയെപ്പറ്റി രണ്ടുവാക്കു പ്രത്യേകം പറയുവാൻ ആഗ്രഹിക്കുന്നു. ചരിത്രപ്രധാനമായ ചങ്ങനാശേരിരൂപത കാലാന്തരത്തിൽ പുഷ്പിച്ചു രണ്ടു സുഗന്ധകുസുമങ്ങളായിത്തീർന്നിരിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നതു്. കാലംചെയ്ത കാളാശ്ശേരി മെത്രാനച്ചന്റെ അഭിലാഷാനുസരണവും ദീർഘമായ ചർച്ചയ്ക്കു ശേഷവും അനുവദിക്കപ്പെട്ടിരിക്കുന്ന ഈ വിഭജനം ദൈവപരിപാലനയുടെ ഫലമാകയാൽ നൂതനമായ വികാസങ്ങളും വർദ്ധമാനമായ ക്രൈസ്തവപ്രവർത്തനങ്ങളും ഏകയോഗമായി നാക്കുമെന്നാണു പ്രതീക്ഷിക്കുന്നതു്. അതിനാൽ കേരളക്രൈസ്തവസഭ ആനന്ദിക്കുന്നു. ഞാനും പ്രത്യേകം ആനന്ദിച്ചുകൊള്ളട്ടെ. എന്തെന്നാൽ കുട്ടിക്കാലത്തുതന്നെ ഞാൻ പാലായിൽ കുറെനാൾ താമസിച്ചിട്ടുണ്ടു്. അവിടത്തെ ദർശനസമൂഹത്തിൽ ഒരുവിധം പെട്ടവനാണു ഞാൻ. അങ്ങനെ പാലായോടും പാലാക്കാരോടും പ്രത്യേകമായ താൽപര്യം തോന്നുന്നുവെന്നു പറയുന്നതിൽ യാതൊരു അതിരയോക്തിയുമില്ല. നവരൂപതാശിശുവിനു നമസ്കാരം. "കർത്താവിനെ തന്റെ പ്രകാശമായി സ്വീകരിച്ചിരിക്കുന്ന വയലിൽ മാർ സെബാസ്റ്റ്യൻ മെത്രാനച്ചന്റെ ലാളനയിൽ ആ കൊച്ചുകുഞ്ഞ് ആഹ്ലാദചിത്തയായിരിക്കും. അതിന്റെ പ്രകാശം നാനാദിക്കിലും പരിശോഭിക്കട്ടെ.

"ഉപവിയിൽ സേവിക്കുക" എന്നതാണല്ലോ കാവുകാട്ട മാർ മത്തായി മെത്രാനച്ചന്റെ മുദ്രാവാക്യം. സ്നേഹത്തിന്റെ സ്ഥാനത്തു വിദ്വേഷത്തെ പൂജിക്കുന്ന ഈ ആധുനികലോകത്തിൽ സ്നേഹപൂർണ്ണമായ തിരുമേനിയുടെ സേവനം സമാധാനപുനരുദ്ധാരണത്തിനു മാർഗ്ഗം തെളിക്കട്ടെ. ഇതിനു നമ്മുടെ ജനം പൂർണ്ണഹൃദയത്തോടെ സഹകരിക്കതന്നെ ചെയ്യും.

വന്ദ്യ തിരുമേനിമാരേ, മെത്രാന്മാർ കുരിശുധരിക്കുന്നുണ്ടല്ലോ. ക്രൂശിതനില്ലാത്ത ആ കുരിശു നമ്മളുടെ ജോലിയേയും അതിന്റെ ഭാരത്തേയും സൂചിപ്പിക്കുന്നു. എന്നാൽ അതു പൊന്നുകൊണ്ടുള്ളതാണ്. പൊന്നുപോലെ നമുക്ക് അതിനെ സ്വീകരിക്കാം. അതു നമ്മുടെ സ്നേഹവിഷയമാകട്ടെ. ഇതിനു എല്ലാവരുടേയും പ്രാർത്ഥനയാണ് നമുക്കു കൂടുതൽ ആവശ്യം. അതു നമ്മുടെ പ്രിയസഹോദരന്മാരായ വൈദികരും, നമ്മുടെ വാത്സല്യമക്കളായ ജനങ്ങളും ഒത്തൊരുമിച്ചു നമുക്കുവേണ്ടി കാഴ്ചവെക്കാതിരിക്കുകയില്ല. ഞാനും നിങ്ങളെ എപ്പോഴും സ്മരിക്കുന്നതാണ്. നിങ്ങളും ഈ വൃദ്ധനുവേണ്ടി അപേക്ഷിക്കുമെന്നു് ഉറപ്പുണ്ടു്.

ഈ കേരളക്കരയിൽ കാടുകളും വയലുകളും പറമ്പുകളും കണ്ടങ്ങളും അതിലെ തറകളും മാത്രമല്ല, കാവുകളും അവയ്ക്കടുത്തുള്ള ആലുകളും അന്യരാജ്യക്കാർക്കു അത്ഭുതംതോന്നത്തക്കവിധത്തിൽ ഭംഗിയായി യോജിച്ചു കിടക്കുകയും സാധാരണയുള്ള കാററത്തു മുളകൾ ഇമ്പമായ പാട്ടു പാടുകയും ചെയ്യുന്നതുപോലെ നമ്മുടെ ഹയരാർക്കിയിലെ നാമങ്ങൾ ഇതിനെ സൂചിപ്പിക്കുന്നതുപോലെ, കേരളത്തിലെ ജാതിമതവ്യത്യാസങ്ങൾ നോക്കാതെ എല്ലാവരും സമാധാനത്തിൽ ജീവിച്ചുകാണുന്ന സൗന്ദര്യം നിലനിൽക്കുന്നതിനും നമുക്കു പാടുള്ളതുചെയ്യാം. എന്നാൽ ചിലപ്പോൾ വെള്ളപ്പൊക്കംകൊണ്ടു് ഇതെല്ലാം പോയെന്നു വരുന്നതാം. അതു കുറെനാൾ മാത്രമേ നിൽക്കയുള്ളൂ. ആ പ്രളയം കഴിഞ്ഞു, നമ്മുടെനഭ മുമ്പിലത്തതിലും ശോഭയോടും യോജിപ്പോടുംകൂടി പുരോഗമിക്കുന്നതു കാണാം. നമ്മൾ ഈ രാജ്യക്കാർതന്നെയാണ്. ജാതിമതഭേദമെന്യേ എല്ലാവരും ഉൽക്കർഷം പ്രാപിക്കണമെന്നാണ് നമ്മുടെ ആഗ്രഹം. അതിനു കഴിയുന്ന സഹകരണത്തോടും ത്യാഗത്തോടുംകൂടി നമ്മൾ വേലചെയ്യുന്നു എന്നാൽ നമ്മുടെ നീതിയ്ക്കു് ആവശ്യമായ സ്വാതന്ത്ര്യത്തെയും തത്വങ്ങളേയും ബലികഴിച്ചുകളയുമെന്നു ആരും വ്യാമോഹിക്കേണ്ടതില്ല.

ഈ അവസരത്തിൽ എന്റെ ഹൃദയത്തിൽ ഉയർന്നുവന്ന ചില വിചാരങ്ങളാണ് ഞാൻ ഇവിടെ പ്രകടമാക്കിയതു്. നിങ്ങളുടെ മെത്രാഭിഷേകത്തിൽ ഞാൻ നിങ്ങളെ അനുമോദിക്കുന്നു. റോമായിൽനിന്നു സസുഖം തിരിച്ചെത്തിയതിൽ സന്തോഷിക്കുന്നു. ഭാവിവിജയവും കർത്താവിന്റെ ആനന്ദവും നിങ്ങൾക്കു സഖാക്കളായിരിക്കട്ടെ. നമ്മുടെ പരിശുദ്ധ അമ്മ നിങ്ങളെ കാത്തുനയിക്കട്ടെ. Ad multos annos.

അതിനു മറുപടിയായി മൈററു റവ. ഡോക്ടർ മാത്യു കാവുകാട്ട തിരുമേനി ചെയ്ത പ്രസംഗത്തിൽ അഭിവന്ദ്യമെത്രാപ്പോലീത്താ തിരുമേനിയോടു കൃതജ്ഞത പ്രകാശിപ്പിച്ചു. തിരുമേനി തുടർന്നിങ്ങനെ പ്രസ്താവിച്ചു.



ചങ്ങനാശേരിമെത്രാൻ, എറണാകുളം മെത്രാപ്പോലീത്താ, പാലാമെത്രാൻ

### മറുപടിപ്രസംഗം

"ഞങ്ങളുടെ മെത്രാഭിഷേകത്തിൽ ഞങ്ങളെ അനുമോദിച്ചുകൊണ്ടു് ഞങ്ങൾക്കു് ആദ്യംകിട്ടിയ സന്ദേശം അഭിവന്ദ്യ മെത്രാപ്പോലീത്താതിരുമേനിയുടേതായിരുന്നു. ഞങ്ങൾ ചെറുപ്പമാണ്. ഞങ്ങൾക്കു പല വിഷമഘട്ടങ്ങളും തരണംചെയ്യേണ്ടിവന്നേക്കാം. അന്നെല്ലാം അങ്ങയുടെ പക്കൽ ഞങ്ങൾ ഉപദേശത്തിനായി വരുന്നതായിരിക്കാം. ഇന്നു ഞങ്ങളുടെ ബഹുമാനാർത്ഥം ഇത്രവലിയ ഒരു വിരുന്നു നൽകിയതിൽ അങ്ങേക്കു ഞങ്ങളുടെനേരെയുള്ള വാത്സല്യമാണു ഞങ്ങൾ ദർശിക്കുന്നതു്. അഭിഷേകത്തിനായി ഞങ്ങൾ റോമിലേക്കു പോയപ്പോൾ അവിടുന്നു ഞങ്ങൾക്കു നൽകിയ ആശീർവ്വാദം സദാ ഞങ്ങളുടെകൂടെയുണ്ടായിരുന്നു. അങ്ങു് ഞങ്ങളുടെനേർക്കു കാണിച്ച വാത്സല്യപ്രകർഷത്തിനു് ഒരിക്കൽക്കൂടി കൃതജ്ഞത."

## മെത്രാപ്പോലീത്തൻ പള്ളിയിൽ

എറണാകുളം, ഡിസംബർ 18. ഇന്നു കാലത്തു് 6·20നു് ചങ്ങനാശേരി, പാലാ മെത്രാൻ തിരുമേനിമാരെ അതിമെത്രാസനാരമനയുടെ മുറ്റത്തുവച്ചു് എറണാകുളം മെത്രാപ്പോലീത്തൻ പള്ളിവികാരി റവ. ഫാ. കുരിയാക്കോസ് ചിറമേൽ ഹാരമണിയിച്ചു് സ്വീകരിച്ചു. അനന്തരം ഘോഷയാത്രയായി മെത്രാപ്പോലീത്തൻപള്ളിയിലേക്കു തിരുമേനിമാർ ആനയിക്കപ്പെട്ടു. പള്ളിയുടെ പ്രവേശനകവാടത്തിൽവച്ചു് പതിവുള്ള തിരുകർമ്മങ്ങൾക്കുശേഷം ചങ്ങനാശേരി മെത്രാൻ തിരുമനസ്സുകൊണ്ടു് ദിവ്യപൂജ അർപ്പിച്ചു. അനന്തരം പാലാമെത്രാൻ തിരുമനസ്സുകൊണ്ടു് ലാക ആചാഹാ എന്ന സ്തോത്രഗീതവും പരിശുദ്ധ കുർബാനയുടെ ആശീർവ്വാദവും നിർവ്വഹിച്ചു. തദവസരത്തിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും സന്നിഹിതനായിരുന്നു. ചങ്ങനാശേരി, പാലാ മുതലായ സ്ഥലങ്ങളിൽനിന്നും എറണാകുളത്തുനിന്നുമുള്ള വൻപിച്ച ജനാവലിയാൽ ദേവാലയം നിബിഡമായിരുന്നു.

ദേവാലയകർമ്മങ്ങൾക്കുശേഷം പള്ളിമേടയിൽവച്ചുനടന്ന കാപ്പിസൽക്കാരത്തിൽ മൂന്നു അഭിവന്ദ്യതിരുമേനിമാരും പല വൈദികപ്രമുഖന്മാരും സംബന്ധിച്ചിരുന്നു. തിരുമേനിമാരോടു കൃതജ്ഞതാപ്രകാശിപ്പിച്ചുകൊണ്ടു് പള്ളിവികാരി ഒരു പ്രസംഗംചെയ്തു.

ഇന്നു കാലത്തു 8·45-നു പുതിയ മെത്രാൻ തിരുമേനിമാർ കാർമാർഗ്ഗം ചങ്ങനാശേരിയിലേക്കു എഴുന്നെള്ളി. ഒട്ടനേകം കാറുകൾ തിരുമേനിമാരെ അനുയാത്രചെയ്തിരുന്നു.

### ഹാരാർപ്പണം

വരാപ്പുഴ മെത്രാപ്പോലീത്താതിരുമേനിയെ പ്രതിനിധീകരിച്ചു വികാരി ജനറൽ മൈററു റവ മോൺ. അലക്സാണ്ടർ ലന്തപ്പറമ്പിൽ അഭിവന്ദ്യതിരുമേനിമാരെ ഇന്നലെ ഹാരമണിയിക്കുകയുണ്ടായി. കൂടാതെ തിരുമേനിമാരെ ഇന്നു കാലത്തു ഹാരമണിയിച്ചവരുടെ കൂട്ടത്തിൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡണ്ടു ശ്രീ ഇ. പി. വറുഗീസിന്റെപേർ പ്രത്യേകം പ്രസ്താവ്യമാണ്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 24 || ERNAKULAM. DECEMBER 20, 1950 || No. 18

## ക്രിസ്മസ് മംഗളം



അജ്ഞാനാന്ധകാരത്തിൽ ആമഗ്നമായിരുന്ന ലോകത്തിൽ വിജ്ഞാനത്തിന്റെ പ്രകാശകതിരുകൾ വീശുവാനും, പാപാന്ധമിത്തം മൂതിയടഞ്ഞിരുന്ന മനുഷ്യരാശിയെ രക്ഷയുടെ പ്രാണവായു ശ്വസിപ്പിച്ച് ഉത്തേജിപ്പിക്കുവാനും, യാതനകളും വേദനകളുമനുഭവിക്കുന്നവർക്കു സമാധാനത്തിന്റെ മധുരസന്ദേശമരുളുവാനുമായി ആഗതനായ ക്രിസ്തുനാഥന്റെ തിരുവവതാരമഹോത്സവം അടുത്ത തിങ്കളാഴ്ചയാണല്ലോ നാമാഘോഷിക്കുന്നത്. പ്രപഞ്ചം മുഴുവൻ നവോന്മേഷം പ്രാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ, സത്യദീപം അതിന്റെ രക്ഷാധികാരികളും സംരക്ഷകരുമായ പിതാക്കന്മാർക്കും, ഏജന്റന്മാർക്കും ലേഖകന്മാർക്കും വായനക്കാർക്കും മറ്റെല്ലാ ബന്ധുക്കൾക്കും സകലവിധ മംഗളങ്ങളുമാശംസിക്കുകയും പുൽക്കൂട്ടിൽ ജാതനായ ദിവ്യശിശു തന്റെ അനുഗ്രഹവർഷങ്ങളാൽ ഏവരേയും സമ്പന്നരാക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## തിരുമേനിമാർക്കു സ്വാഗതം

റോമിൽവച്ചു സുസ്മരണീയമായ ഈ വിശുദ്ധവത്സരത്തിൽ മെത്രാൻപട്ടം സ്വീകരിക്കുകയും പരിശുദ്ധപിതാവിനെ സന്ദർശിച്ചു അനുഗ്രഹാശിസ്സുകൾ വാങ്ങിക്കുകയും "സ്വർഗ്ഗാരോപണ"പ്രഖ്യാപനം സംബന്ധിച്ച ചടങ്ങുകളിൽ പങ്കുകൊള്ളുകയും യൂറോപ്പിലെ പല പ്രധാന നഗരങ്ങളും തീർത്ഥകേന്ദ്രങ്ങളും സന്ദർശിക്കുകയും മററും ചെയ്ത ശേഷം സസുഖം തിരിച്ചെത്തിയിരിക്കുന്ന ചങ്ങനാശ്ശേരിമെത്രാൻ റൈററ് റവ. ഡോക്ടർ മാത്യു കാവുകാട്ടു തിരുമേനിക്കും, പാലാമെത്രാൻ റൈററ് റവ. ഡോക്ടർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിക്കും ഞങ്ങൾ ഹൃദ്യമായ സ്വാഗതമരുളിക്കൊള്ളുന്നു.





കർമ്മധീരനായിരുന്ന മാർ ജയിംസ് കാളാശ്ശേരി തിരുമേനിയെ അനുകരിച്ച്, അദ്ദേഹത്തിന്റെ പിൻഗാമികളായ ഈ അഭിവന്ദ്യതിരുമേനിമാരും സഭയുടേയും സമുദായത്തിന്റെയും ഉത്തമതാല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനു വേണ്ടി സധൈര്യം പോരാടുമെന്നു ഞങ്ങൾക്കുറപ്പുണ്ട്. കേരളക്രൈസ്തവസഭയെ പല വിഷമപ്രശ്നങ്ങളും തുറിച്ചുനോക്കുന്ന ഈ ദുർഘടസന്ധിയിൽ തിരുമേനിമാർ രൂപതാഭരണം കൈയേററ് സ്വാജഗണങ്ങൾക്കു വേണ്ട നിർദ്ദേശവും നേതൃത്വവും നല്കുവാൻ സംഗതിയായിരിക്കുന്നതു ശുഭോദർക്കമത്രെ. വന്ദ്യപിതാക്കന്മാർക്കു "സത്യദീപ"മാകുന്ന പത്രശിശു ഹൃദയംഗമമായി ഭാവുകങ്ങൾ നേരുകയും തിരുമേനിമാരുടെ ഭരണം സർവ്വഥാ ശ്രേയസ്കരവും വിജയശ്രീലാളിതവുമാകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ജൂബിലിമംഗളം



കുറെക്കാലം മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്, മലബാർമെയിൽ, സത്യദീപം എന്നിവയുടെ മാനേജരായിരുന്ന വെരി റവ. ഡോക്ടർ ടി കെ. നമ്പ്യാപറമ്പിൽ പി.എച്ച്. ഡി. ഡി. ഡി അവർകൾ പുരോഹിതപട്ടം സ്വീകരിച്ചിട്ട് നാളെ 25 വർഷം പൂർത്തിയാകുന്നതാണ്. അദ്ദേഹത്തിന്റെ വൈദികശിഷ്യരും അജഗണങ്ങളുമൊരുമിച്ചു അത്യാഡംബരപൂർവ്വം കാഞ്ഞൂർവച്ചു പ്രസ്തുത ജൂബിലി കൊണ്ടാടുന്നതായിരിക്കും. തത്സംബന്ധമായ കാര്യപരിപാടി കഴിഞ്ഞലക്കത്തിൽ പ്രസിദ്ധംചെയ്തിരുന്നതാണല്ലോ. നാനാജാതിമതസ്ഥരുടേയും സ്നേഹത്തിനും ബഹുമാനത്തിനും പ്രശംസയ്ക്കും വിഷയീഭവിച്ചിട്ടുള്ള ഒരു വൈദികസത്തമനാണ് ഡോക്ടർ നമ്പ്യാപറമ്പിൽ. റോമിലെ പ്രൊപ്പഗാന്ത കോളെജിലെ പ്രശസ്തനായ ഒരു പൂർവ്വവിദ്യാർത്ഥി, എറണാകുളം അതിരൂപതയിലെ എഴുപതിലധികം വൈദികരുടെ വന്ദ്യ ഗുരുഭൂതൻ, ഭരണനിപുണനായ ഒരു ഇടവകവികാരി എന്നിങ്ങനെ വിവിധനിലകളിൽ ജൂബിലേറിയന്റെ നാമം പ്രകീർത്തിതമാണ്. സത്യദീപത്തിന്റെ ഇപ്പോഴത്തെ മാനേജരും പ്രസാധകപത്രാധിപരും അദ്ദേഹത്തിന്റെ പ്രിയശിഷ്യരാണെന്നുള്ള വസ്തുതയും പ്രസ്താവ്യമത്രെ. സർവ്വപ്രകാരേണയും ആനന്ദദായകമായിരിക്കുന്ന ഈ ശുഭാവസരത്തിൽ സത്യദീപം അകമഴിഞ്ഞ കൃതജ്ഞതയോടും അനവദ്യമായ സ്നേഹപ്രചുരിമയോടുംകൂടി വന്ദ്യ ജൂബിലേറിയനു മംഗളമാശംസിക്കുകയും അദ്ദേഹം ദീർഘായുഷ്മാനായി മിശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുന്നതിനുള്ള അനുഗ്രഹം സർവ്വശക്തനായ ദൈവം പ്രദാനംചെയ്യുമാറാകട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ദേവമാതാവിനു ലഭിച്ച അന്യാദൃശവരങ്ങൾ

പരിശുദ്ധകന്യകമറിയം സകലമനുഷ്യമക്കളിലുംവച്ച് ദൈവത്താൽ അനുഗൃഹീതയാണെന്നും, മററു യാതൊരു സൃഷ്ടിക്കും ലഭിച്ചിട്ടില്ലാത്ത അനിതരസാധാരണങ്ങളായ വരങ്ങളെക്കൊണ്ട് ദൈവം പരിശുദ്ധകന്യകയെ അലംകൃതയാക്കിയെന്നും കത്തോലിക്കാസഭ വേദപുസ്തകത്തേയും സഭാപാരമ്പര്യത്തേയും ആധാരമാക്കി വിശ്വസിച്ചുപോരുന്നു. ഈ വരങ്ങളിൽ, അവയിൽത്തന്നെ ഏററവും ശ്രേഷ്ഠമായതും ബാക്കിയുള്ളവയെല്ലാം നിദാനമായതും ദൈവമാതൃത്വവും അമലോത്ഭവവുമാണ്. പരി: കന്യകമറിയം സാക്ഷാൽ ദൈവത്തിന്റെ മാതാവാണെന്ന തത്വം ആദ്യം മുതൽക്കുതന്നെ വിശ്വസിക്കപ്പെട്ടിരുന്നെങ്കിലും, നെസ്റ്റോറിയസ് എന്ന പാഷണ്ഡകർത്താവ് അതിനെതിരായ അബദ്ധം സ്വീകരിക്കുകയും പ്രസംഗിക്കുകയും ചെയ്തപ്പോൾ, 431-ൽ എഫേസൂസിൽ സമ്മേളിച്ച ആകമാനസൂനഹദോസ് ആ പാഷണ്ഡതയെ ശപിച്ചു പ്രസ്തുതതത്വത്തെ ഔദ്യോഗികമായി പ്രഖ്യാപനം ചെയ്തു. പരി: കന്യകമറിയം അമലോത്ഭവയാണെന്ന തത്വവും അവ്യക്തമായിട്ടാണെങ്കിലും ആദ്യകാലംമുതൽക്കുതന്നെ തിരുസ്സഭയിൽ സ്വീകരിക്കപ്പെട്ടിരുന്നു. ആ തത്വത്തിന്റെ വിശദീകരണത്തിൽ വേദശാസ്ത്രജ്ഞന്മാർക്ക് അനുഭവപ്പെട്ട ചില വൈഷമ്യങ്ങൾനിമിത്തം അതു സുവ്യക്തമായ രൂപം പ്രാപിക്കുന്നതിനു നൂററാണ്ടുകൾതന്നെ വേണ്ടിവന്നു. ഒടുവിൽ വേദപുസ്തകത്തിന്റെയും സഭാപാരമ്പര്യത്തിന്റെയും വെളിച്ചത്തിൽ ആ വൈഷമ്യങ്ങൾക്കു പരിഹാരംകണ്ടുപിടിക്കപ്പെട്ടതിനാൽ 9-ാംപീയൂസുമാർപ്പാപ്പാ 1854-ൽ ദൈവദത്തമായ അപ്രമാദിത്വവരം ഉപയോഗിച്ച് മാതാവിന്റെ അമലോത്ഭവം വിശ്വാസസത്യമായി പ്രഖ്യാപിച്ചു. ഇവ രണ്ടുമാണ്, ദൈവമാതൃത്വവും അമലോത്ഭവവും, പരിശുദ്ധകന്യകയ്ക്കു ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള സർവ്വപ്രധാനങ്ങളായ വരങ്ങൾ. ബാക്കിയുള്ള ഗുണങ്ങളെല്ലാം അവയിൽനിന്നുത്ഭവിച്ചിട്ടുള്ളവയാണെന്നു പറയാം.

### മാതാവിന്റെ പരിശുദ്ധി

ആദത്തേയും ഹവ്വായേയും മനുഷ്യവർഗ്ഗത്തിന്റെ ആദിമാതാപിതാക്കന്മാരെന്ന നിലയിൽ പ്രകൃത്യതീതമായ പരിശുദ്ധിയോടുകൂടിയാണ് ദൈവം സൃഷ്ടിച്ചത്. അവരുടേതിനെക്കാൾ എത്രയോ പടി ഉയർന്നിരിക്കുന്നു, ദൈവത്തിന്റെ മാതാവ് എന്ന പരിശുദ്ധകന്യകയുടെ സ്ഥാനവും നിലയും. തന്മൂലം മാതാവിനു ലഭിച്ച പരിശുദ്ധി, മററു വിശുദ്ധർക്കുണ്ടായിരുന്നതുപോലെ സാമാന്യമായതല്ലെന്നായിരുന്നു കത്തോലിക്കാപാരമ്പര്യവിശ്വാസം. മാതാവിന്റെ സ്ഥാനം മററു വിശുദ്ധരുടേതിൽനിന്നു് ഉയർന്നിരിക്കുന്നതോതിൽ മാതാവിനു ലഭിച്ച പരിശുദ്ധിയും അനിതരസാധാരണമെന്നായിരുന്നു തിരുസ്സഭയിൽ പൊതുവെ വിശ്വസിച്ചിരുന്നതു്. ആ തോതിലുള്ള പരിശുദ്ധിതന്നെയും മാതാവു പ്രാപിച്ചതു് തന്റെ ജീവിതത്തിന്റെ അവസാനത്തിലെന്നല്ല, ആരംഭത്തിൽത്തന്നെയാണെന്നായിരുന്നു പരമ്പരാഗതമായ ബോദ്ധ്യം. ഈ വിഷയത്തിൽ നമുക്കുള്ള മാർഗ്ഗദർശനം, പുണ്യവാന്മാരും വേദപാരംഗതന്മാരും വഴിയായുള്ള തിരുസ്സഭയുടെ ബോധനമാണല്ലോ. അവരുടെ ഏകകണ്ഠമായ അഭിപ്രായത്തിൽ, ഏതൊരു മനുഷ്യനെക്കാളും, ഏതൊരു മാലാഖായെക്കാളും, ഉപരിയായ പരിശുദ്ധി മാതാവിനു് ഉത്ഭവത്തിന്റെ നിമിഷംമുതൽ സംലബ്ധമായിരുന്നു. ദൈവം മറിയത്തെ ദൈവപുത്രന്റെ അമ്മയായി അനാദിമുതൽ തിരഞ്ഞെടുത്തതിൽ, കേവലം ഒരു സൃഷ്ടിയുടെ നേർക്കു കാണിക്കാൻ കഴിയുന്നതിൽ ഏററവും ഉപരിയായ സ്നേഹമാണല്ലോ മറിയത്തിന്റെ നേർക്കു ദൈവം കാണിച്ചിട്ടുള്ളതു്. ദൈവം ഒരാളോടു കാണിക്കുന്ന സ്നേഹത്തിന്റെ പ്രത്യേകതയെന്തെന്നാൽ, സ്നേഹത്തിനു പാത്രമാകാനുള്ള ഗുണങ്ങൾ ആയാൾക്കു നേരത്തേ ഉണ്ടായിരിക്കണമെന്നു ദൈവം ആവശ്യപ്പെടുന്നില്ല, പ്രത്യുത ആ ഗുണങ്ങൾ ആയാളിൽ ദൈവം സൃഷ്ടിക്കുന്നു. പരിശുദ്ധിയാണല്ലോ ഒരാളെ ദൈവത്തിന്റെ സ്നേഹത്തിനു പാത്രമാക്കുന്ന ഗുണം. ആകയാൽ ദൈവത്തിന്റെ ഏററവും വലിയ സ്നേഹത്തിനു പാത്രമായ, സൃഷ്ടിയെന്നനിലയിൽ മാതാവിനു് ഉത്ഭവം മുതൽക്കുതന്നെ ഏററവുമധികം പരിശുദ്ധി ദൈവത്തിൽനിന്നു ലഭിച്ചിരിക്കണം. ചില പുണ്യവാന്മാരും വേദപാരംഗതന്മാരും ഒരുപടികൂടികടന്നു മാതാവിന്റെ പരിശുദ്ധി, ഉത്ഭവത്തിന്റെ നിമിഷത്തിൽതന്നെ, സകല മാലാഖാമാരുടേയും മനുഷ്യരുടേയും ആകെക്കൂടിയുള്ള പരിശുദ്ധിയെക്കാൾ ഉപരിയാണെന്നു വാദിക്കുന്നുണ്ട്. മാതാവിന്റെ ജീവിതാന്ത്യത്തിലെ സ്ഥിതി ഇതാണെന്നു സകലരും സമ്മതിക്കുന്നുണ്ടെങ്കിലും, ജീവിതാരംഭത്തിലും അതായിരുന്നു സ്ഥിതിയെന്നതിൽ അഭിപ്രായവ്യത്യാസമുണ്ട്.

### പാപരാഹിത്യം

പാപമില്ലായ്മ എന്ന ഗുണം പല കാരണങ്ങളാലുണ്ടാകാം. അതിലൊന്നു് സ്വാതന്ത്ര്യമായ മനസ്സിന്റെ (Free will) അഭാവമാണ്. സുബുദ്ധിനശിച്ചവർക്കു സ്വാതന്ത്ര്യമനസ്സില്ലല്ലോ. അതിനാൽ അവർ പാപരഹിതരാണ്. എന്നാൽ ഈ പാപരാഹിത്യം ഒരു ഗുണവിശേഷമല്ല. സമ്മാനത്തിനുള്ള അർഹതനശിക്കുന്ന അധമാവസ്ഥയാണതു്. മനസ്സു സ്വാതന്ത്ര്യമാണെങ്കിലും, നന്മയോ തിന്മയോ തിരഞ്ഞെടുക്കുവാൻ മനസ്സിനു കഴിവുണ്ടെങ്കിലും, ദൈവഹിതത്തിൽ പൂർണ്ണമായി ലയിച്ചിരിക്കുന്നതുകൊണ്ടു് ആ ഹിതത്തിനെതിരായി തിന്മ തിരഞ്ഞെടുക്കുവാൻ അതിനു കഴിവില്ലെന്നുവരാം. സ്വർഗ്ഗവാസികളുടെ പാപരാഹിത്യം ഇത്തരമാണ്. മനുഷ്യമനസ്സിനു കൈവരാവുന്ന പരിപൂർണ്ണതയുടെ പാരമ്യമാണ് പ്രസ്തുതാവസ്ഥയെങ്കിലും, സമ്മാനത്തിനു് അർഹത ലഭിക്കുവാനുള്ള സാദ്ധ്യത മനസ്സിനു് അപ്പോഴും നഷ്ടപ്പെടുന്നു. കാരണം, തിന്മയോടു സമരംചെയ്തു വിജയം വരിക്കുവാനുള്ള സന്ദർഭം പ്രസ്തുതാവസ്ഥയിൽ ഇല്ല. മാതാവിന്റെ പാപരാഹിത്യം ഈ രണ്ടുതരവുമല്ല. മൂന്നാമതൊരുതരം പാപരാഹിത്യമുണ്ട്. ആത്മാവിന്റെ വിശ്വസ്തത പരീക്ഷിക്കുവാനും വിശ്വസ്തതയ്ക്കുള്ള സമ്മാനം അർഹിക്കുവാൻ അവസരം നൽകുവാനുംവേണ്ടി അതിനു ദൈവം ക്ലേശങ്ങൾ അനുവദിക്കുന്നു. അതേസമയംതന്നെ ആ ക്ലേശങ്ങളോടു സമരംചെയ്തു വിജയം വരിക്കുവാൻ യഥാർത്ഥത്തിൽ പ്രയോജനപ്പെടുമെന്നു കാണുന്ന പ്രസാദവരങ്ങൾ ദൈവം ആത്മാവിനു നൽകുന്നു. ആത്മാവ് ആ പ്രസാദവരങ്ങൾ സ്വാതന്ത്ര്യമായിത്തന്നെ സ്വീകരിക്കുകയും അവയുടെ സഹായത്താൽ സ്വാതന്ത്ര്യമായിത്തന്നെ ക്ലേശങ്ങളെ പിടിച്ചടക്കി വിജയം വരിക്കുകയും ചെയ്യുന്നു. ഇത്തരം പാപരാഹിത്യം സാമാന്യമോ അസാമാന്യമോ ആകാം. സാമാന്യമായ ഈ പാപരാഹിത്യം പെന്തക്കുസ്തദിനത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചശേഷം ശ്ലീഹന്മാർക്കു നൽകപ്പെട്ടിരുന്നു; അവർ പ്രസാദവരം നഷ്ടിഭവിക്കാത്ത അവസ്ഥയിൽ സ്ഥിരീകരിക്കപ്പെട്ടിരുന്നു (Con-

firmed in grace). എന്നുവരികിലും മനുഷ്യസ്വഭാവത്തിനു സഹജമായ ചില ബലഹീനതകളും തന്മൂലമുള്ള അഭിപ്രായവ്യത്യാസങ്ങളും അവരിൽ പിന്നെയും അവശേഷിക്കുകയുണ്ടായി. മാതാവിനു നൽകപ്പെട്ട ഈ പാപരാഹിത്യം അസാമാന്യമായിരുന്നു; അവിടുന്നു പ്രസാദവരത്തിൽ പരിപൂർണ്ണമായും സ്ഥിരീകരിക്കപ്പെട്ടിരുന്നു. പ്രസാദവരം നഷ്ടിഭവിക്കാത്ത അവസ്ഥയിൽ സ്ഥിരീകരിക്കപ്പെടുകയെന്നതിൽ അടങ്ങിയിരിക്കുന്ന അസാമാന്യമായ ഈ പാപരാഹിത്യം എന്നും ഒരേതോതിലല്ല മാതാവിനു കൈവന്നതു്. ഉത്ഭവംമുതൽക്കുണ്ടായിരുന്നെങ്കിലും മനുഷ്യാവതാരത്തിനുശേഷം അതു മാതാവിൽ കൂടുതൽ ആഴമായിത്തീർന്നു. പാപത്തെ എതിർത്തുനില്ക്കുവാനുള്ള ശക്തികൾ മാതാവിനു് എന്നുമുണ്ടായിരുന്നെങ്കിലും, മനുഷ്യാവതാരത്തിനുശേഷം അവ വർദ്ധിച്ചു.

മാതാവു പാപത്തെ എതിർത്തുനിന്നതെങ്ങനെയാണെന്നു പ്രത്യേകം ഗ്രഹിക്കേണ്ടതുണ്ടു്. ഉത്ഭവപാപത്തിന്റെ ഫലമായി സകലമനുഷ്യർക്കും അകമേനിന്നുള്ള ദുർവാസനകളും (Concupiscence) തദ്വാരാ പ്രലോഭനങ്ങളും അനുഭവപ്പെടുന്നുണ്ടല്ലോ. ഉത്ഭവപാപത്തിൽനിന്നു പരിപൂർണ്ണമായും ദൈവത്താൽ വിമുക്തയാക്കപ്പെട്ടതിനാൽ അകമേനിന്നുള്ള ദുർവാസനകളും പ്രലോഭനങ്ങളും മാതാവിനുണ്ടാകുവാൻ സാദ്ധ്യമായിരുന്നില്ല. ആകയാൽ അവയെ എതിർത്തുനില്ക്കേണ്ട ആവശ്യകതയും ഉണ്ടായിരുന്നില്ല. മാതാവിനുള്ള പ്രലോഭനങ്ങൾ, ഹവ്വായുടെ കാര്യത്തിലെന്നപോലെ, പൈശാചികമാർഗ്ഗങ്ങളിൽക്കൂടിയേ ഉണ്ടാകാമായിരുന്നുള്ളു. ആ പ്രലോഭനങ്ങൾ പരിപൂർണ്ണമായ പരിശുദ്ധിക്കു അവശ്യം യോജിക്കാത്തതുമല്ല. നമ്മുടെ കർത്താവിനുതന്നെ അവ അനുഭവപ്പെട്ടല്ലോ. അങ്ങനെയുള്ള പ്രലോഭനങ്ങളെ എതിർത്തുനിന്നു വിജയം വരിക്കുകയും അതിനുള്ള സമ്മാനത്തിനു അർഹതലഭിക്കുകയും ചെയ്യുക മാതാവിനു ശക്യമായിരുന്നു.

### ജ്ഞാനഗുണങ്ങൾ

അജ്ഞതയും അബദ്ധവും ഉത്ഭവപാപത്തിന്റെ ദോഷഫലങ്ങളായിട്ടാണു് സകലമനുഷ്യർക്കും അനുഭവപ്പെടുന്നതു്. ഏററവും നല്ല ഉദ്ദേശങ്ങളോടുകൂടിയ മനുഷ്യർക്കും ഈ ന്യൂനതകൾ നിമിത്തം ചിന്താഗതിയിൽ വഴിതെററിപ്പോകുവാൻ ഇടവരുന്നു. പ്രസാദവരത്തിൽ സൃഷ്ടിക്കപ്പെട്ട നമ്മുടെ ആദിമാതാപിതാക്കന്മാർക്കു അവർ ലോകത്തിൽ നിർവ്വഹിക്കേണ്ടിയിരുന്ന കർത്തവ്യങ്ങൾക്കാവശ്യകമായ സകല ജ്ഞാനവും ദൈവം നൽകിയിരുന്നു. അവരുടെ പാപത്താലാണു് ആ നിലയ്ക്കു കോട്ടംഭവിച്ചതു്. അവരുടെ സന്താനങ്ങളായ മനുഷ്യർ ക്രമേണ മൃഗീയമായ അജ്ഞതയിലേക്കു് അധഃപതിക്കുകയും ചെയ്തു. ആദിമകാലത്തെ അപരിഷ്കൃതമനുഷ്യർ നേരിട്ട ഈ അധമാവസ്ഥയ്ക്കു ധാരാളം ലക്ഷ്യങ്ങളുണ്ടല്ലോ. ഉത്ഭവപാപത്തിൽനിന്നു വിമുക്തയാക്കപ്പെട്ടതിനാൽ മാതാവിനെ ഈ ന്യൂനതകളൊന്നും ബാധിക്കുവാൻ ന്യായമില്ല. ആദത്തിനു് ആദ്യം നൽകപ്പെട്ടതും, അദ്ദേഹം പാപം ചെയ്തില്ലായിരുന്നെങ്കിൽ സന്താനങ്ങൾക്കെല്ലാം ലഭിക്കുമായിരുന്നതുമായ ജ്ഞാനം മാതാവിനു നൽകപ്പെട്ടിരുന്നുവെന്നു വിചാരിക്കുവാനാണു് ന്യായം. മാതാവിന്റെ കാര്യത്തിൽ ഈ വൈശിഷ്ട്യംകൊണ്ടുമാത്രം വേദശാസ്ത്രജ്ഞന്മാർ തൃപ്തിയടയുന്നില്ല. ആദം പാപംചെയ്തില്ലായിരുന്നെങ്കിൽ സന്താനങ്ങളെ അജ്ഞതയും അബദ്ധവും ബാധിക്കുമായിരുന്നില്ലെങ്കിലും, ബുദ്ധിവയ്ക്കുന്ന പ്രായംവരെ അവർ ജ്ഞാനരഹിതരായിരുന്നേനെ. ശിശുപ്രായത്തിൽ, മനുഷ്യപ്രകൃതിക്കു സഹജമായ വിധത്തിൽ, ജ്ഞാനം ലഭിക്കുവാനുള്ള അപ്രാപ്തി അവർക്കുണ്ടാകുമായിരുന്നു. ബുദ്ധിയുടെ പ്രവൃത്തിയിൽ ബാഹ്യമായ ഉപകരണമെന്ന നിലയിൽ അവശ്യം സഹകരിക്കേണ്ട തലച്ചോറു് (Brain) ശിശുപ്രായത്തിൽ വേണ്ടിടത്തോളം വികസിക്കുന്നില്ലെന്നുള്ളതാണു് ഇതിന്റെ കാരണം. എന്നാൽ മാതാവിന്റെ കാര്യം ഇതിൽനിന്നു വ്യത്യസ്തമാണെന്നു വേദശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. ഉത്ഭവത്തിന്റെ നിമിഷംമുതൽതന്നെ മാതാവിന്റെ ബുദ്ധിയും മനസ്സും പ്രവർത്തിച്ചിരുന്നുവെന്നാണു് വേദശാസ്ത്രജ്ഞന്മാരുടെ പൊതുവായ അഭിപ്രായം. മാതാവിന്റെ തലച്ചോറു് ആ ഘട്ടത്തിൽ വികസിച്ചിരുന്നില്ലെന്നുള്ള വസ്തുത പ്രസ്തുതാഭിപ്രായത്തിനു് വൈഷമ്യമായി അവർ ഗണിക്കുന്നില്ല. ആ ഘട്ടങ്ങളിൽ മാതാവിനുണ്ടായിരുന്ന ജ്ഞാനം ദൈവദത്തമായി (Infused) ലഭിച്ചതാണെന്നും, അങ്ങനെ ലഭിക്കുന്ന ജ്ഞാനം തലച്ചോറിന്റെ സഹകരണത്തെ ആശ്രയിച്ചിരിക്കുന്നില്ലെന്നുമാണു് അവരുടെ സമാധാനം. അത്തരം ദൈവനിക്ഷിപ്തമായ ജ്ഞാനം സാധാരണനിലയിലുള്ള ചില പുണ്യവാന്മാർക്കു ലഭിച്ചിട്ടുണ്ടെന്നുള്ളതിൽ യാതൊരു സംശയവുമില്ലെന്നും, തന്മൂലം പുണ്യവാന്മാരുടെ രാജ്ഞിയായ മാതാവിനു അതിനെക്കാൾ വളരെ ഉപരിയായ തോതിൽ ലഭിച്ചിരിക്കണമെന്നുമാണു് അവരുടെ വാദം. തന്റെ അമ്മയുടെ ഉദരത്തിൽ ശയിച്ചിരുന്ന കാലഘട്ടത്തിൽപോലും, ദൈവനിക്ഷിപ്തമായ ജ്ഞാനത്താൽ, തന്നെ സംബന്ധിച്ചിടത്തോളം അവശ്യം അറിയേണ്ടിയിരുന്ന കാര്യങ്ങൾ മാതാവു് അറിഞ്ഞിരുന്നു. തനിക്കു ദൈവം പ്രദാനം ചെയ്ത അന്യാദൃശങ്ങളായ അനുഗ്രഹങ്ങളും അവയ്ക്കു നിദാനമായ തന്റെ ദൈവപുത്രന്റെ ഭാവിപീഡാസഹനങ്ങളും അവിടുന്നു ഗ്രഹിച്ചിരുന്നു. തദ്ഫലമായി മററു യാതൊരു സൃഷ്ടിക്കും സാദ്ധ്യമല്ലാത്തതോതിൽ അത്യുപരിയായ സ്നേഹത്തിന്റെയും ആരാധനയുടെയും കാഴ്ചകൾ ആദ്യംമുതൽക്കേ ദൈവത്തിനു സമർപ്പിക്കുവാൻ മാതാവു പ്രാപ്തയാക്കപ്പെട്ടു. ഉത്ഭവംമുതൽക്കുതന്നെ മാതാവിന്റെ ബുദ്ധി പ്രവർത്തിച്ചിരുന്നുവെന്ന അഭിപ്രായം സ്വീകരിച്ചിരിക്കുന്ന വേദശാസ്ത്രജ്ഞന്മാരിൽ ഫ്രാൻസിസു് ദെ സെയിൽസു്, അൽഫോൻസു് ലിഗോരി എന്നീ പുണ്യവാന്മാരുടെ നാമങ്ങൾ പ്രസ്താവ്യമാണു്. പ്രസ്തുതാഭിപ്രായം തിരുസ്സഭയിലെ സാമാന്യമായ ബോധനമായി ഇപ്പോൾ ഗണിക്കപ്പെടാവുന്നതുമാണു്.

### സഹനവും മരണവും

ജീവിതദുരിതങ്ങളുടെ സഹനവും അതിനെ തുടർന്നുള്ള മരണവും ഉത്ഭവപാപത്തിന്റെ ഫലമാണല്ലോ. ഉത്ഭവപാപത്തിൽനിന്നു വിമുക്തയാക്കപ്പെട്ട മാതാവു് പ്രസ്തുത ബലഹീനതകൾക്കു് വിധേയയായതെന്തുകൊണ്ടു്? ഇതിനു മറുപടി നമ്മുടെ കർത്താവുതന്നെ സ്വയം സ്വീകരിച്ച സഹനങ്ങളിലും മരണത്തിലുമാണു് കാണേണ്ടതു്. മനുഷ്യപാപത്തിനു പരിഹാരം ചെയ്വാൻ ദൈവപുത്രൻ തന്റെ മനുഷ്യസ്വഭാവത്തിൽ സഹിക്കുകയും മരിക്കുകയും ചെയ്യണമെന്നാണു് ദൈവം അനന്തമായ സ്നേഹത്താലും നീതിയാലും നിശ്ചയിച്ചതു്. ആ ദൈവപുത്രന്റെ അമ്മയെന്നനിലയിൽ, പരിത്രാണകർമ്മത്തിൽ പുത്രനോടൊന്നിച്ചു പങ്കുവഹിക്കേണ്ടിയിരുന്നവളെന്നനിലയിൽ, സഹനത്തിനും മരണത്തിനും മാതാവു വിധേയയാകുന്നതു് ഏററവും സമുചിതമായിരിക്കുന്നു. പാപത്തെ ഹനിക്കുവാൻ വന്ന തന്റെ പുത്രൻ അവകാശപ്പെടുവാൻ വിസമ്മതിച്ച പ്രത്യേകാനുകൂല്യങ്ങൾ, പാപരഹിതയാണെന്നുള്ള ന്യായത്താൽമാത്രം മാതാവു് അവകാശപ്പെടുക ഏററവും അനുചിതമാണു്. "നീ ദുഃഖത്തിൽ മക്കളെ പ്രസവിക്കും" എന്നു് ദൈവം ഹവ്വായോടുച്ചരിച്ച ശാപവാക്യം മാതാവിനു ബാധകമല്ല. സാധാരണമാതാക്കൾക്കുള്ള ശാരീരികദുഃഖമൊന്നും കൂടാതെയാണു് മാതാവു് തന്റെ ദിവ്യകുമാരനെ ഉദരത്തിൽനിന്നു സൂര്യവെളിച്ചത്തിലേക്കു കൊണ്ടുവന്നതു്. രോഗം മുതലായി ആരോഗ്യസംബന്ധമായ ന്യൂനതകൾക്കും മാതാവു് ഒരിക്കലും വിധേയയായിട്ടില്ല. തന്റെ തിരുക്കുമാരൻ അവയിൽനിന്നെല്ലാം വിമുക്തനായിരുന്നതുപോലെ മാതാവും വിമുക്തയായിരുന്നു. ഉത്ഭവപാപത്തിനു മുൻപു് ഹവ്വ മരണത്തിനു വിധേയയാകാൻ കടപ്പെടാതിരുന്നെങ്കിൽ കൂടുതൽ സ്ഥാനമാഹാത്മ്യമുള്ള രണ്ടാമത്തെ ഹവ്വായായ മാതാവും മരണവിധിക്കു വിധേയയാകാതിരിക്കേണ്ടതു ന്യായം മാത്രമാകുന്നു. എങ്കിലും മരണം സ്വയം വരിച്ച തന്റെ ദിവ്യപുത്രനോടു് അനുരൂപപ്പെടുവാനും, ആ പുത്രൻ അനുഭവിക്കാൻ വിസമ്മതിച്ച പ്രത്യേകാനുകൂല്യം തനിക്കും വേണ്ടെന്നുവച്ചുമാണു് മാതാവു് മരണത്തിനു വിധേയയായതു്. പ്രായാധിക്യത്തിന്റെയോ രോഗത്തിന്റെയോ ഫലമല്ലായിരുന്നു മാതാവിന്റെ മരണം. ദൈവത്തോടുള്ള സ്നേഹം ഏതാണ്ടു് പാരമ്യത്തിലെത്തുകയും, അതിന്റെ വിജൃംഭണത്തെ ഉള്ളിൽ ഒതുക്കി നിർത്തുവാൻ അവിടുത്തെ ശരീരത്തിനു ശക്തിയില്ലാതാകുകയും ചെയ്തപ്പോൾ അവിടുത്തെ ആത്മാവു് അതിൽനിന്നും നിർഗ്ഗമിക്കുകയാണുണ്ടായതു്. തദനന്തരം ആത്മാവും ശരീരവും വീണ്ടും യോജിച്ചു മാതാവു ഉയിർക്കുകയും, ആത്മശരീരങ്ങളോടുകൂടിത്തന്നെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെടുകയും ചെയ്തു. ആദികാലം മുതൽ തിരുസ്സഭയിൽ വിശ്വസിച്ചുപോന്ന ഈ വസ്തുത നമ്മുടെ പരിശുദ്ധ പിതാവു് ഒരു വിശ്വാസസത്യമായി ഈയിടെ പ്രഖ്യാപിക്കുകയും ചെയ്തല്ലോ. ഇങ്ങനെ ഉത്ഭവംമുതൽ സ്വർഗ്ഗാരോഹണംവരെ ആത്മാവിലും ശരീരത്തിലും അനിതരസാധാരണങ്ങളായ അനുഗ്രഹങ്ങളാൽ ദൈവം സംഭൂഷിതയാക്കിയ നമ്മുടെ അമ്മയാണു് സ്വർഗ്ഗത്തിൽ രാജ്ഞിയായി വാണുകൊണ്ടിരിക്കുന്നതു്. കണ്ണുനീരിന്റെ താഴ്‌വരയിൽ ജീവിതദുരിതങ്ങൾക്കും മരണത്തിനും വിധേയരായി ജീവിക്കുന്ന മനുഷ്യമക്കളായ നമുക്കു് ഇതെന്തൊരാശ്വാസം, എന്തൊരു സൗഭാഗ്യം!!

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## വിജ്ഞാപനം

ക്രിസ്തുസ് പ്രമാണിച്ചു് ഓഫീസൊഴിവാകയാൽ അടുത്തയാഴ്ചയിൽ സത്യദീപം ഉണ്ടായിരിക്കുന്നതല്ല.

സ്ഥലച്ചുരുക്കത്താൽ ഇടവകവാർത്തകൾ അടുത്തലക്കത്തിലേക്കു മാററിവച്ചിരിക്കുന്നു.

## In loving memory of



Cherian A. Manjuran, Cherai
Died 17th dec. 1949
Merciful Jesus Grant him eternal rest.

യൗസേപ്പുപിതാവിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. 5 ക.

T. J. Scaria, Arakulam

മോൺ: ജേക്കബ് നടുവത്തുശ്ശേരിയുടെ അവതാരിക. ഇംഗ്ലീഷിൽ തർജ്ജമ ചെയ്യുന്നു. "രാഷ്ട്രവും വിദ്യാഭ്യാസവും" എന്ന പുസ്തകം. മരിയൻകോൺഗ്രസ്സ് ഗ്രൗണ്ടിലുള്ള സ്റ്റാളുകളിലും ബ്രോഡ്‌വേയിൽ മുകന്നൂർ റിലിജിയസ് ഡിപ്പോയിലും കിട്ടുന്നതാണു്.

ഗ്രന്ഥകർത്താവു്: പി. വി പവര
വില 10 ണ.

## അറിയിപ്പ്

ഉപ്പുതറ സത്യദീപത്തിന്റെ ഏജൻറായി മി. ജി. ററി. മാത്യു, ഗണപതിപ്ലാക്കൽ-നെ നിയമിച്ചിരിക്കുന്നു. സത്യദീപം ആവശ്യമുള്ളവർക്കു് അന്നിമുട്ടിൽ ഹോട്ടലിൽനിന്നും വാങ്ങിക്കാവുന്നതാണു്.

മാനേജർ

## പരേതനായ



ആലപ്പാട്ട സി. ജോസഫ്
(തൃശ്ശൂർ മെത്രാൻ തിരുമനസ്സിലെ ജ്യേഷ്ഠസഹോദരൻ)


## വിതയത്തിൽ ബ്രദേഴ്സ്

ആഭരണവ്യാപാരം
ചെട്ടിഭാഗം—വരാപ്പുഴ

പരിഷ്കൃതരീതിയിലുള്ള എല്ലാവിധ ആഭരണങ്ങളും ഓർഡറനുസരിച്ചു് മിതമായനിരക്കിനും കൃത്യസമയത്തും ചെയ്തുകൊടുക്കുന്നതാണു്.

സെൻറ് മേരീസ്
സി. വൈ. എം. എ. ബുക്ക്സ്റ്റാൾ
മരിയൻകോൺഗ്രസ്സ് ഗ്രൗണ്ടു്
എറണാകുളം

കാസ, കുസ്തോദി, അരുളിക്ക, മുത്തുക്കുട, തിരിക്കാൽ മുതലായ പള്ളിസാമാനങ്ങളും കത്തോലിക്കാപ്രസിദ്ധീകരണങ്ങളും വില്ക്കപ്പെടുന്നതാണു്.

എന്നു് പ്രസിഡൻറു്
മെത്രാപ്പോലീത്തൻ പള്ളിവികാരി
എറണാകുളം


## ഗംഭീരസ്വീകരണം

ഇൻറർനൺഷിയോ തിരുമേനിക്കു്

മരിയൻ കോൺഗ്രസ്സിൽ അദ്ധ്യക്ഷതവഹിക്കുവാൻ ആഗതനാകുന്ന അപ്പസ്തോലിക്കു് ഇൻറർനൺഷിയോ തിരുമനസ്സുകൊണ്ടു മദ്രാസിൽനിന്നു എക്സ്പ്രസ് ട്രെയിനിൽ പ്രത്യേകം ഘടിപ്പിക്കുന്ന വാനിൽ 31-ാംനു- ഞായറാഴ്ച 11 മണിയോടുകൂടി എത്തിച്ചേരുന്നതാണു്.

തിരുമേനിയെ സൗത്തു റെയിൽവെ സ്റ്റേഷനിൽവച്ചു സ്വീകരിച്ചു രണ്ടു കുതിരകൾ പൂട്ടിയ വണ്ടിയിൽ ഡർബാർഹാൾവഴി ഘോഷയാത്രയായി ഹസ്സൂർ ജെട്ടിയിലേക്കും അവിടെനിന്നു മുണ്ടൻവള്ളങ്ങളുടേയും ബോട്ടുകളുടേയും അകമ്പടിയോടുകൂടി പ്രത്യേക ബോട്ടിൽ ബോൾഗാട്ടിയിലേക്കും ആനയിക്കുന്നതാണു്. സ്വീകരണത്തിനു് രാജപ്രമുഖൻ, കൊച്ചി മഹാരാജാവു്, 3 മെത്രാപ്പോലീത്താമാർ, ൪ മെത്രാന്മാർ, മന്ത്രിമാരാദിയായവരും സന്നിഹിതരായിരിക്കും. ഘോഷയാത്രയിൽ നെററിപ്പട്ടം കെട്ടിയ 3 ഗജവീരന്മാർ, വിവിധതരം താളമേളങ്ങൾ, പോലീസ്, ബാൻഡ്, മുത്തുക്കുടകൾ ആദിയായ ആഡംബരങ്ങളും സ്റ്റേററുപട്ടാളം, സ്കൗട്ടുകൾ, ഗേൾഗൈഡ്സ് മുതലായവരും ഉണ്ടായിരിക്കും.

ഇൻറർനൺഷ്യോയുടെ ബഹുമാനാർത്ഥം സമ്മേളനാനന്തരം രാത്രി എട്ടുമണിക്കു് ബോൾഗാട്ടി പാലസിൽവച്ചു് മരിയൻ കോൺഗ്രസ്സുവക ഒരു ഭോജനവിരുന്നും, പിറേറദിവസമായ ജനുവരി 1-ാംനു- വൈകുന്നേരം സെൻറാൽബർട്ട്സ് കോളേജിൽവച്ചു ആയിരത്തഞ്ഞൂറോളം അതിഥികൾ ചേർന്നുള്ള ഒരു ഗാർഡൻ പാർട്ടിയും നടത്തുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തുവരുന്നു.

## തീയതിമാററി

ഇൻറർനൺഷ്യോ തിരുമനസ്സിലെ സൗകര്യംപ്രമാണിച്ചു് കേരളമരിയൻകോൺഗ്രസ്സിന്റെ തീയതി മാററി ഡിസംബർ 29, 30, 31 എന്നീ തീയതികളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

# കേരളമര്യൻകോൺഗ്രസ്

## പൊതുസമ്മേളനങ്ങൾ (A)

ഡിസംബർ 29

വിഷയം: മറിയവും ക്രിസ്തീയ ജീവിതവും.

പ്രസംഗകൻ: മി. ഇ. പി. ഐസക് ബി. എ. ബി. ടി.

ഡിസംബർ 30

വിഷയം: ഉത്തരീയ സന്ദേശം

പ്രസംഗകൻ: വെരി റവ. ഫാ. എവിഞ്ഞേസ്യൂസ് ഒ. സി. ഡി.

വിഷയം:— ലോകത്തിൽ മറിയത്തിന്റെ ദൈവികദൌത്യം

പ്രസംഗകൻ: വെരി റവ. ഫാ. പോൾ കാക്കശ്ശേരി പിഎച്ച് ഡി. ഡി. ഡി.

വിഷയം: മറിയം സ്ത്രീത്വത്തിന്റെ മാതൃക

പ്രസംഗക: മിസ് എലിസബത്തു ജോൺ ബി. എ. എൽ. ടി.

## പ്രത്യേകസമ്മേളനങ്ങൾ

ഡിസംബർ 30

വിഷയം: വിൻസെന്റു ഡി പോൾ കോൺഫറൻസുകൾ

അദ്ധ്യക്ഷൻ: റൈററ് റവ. മോൺ. ആന്റണി പുളൂശേരി
പ്രസംഗകർ: 1. മി. ജോർജ്ജ് തോമസ് കൊട്ടുകാപ്പള്ളി
2. മി. ഡേവിഡ് മഹാപിള്ള

വിഷയം: മര്യൻ സൊഡാലിററികൾ (A)

അദ്ധ്യക്ഷൻ: റൈററ് റവ. മോൺ. ജോർജ്ജ് നെടുമ്പറമ്പിൽ
പ്രസംഗകർ: 1. മി. പി. ടി. തോമസ് എം. എ. എൽ. ടി.
2. മി. സി. എൽ. ആന്റണി എം. എ.

വിഷയം: "ഇടവകകളിലെ വേദപാഠം" (C)

അദ്ധ്യക്ഷൻ: റൈററ് റവ. മോൺ. പോത്തനാമുഴി പി. എച്ച് ഡി., ഡി. ഡി.
പ്രസംഗകർ: 1. റവ. ഫാ. മൈക്കിൾ ആററുകുളം ഡി. ഡി.
2. മി. എം. പി. ദേവസ്സി

വിഷയം: "ക്രൈസ്തവപുനരൈക്യം"

അദ്ധ്യക്ഷൻ: വെ. റവ. ഫാ. പ്ലാസിഡ് ടി. ഒ. സി. ഡി.
പ്രസംഗകർ: 1. റവ. ഫാ. തോമസ് വടശേരി എൽ. ഡി.
2. മി. ജോൺ ബി. എസ് സി.

വിഷയം: "ഇടവകവൈദികരും സന്യാസവൈദികരും" (C)

അദ്ധ്യക്ഷൻ: റൈററ് റവ. മോൺ. ജോസ് അൽവാരസ് തിരുമേനി
പ്രസംഗകർ: 1. റൈററ് റവ. മോൺ ഫിലിപ്പ് [illegible]
2. വെ. റവ. ഫാ. ജോർജ്ജ് മണ്ണാറ

വിഷയം: "കത്തോലിക്കാ മാതാക്കൾ" (B)

അദ്ധ്യക്ഷൻ: റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ട്
പ്രസംഗകർ: 1. മിസിസ് മേരി അലക്സാണ്ടർ ബി. എ. എൽ. ടി.
2. മിസിസ് മറിയക്കുട്ടി ജോൺ ബി. എ. ബി. എൽ.

വിഷയം: "കത്തോലിക്കാ വനിതകൾ" (B)

അദ്ധ്യക്ഷൻ: റൈററ് റവ. മാർ സെബേറിയോസ് ബി.എ.ഡി.ഡി.തിരുമേനി
പ്രസംഗകർ: 1. മിസ് റോസ് സേവ്യർ എം. എ.
2. മിസ് മേരി ചെറിയാൻ എം. എ.

വിഷയം: "മിഷൻ പ്രവർത്തനങ്ങൾ"

അദ്ധ്യക്ഷൻ: വെ. റവ. മോൺ. ജോസഫ് വെട്ടിക്കുഴി
പ്രസംഗകർ: 1. വെ. റവ. ഫാ. സക്കറിയാസ് വാഴപ്പിള്ളി
2. റവ. ഫാ. സേവ്യർ കന്നിയാമ്പുറം എം. എ.

വിഷയം: "കത്തോലിക്കാപ്രവർത്തനം"

അദ്ധ്യക്ഷൻ: വെ. റവ. മോൺ. ജേക്കബ് നടുവത്തുശേരി
പ്രസംഗകർ: 1. മി. സി. എ. പോൾ എം. എ.
2. മി. പീററർറെഡി എം. എ. എൽ. ടി.

വിഷയം: "ദിവ്യകാരുണ്യബാലക്രൂശ്‌യോദ്ധാക്കൾ" (A)

അദ്ധ്യക്ഷൻ: വെ. റവ. ഫാ. ജോസഫ് കോയിൽപറമ്പിൽ എസ്. ജെ.
പ്രസംഗകർ: 1. റവ. ഫാ. മാത്യു മങ്കുഴിക്കരി
2. മി. കെ. എ. പോൾ

ഡിസംബർ 31

വിഷയം: "മാനേജർമാരും അദ്ധ്യാപകരും"

അദ്ധ്യക്ഷൻ: മി. ജെ. പിൻഹീറോ ബി. എ. ബി. ടി.
പ്രസംഗകർ: 1. മി. ജോസഫ് പെട്ട എം. എ.
2. മി. ടി. ആർ. എബ്രഹാം ബി. എ. എൽ. ടി.

വിഷയം: "കത്തോലിക്കാ യുവജനങ്ങൾ"

അദ്ധ്യക്ഷൻ: റവ. ഫാ. തോമസ് നെടുങ്കല്ലേൽ എം. എ. ബി. ടി.
പ്രസംഗകർ: 1. മി. ഹെൻറി ഓസ്റ്റിൻ ബി. എ. ബി. എൽ.
2. മി. എം. ഒ. ജോസഫ നെടുങ്കുന്നം

വിഷയം: "തൊഴിലാളികൾ"

അദ്ധ്യക്ഷൻ: വെ. റവ. ഫാ. ജെറോം ടി. ഒ. സി. ഡി.
പ്രസംഗകർ: 1. മി. കെ. ജെ. സിറിയക്ക് എം. എ. ബി. എൽ.
2. മി. എ. എൻ. ജോൺ ബി. എ. ബി. എൽ.

വിഷയം: "അത്മായർ"

അദ്ധ്യക്ഷൻ: മി. ജോസഫ് മാളിയക്കൽ ബി. എ. ബി. എൽ.
പ്രസംഗകർ: 1. മി. കെ. സി. ചാക്കോ എം. എ. ബി. ഇ.
2. മി. എ. ജി. അഗസ്റ്റിൻ ബി. എ.

ANNOUNCING
the opening of their
BRANCH
at
BROADWAY
ERNAKULAM
on
27th December 1950
Chakola's Silk House,
TRICHUR

കടുത്തുരുത്തി
കാരാമയിൽ സി. ദ. ബ്രദേഴ്സ്
സ്വർണ്ണവ്യാപാരം
പരിഷ്കരിച്ച പണിവാസന
പരിപൂർണ്ണ ഉത്തരവാദിത്വം

മരിയൻകോൺഗ്രസ് ഗൈഡ്
ഇതാ പുറത്തിറങ്ങിയിരിക്കുന്നു
വില 8 ണ. അഞ്ചൽക്കൂലി 2 ണ.
ആവശ്യപ്പെടേണ്ടും മേൽവിലാസം:—
മരിയൻകോൺഗ്രസ് ഓഫീസ്, എറണാകുളം OR ബോസ്കോ കലാസമിതി, എറണാകുളം

വിഷയം: "ലീജിയൻ ഓഫ് മേരി" (B)

അദ്ധ്യക്ഷൻ: റൈററ് റവ. മോൺ. ഗ്രേഷ്യൻ ഫെർണാൻഡസ്
പ്രസംഗകർ: 1. റവ. ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നൽ ബി. എ.
2. മി. എ. ഫ്രാൻസിസ് ആറാടൻ

വിഷയം: "കന്യാസ്ത്രീകൾ" (മലയാളം)

അദ്ധ്യക്ഷൻ: റൈററ് റവ. മാർ സെബാസ്റ്റ്യൻ വയലിൽകളപ്പുര തിരുമേനി
പ്രസംഗകർ: 1. റവ. സിസ്റ്റർ കാർമോസിററാ എം. എ.
2. റവ. സിസ്റ്റർ മേരി പ്രസിന്റേഷൻ എം. എ.

വിഷയം: "Sisters and Nuns" (ഇംഗ്ലീഷ്) (B)

അദ്ധ്യക്ഷൻ: റൈററ് റവ. മോൺ. അംബ്രോസ് ഒ. സി. ഡി. തിരുമേനി
പ്രസംഗകർ: 1. റവ. സിസ്റ്റർ വെറോനിക്കാ എഫ്. എം. എം.
2. റവ. സിസ്റ്റർ കോൺസെപ്ററാ എം. എ.

വിഷയം: "ഫ്രാൻസിസ്കൻ മൂന്നാംസഭ" (A)

അദ്ധ്യക്ഷൻ: മോസ്റ്റ് റവ. ഡോക്ടർ ജോസഫ അട്ടിപ്പേററി തിരുമേനി
പ്രസംഗകർ: 1. മി. പി. ഡി. ദൊമ്മർ എം. എ. ബി. എൽ.
2. മി. തോമസ് മാക്കീൽ ബി. എ. ബി. എൽ.

വിഷയം: "കർമ്മലീത്താ മൂന്നാംസഭ"

അദ്ധ്യക്ഷൻ: റൈററ് റവ. ഡോക്ടർ ബനവന്തുരാ ഒ. സി. ഡി. തിരുമേനി
പ്രസംഗകർ: 1. മി. ജോസഫ തളിയത്തു എം. എ. ബാർ അററ് ലാ
2. മി. ഈ. ജെ. ആന്റണി ബി. എ. എൽ. ടി.

---

(A) ഈ അടയാളമിട്ടിരിക്കുന്നവ കോൺഗ്രസ്സ് പന്തലിൽവച്ചു നടത്തപ്പെടുന്നതാണ്.

(B) സെന്റ് തെരേസാസ് കോളെജിൽ നടത്തപ്പെടുന്നവ

(C) തേവര സേക്രഡ് ഹാർട്ട് കോളെജിൽ നടത്തപ്പെടുന്നവ

അടയാളമില്ലാത്തവ സെൻറാൽബർട്ട്സ് കോളെജിൽവച്ച് നടത്തപ്പെടും.

N. B. ബ. വൈദികർക്കും കന്യാസ്ത്രീകൾക്കും സമ്മേളനങ്ങളിൽ സീററു ലഭിക്കുന്നതിനു ടിക്കററ് ആവശ്യമില്ല.

ഫാത്തിമാബാലസമിതി

# മരിയൻകോൺഗ്രസ്സ്

പ്രിയകുഞ്ഞുങ്ങളേ,

കേരളസഭാചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെടേണ്ട ഒരു മഹാസമ്മേളനമാണ് ഈ മാസം 29, 30, 31 എന്നീ തീയതികളിൽ എറണാകുളത്തുവച്ച് നടക്കുവാൻ പോകുന്നത്. നിങ്ങളുടെ ജീവിതകാലത്ത് എന്നും സന്തോഷത്തോടും അഭിമാനത്തോടും കൃതജ്ഞതയോടുംകൂടി സ്മരിക്കാവുന്നതും സ്മരിക്കേണ്ടതുമായ ഒന്നായിരിക്കും പ്രസ്തുത സമ്മേളനം.

"മരിയൻ കോൺഗ്രസ്", "മരിയൻ കോൺഗ്രസ്". കഴിഞ്ഞ അഞ്ചാറ് ആഴ്ചകളായി പല ദിനപത്രങ്ങളിലും വാരികകളിലും മാസികകളിലും മത്തങ്ങാ അക്ഷരങ്ങളിലും വെണ്ടയ്ക്കാ അക്ഷരങ്ങളിലും, ചില ലേഖനങ്ങൾക്കും വാർത്തകൾക്കും പരസ്യങ്ങൾക്കും കൊടുത്തിരുന്ന തലക്കെട്ടുകളാണ് അവ. എന്താണ് ഈ "മരിയൻ കോൺഗ്രസ്"? നമ്മുടെ എത്രയും പരിശുദ്ധ അമ്മയുടെ ബഹുമാനാർത്ഥം വിവിധ പരിപാടികളോടുകൂടി നടത്തുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന ഒരു ഘോഷമാണ് ഇത്!

നിങ്ങളുടെ അമ്മമാർ നിങ്ങളോടുള്ള പ്രത്യേക വാത്സല്യം മുഖാന്തിരം വിശേഷമായ വസ്ത്രങ്ങൾ തയിച്ച് അല്ലെങ്കിൽ തയിപ്പിച്ച് നിങ്ങൾക്ക് തന്നിട്ടുണ്ടല്ലോ. ഇതുപോലെതന്നെ സ്വർഗ്ഗസ്ഥയായ നമ്മുടെ എത്രയും പരിശുദ്ധ അമ്മ നമ്മോടുള്ള അവിടുത്തെ പ്രത്യേകവാത്സല്യം നിമിത്തം, ഒരു വിശുദ്ധവസ്ത്രം നമുക്ക് നൽകിയിട്ടുണ്ട്. നിങ്ങളെല്ലാവരും ഭക്തിബഹുമാനപുരസ്സരം ധരിക്കേണ്ടതും ധരിക്കുന്നതുമായ ഉത്തരീയമാണ് ഈ വസ്ത്രം. ഇതു നമ്മുടെ അമ്മ നമുക്ക നൽകിയിട്ട് ഇപ്പോൾ 700 കൊല്ലങ്ങളായിരിക്കുന്നു. തത്സംബന്ധമായ ജൂബിലിയാണ് ഈ കൊല്ലം— അതായത് ഇക്കഴിഞ്ഞ ജൂലായി ഒന്നാം തീയതി മുതൽ അടുത്ത ജൂലായി 31-ാംനു-വരെ— നാം ആഘോഷിക്കുന്നത്. നമ്മുടെ അമ്മ നമുക്ക് നൽകിയിട്ടുള്ള ഈ മഹാദാനത്തെപ്രതി അങ്ങയോടു സ്നേഹവും കൃതജ്ഞതയും പ്രദർശിപ്പിക്കുന്നതിനു വേണ്ടിയാണ് ഈ ജൂബിലിവത്സരത്തിൽ കേരളീയരെല്ലാവരും ഒന്നുചേർന്നു ഇപ്രകാരമൊരു മഹാമഹം കൊണ്ടാടുന്നത്.

കേരളക്കരയിലെ ക്രിസ്ത്യാനികൾ പണ്ടുമുതലേ പരി. കന്യകമറിയത്തോടുള്ള ഭക്തിയിൽ മികച്ചവരാണ്. ഈ അമ്മയോടുള്ള സ്നേഹബഹുമാനങ്ങളുടെ ആധിക്യം നിമിത്തം അവിടുത്തോട് തങ്ങളുടെ ഭക്തി പ്രകടിപ്പിക്കുവാൻ എല്ലാ മാർഗ്ഗങ്ങളും നമ്മുടെ പൂർവ്വികന്മാർ സ്വീകരിച്ചിരുന്നു. ഉത്തരീയഭക്തിയിലും ജപമാലഭക്തിയിലും മററും ഇതരരാജ്യക്കാരെ അപേക്ഷിച്ച് ഉന്നതമായ ഒരു സ്ഥാനം കരസ്ഥമാക്കുവാൻ അവർക്കു സാധിച്ചതിന്റെ രഹസ്യം ഇതാണ്. നമ്മുടെ രാജ്യം മരിയാരാജ്യം എന്നു വിളിക്കപ്പെടത്തക്കവിധത്തിൽ അത്യധികമായ ഭക്തി നാം ഈ അമ്മയോടു പ്രദർശിപ്പിച്ചുപോന്നിട്ടുണ്ട്. അതുകൊണ്ട് ഈ പരിശുദ്ധ അമ്മയുടെ ബഹുമാനാർത്ഥം ഒരു കോൺഗ്രസ് നമ്മുടെ നാട്ടിൽ നടത്തുവാൻ തീരുമാനിക്കപ്പെട്ടിരിക്കുന്നതു് ഏററവും സമുചിതമായിരിക്കുന്നു.

ഈ അവസരത്തിൽ നാം എന്തു ചെയ്യണമെന്നാണല്ലോ അറിയേണ്ടത്. തന്റെ പ്രിയ മക്കളുടെ സ്ഥാനവസ്ത്രം കൊണ്ട് നമ്മെ അലങ്കരിക്കുവാനും അപകടങ്ങളിൽനിന്നു രക്ഷിക്കുവാനും തിരുമനസ്സായതിൽ ദൈവജനനിയോടുള്ള സ്നേഹവും കൃതജ്ഞതയും നാം പ്രകാശിപ്പിക്കണം. അതിനായി പ്രത്യേകം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് "മരിയൻകോൺഗ്രസ്". ഈ കോൺഗ്രസ് ഏററവും വിജയപ്രദമായി പര്യവസാനിക്കുന്നതിനുവേണ്ടി, അതു കഴിയുന്നതുവരെ എല്ലാ ദിവസവും കുഞ്ഞുമക്കളെല്ലാവരും തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുകയും നിങ്ങളുടെ ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യണം. സാധിക്കുന്നവരെല്ലാം ഇതിൽ സംബന്ധിക്കുവാൻ ശ്രമിക്കുന്നതു് നല്ലതാണ്. ഈ കോൺഗ്രസ് ദിവസങ്ങളിൽ കുഞ്ഞുമക്കളെല്ലാവരും ഒരു പ്രതിജ്ഞചെയ്യണമെന്നാണ് വല്യച്ചന്റെ ആഗ്രഹം. മരണംവരെ എല്ലായ്പോഴും ഭക്തിപൂർവ്വം കർമ്മലോത്തരീയം, അതില്ലാതെ വന്നാൽ ആശീർവ്വദിക്കപ്പെട്ട കാശുരൂപമെങ്കിലും ധരിച്ചുകൊള്ളാമെന്നും, ഈ വിശുദ്ധ വസ്ത്രത്തിനനുയോജ്യമായ വിശുദ്ധിയോടുകൂടി ജീവിച്ചുകൊള്ളാമെന്നുമുള്ളതാണ് ആ പ്രതിജ്ഞ. കർമ്മലനാഥ എല്ലാവരേയും ആശീർവ്വദിക്കുകയും അവിടുത്തെ തിരുവസ്ത്രത്തിൻകീഴ് എല്ലാവരേയും സംരക്ഷിക്കുകയും ചെയ്യട്ടെ.

ഉണ്ണിയീശോയുടെ പിറവിത്തിരുനാളാണല്ലോ അടുത്ത തിങ്കളാഴ്ച. അന്നു് നിങ്ങളെല്ലാവരും ദിവ്യകാരുണ്യംവഴി ഉണ്ണിയീശോയെ നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കുമെന്നാണ് വല്യച്ചന്റെ ദൃഢമായ വിശ്വാസം. ഉണ്ണിയീശോ നിങ്ങളുടെ ഹൃദയത്തിൽ വരുമ്പോൾ രണ്ടു സംഗതികൾ പ്രധാനമായി നിങ്ങൾ അങ്ങയോടപേക്ഷിക്കണം. (1) കത്തോലിക്കാ സഭയുടെ അവകാശങ്ങൾക്ക് യാതൊരു ഹാനിയും നേരിടാതെ, ഇന്നത്തെ വിദ്യാഭ്യാസസംബന്ധമായ കുഴപ്പങ്ങൾ ഉടൻ അവസാനിക്കുക. (2) മനുഷ്യവർഗ്ഗത്തെ അന്ധകാരത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസവും മററു പ്രസ്ഥാനങ്ങളും ഭൂമുഖത്തുനിന്നും ഇല്ലാതാകുക.

പിറവിത്തിരുനാളിന്റെ മംഗളങ്ങൾ കുഞ്ഞുമക്കൾക്കെല്ലാവർക്കും ഓരോരുത്തർക്കും വല്യച്ചൻ ആശംസിച്ചുകൊള്ളുന്നു.

എന്നു് സ്വന്തം വല്യച്ചൻ.

The Indian Insurance & Banking Corporation Ltd.,
H. O. TRIHUR
Branches: ALWAYE, CALICUT, CHOWGHAT, SALEM, TATTAMANGALAM, TIRUR & TRICHUR
ചാവക്കാട്ടു ബ്രാഞ്ചിൽനിന്നു തുടങ്ങുന്ന പുതിയ
— കൊല്ലക്കുറി —
ഒന്നാമത്തെ തവണ 10—1—1951
കോർപൊറേഷൻ പന്തിയായി 32 നറുക്കും നറുക്കൊന്നുക്ക് 1000ക. വീതം ആകെ സല 32000ക.യും 16 തവണകളും ഓരോ തവണക്ക് ഒരു നറുക്ക് എടുപ്പാനും ഒരു നറുക്ക് ലേലം വിളിപ്പാനും മററും നിശ്ചയങ്ങളോടുകൂടി 1951 ജനുവരി 10-ാംനു-മുതൽ ഒരു പുതിയ കൊല്ലക്കുറി തുടങ്ങുന്നതാകുന്നു. കുറിയിൽ കുറഞ്ഞതു 16-ൽ ഒരംശം(62ക. 8ണ.)യുടെ വീതം വരെ ചേരാവുന്നതാണ്. കൂടുതൽ വിവരങ്ങൾ ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.
AGENT

## മാതാവിന്റെ സ്വർഗ്ഗാരോപണം



എറണാകുളം സെൻറ് മേരീസ് കോൺവൻറു വിദ്യാർത്ഥിനികൾ പ്രദർശിപ്പിച്ച ടാബ്ളോ.

## നിങ്ങൾക്കറിയാമോ?

1. ഇംഗ്ലണ്ടിൽ ഹയരാർക്കി പുനഃസ്ഥാപിതമായിട്ട് എത്രവർഷമായി?

2. അവിടെ ഹയരാർക്കിഭരണം നിന്നുപോയതു ഏതുകൊല്ലത്തിലാണ്?

3. ഹയരാർക്കി പുനഃസ്ഥാപിതമായ ശേഷം ഇംഗ്ലണ്ടിൽ ഭരണം നടത്തിയിട്ടുള്ള കർദ്ദിനാളന്മാർ ആരെല്ലാം?

ഉത്തരം

1. നൂറുവർഷം. അതിന്റെ ശതാബ്ദജൂബിലി ഇക്കഴിഞ്ഞ സെപ്റ്റംബർ അവസാനവാരത്തിൽ ആഘോഷിക്കയുണ്ടായി. മാർപ്പാപ്പായുടെ പ്രതിനിധിയായി നിയമിക്കപ്പെട്ട വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ കർദ്ദിനാൾ ഗ്രിഫിനെക്കൂടാതെ 6 കർദ്ദിനാളന്മാരും 60-ഓളം മെത്രാപ്പോലീത്താമാരും മെത്രാന്മാരും തദവസരത്തിൽ സന്നിഹിതരായിരുന്നു.

2. 1559-ൽ. അക്കൊല്ലത്തിലാണ് എലിസബത്തുരാജ്ഞി, തന്നെ ഇംഗ്ലണ്ടിലെ സഭയുടെ പരമാധികാരിയായി അംഗീകരിക്കാതിരുന്ന എല്ലാ മെത്രാന്മാരെയും അന്യായമായി സ്ഥാനഭ്രഷ്ടരാക്കിയതും കാരാഗൃഹത്തിലടച്ചതും. അതിനുശേഷം 1850വരെ മിഷൻ പ്രിഫെക്ററുമാരും വികാരിഅപ്പസ്തോലിക്കമാരുമല്ലാതെ മെത്രാന്മാരാരും അവിടെ ഭരണം നടത്തിയിട്ടില്ല.

3. കാർഡിനൽവൈസ്മൻ (1850-1865); കാർഡിനൽ മാനിംഗ് (1865-1892); കാർഡിനൽ വോൺ (1892-1903); കാർഡിനൽ ബൂൺ (1903-1935); കാർഡിനൽഹിൻസ്ലി (1935-1943); കാർഡിനൽ ഗ്രിഫിൻ (1943-)

കഴിഞ്ഞലക്കത്തിലെ

പ്രശ്നത്തിന്റെ ഉത്തരം

പിതാവിന്റെ വയസ്സ് 40; പുത്രന്റേതു് 10.

## കേരളയാക്കോബായരും ദൈവമാതൃഭക്തിയും

(6-ാം പേജ് തുടർച്ച)

കുർബാന, കാനോനികജപം ആദിയായവയിൽ ദൈവമാതാവിനെ വിളിച്ചു പല പ്രാവശ്യം കേരളയാക്കോബായർ പ്രാർത്ഥിക്കുന്നു. എല്ലാ ബുധനാഴ്ചകളിലേയും നോമ്പിനു പുറമെ മാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനുമുമ്പു പതിനഞ്ചുനോമ്പും ജനനത്തിരുനാളിനു മുമ്പു എട്ടുനോമ്പും കേരളയാക്കോബായർ ആചരിക്കുന്നുണ്ട്.

മാതാവിന്റെ ബഹുമാനാർത്ഥം കേരളയാക്കോബായർ ആഘോഷിക്കാറുള്ള പ്രധാന തിരുനാളുകൾ താഴെ പറയുന്നവയാണ്:-

വിത്തുകളെപ്പററി ദൈവമാതാവിന്റെ ഓർമ്മ (ജനുവരി 15); വചനിപ്പ് അഥവാ മംഗളവാർത്ത (മാർച്ച് 25); കതിരുകളെപ്പററി ദൈവമാതാവിന്റെ ഓർമ്മ (മേയ് 15); സ്വർഗ്ഗാരോപണം (ഓഗസ്റ്റ് 15); ജനനം (സെപ്ററംബർ 8); ദൈവമാതാവിന്റെ പുകഴ്ച (ഡിസംബർ 26); സ്തോത്രത്തിരുനാൾ (ഡിസംബർ 27). കൂടാതെ ചില പള്ളികളിൽ വേറെയും ആഘോഷങ്ങൾ മാതാവിന്റെ ബഹുമാനാർത്ഥം നടത്തിവരാറുണ്ട്. "അമ്മയുടെ നാമത്തിൽ മുന്നമേ പള്ളി പണുത പെരുനാൾ" എന്നു പഴയ കൂററുകാരുടെ പഴയ പഞ്ചാംഗത്തിൽ കാണുന്ന തിരുനാളിനും കേരളയാക്കോബായരുടെയിടയിൽ സ്ഥാനമില്ലാതില്ല. അതിനു സാധാരണമായി നിശ്ചയിച്ചിരിക്കുന്നതു ജൂൺ 15-ാംതീയതിയാണ്.

കേരളയാക്കോബായർ (വിദേശീയ യാക്കോബായരും ഇങ്ങനെതന്നെ) വചനിപ്പ് അഥവാ മംഗളവാർത്തത്തിരുനാളിനു വലിയ പ്രാധാന്യം കല്പിക്കുന്നുണ്ട്. ആ തിരുനാൾ ദുഃഖവെള്ളിയാഴ്ച വരുന്നപക്ഷം ദുഃഖവെള്ളിയാഴ്ചയ്ക്കു പ്രാധാന്യം കല്പിക്കാതെ, ആ തിരുനാൾ ആഘോഷിക്കയും അന്നു് വിശുദ്ധകുർബാന ചൊല്ലുകയുമാണ് പതിവ്.

പ. കന്യകാമറിയത്തിന്റെ മാതൃത്വവും കന്യാത്വവുമാണ് പുകഴ്ചത്തിരുനാളിൽ (ഡിസംബർ 26) അനുസ്മരിക്കപ്പെടുന്നതു്. ഡിസംബർ 27-ലെ സ്തോത്രത്തിരുനാളിൽ ദിവ്യശിശുവിനെ ഹേറോദേശിന്റെ കോപത്തിൽനിന്നു രക്ഷിച്ചതിലുള്ള കൃതജ്ഞത മാതാവിനോടു പ്രകടിപ്പിക്കപ്പെടുന്നു.

"മറിയത്തെ സ്മരിക്കുക അനുഗ്രഹങ്ങൾക്കു കാരണമായി ഭവിക്കും; അവളുടെ പ്രാർത്ഥന നമ്മുടെ ആത്മാക്കൾക്കു ഒരു കോട്ടയായി തീരട്ടെ" എന്നു പതിവായി പ്രാർത്ഥിച്ചുവരുന്ന കേരളയാക്കോബായരെ മറിയം തന്റെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ സ്വപുത്രന്റെ ശരീരമായ കത്തോലിക്കാതിരുസഭയുമായി കഴിയുന്നത്ര വേഗം പുനരൈക്യപ്പെടുത്തട്ടെ!

## അറിയിപ്പ്

മാന്യരെ, എന്റെ ഏജൻസിയിൽ പേപ്പറുകൾ വാങ്ങുന്നവർ ഡിസംബർ 31 വരെ കുടിശിഖ തീർത്തു് അഡ്വാൻസു് ർപ്പടെ തന്നു സഹായിക്കണമെന്നും അല്ലാതെ ജനുവരി മുതൽ പേപ്പർ തരുന്നതല്ലെന്നും അറിയിച്ചുകൊള്ളുന്നു.

ഏജൻറ്

അന്നാശേരി കയ്യാക്കോ സേവ്യർ,

വൈക്കം.

പുസ്തകാഭിപ്രായം

## കർമ്മലമാതാവിനോടുള്ള പ്രാർത്ഥനകൾ

(പക്ഷം 60. വില 2 1/6 ണ. സെൻറ് ജോസഫ്സ് പ്രസ്സ് തിരുവനന്തപുരം.)

ഇതു് ഒരു പ്രാർത്ഥനപ്പുസ്തകം മാത്രമല്ല; പ്രത്യുത കർമ്മലോത്തരീയത്തെക്കുറിച്ച് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളുടെ ഒരു സംഗ്രഹവുംകൂടിയാണു്. പ്രാർത്ഥനകൾ എട്ടുപക്ഷത്തോളമേയുള്ളു. കർമ്മലനാഥയും മനുഷ്യാത്മാവും തമ്മിലുള്ള ഭക്തിപ്രകർഷകമായ ഒരു സംഭാഷണമാണു ഗ്രന്ഥത്തിന്റെ മൂന്നിലൊരു ഭാഗം. പകുതിയോളം ഉത്തരീയഭക്തിയുടെ മാഹാത്മ്യം, ഉത്തരീയ വാഗ്ദാനങ്ങൾ, ഉത്തരീയഭക്തിക്ക് അനുവദിച്ചിട്ടുള്ള ദണ്ഡവിമോചനങ്ങൾ, ഉത്തരീയഭക്തിയുടെ സ്വഭാവം മുതലായ വിഷയങ്ങൾക്കായി നിയോഗിച്ചിരിക്കുന്നു. അത്ഭുതകരമായ ചില സംഭവങ്ങളും വിവരിച്ചിട്ടുണ്ടു്. കർമ്മലീത്താ ഒന്നാംസഭക്കാർ കർമ്മലോത്തരീയഭക്തി പ്രചരണത്തിനായി എഴുതിയിട്ടുള്ള ഈ ചെറുപുസ്തകം നന്നായിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ. പുസ്തകത്തിന്റെ വലിപ്പത്തിനൊത്ത വില പ്രസാധകർ ആവശ്യപ്പെടാത്തതു പുസ്തകത്തിന്റെ വിലക്കുറവുകൊണ്ടല്ല; വാങ്ങിക്കാനുള്ളവരുടെ സൗകര്യത്തിനാണു്. കർമ്മലസഭയുടെ അലങ്കാരമായ രാജ്ഞി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

## കർമ്മലോത്തരീയഭക്തി

(പക്ഷം: 28. വില ഒന്നരയണ. സെൻറ് ജോസഫ്സ് പ്രസ്സ്, തിരുവനന്തപുരം.)

കർമ്മലമാതാവിനോടുള്ള പ്രാർത്ഥനകൾ എന്ന ഗ്രന്ഥത്തിലെ മൂന്നാം അദ്ധ്യായമാണു കർമ്മലോത്തരീയഭക്തി എന്ന അഭിധാനത്തിൽ പ്രസിദ്ധീകൃതമായിട്ടുള്ളതു്. മേൽപ്പറഞ്ഞിട്ടുള്ള അഭിപ്രായംതന്നെ ആവർത്തിക്കേണ്ട ആവശ്യമില്ലല്ലോ.

## ഒരു ഞെട്ടിൽ വിരിഞ്ഞ രണ്ടു പൂക്കൾ

(ഗ്രന്ഥകർത്താ: റവ. ഫാദർ ജോസഫ് വേഴമ്പത്തോട്ടം. പക്ഷം 48. വില 8 ണ. കെയിംബ്രിഡ്ജ് പബ്ലിക്കേഷൻസ്, പൂഞ്ഞാർ.)

ചങ്ങനാശ്ശേരി, പാലാ രൂപതകളിലെ അഭിഷിക്തമെത്രാന്മാരുടെ സംക്ഷിപ്തമായ ഒരു ജീവചരിത്രമാണു് ഒരു ഞെട്ടിൽ വിരിഞ്ഞ രണ്ടുപൂക്കൾ. ആദ്യത്തെ മുപ്പത്തഞ്ചുപക്ഷങ്ങളിൽ, മലങ്കരസഭയുടെ ശ്ലൈഹികസ്ഥാപനംമുതൽ ചങ്ങനാശ്ശേരി രൂപതയുടെ ഇന്നത്തെ നിലവരെയുള്ള പല പ്രധാനസംഭവങ്ങൾ അനുവാചകരുടെ മുമ്പിൽ ഗ്രന്ഥകർത്താവു് സമർപ്പിച്ചിട്ടുണ്ടു്. ചരിത്രം ആസ്വാദ്യംതന്നെ. പന്ത്രണ്ടു പക്ഷങ്ങളിൽ കാവുകാട്ടു തിരുമേനിയുടേയും വയലിൽ കളപ്പുര തിരുമേനിയുടേയും ജീവചരിത്രം സംക്ഷേപിച്ചുചേർത്തിരിക്കുന്നു. നവമെത്രാന്മാരുടെയും അവരെ അഭിഷേകംചെയ്ത കർദ്ദിനാൾ തിസ്സെരാൻ തിരുമനസ്സിലെയും അഭിഷിക്തമെത്രാന്മാരുടെ മാതാപിതാക്കന്മാരുടേയും കമനീയചിത്രങ്ങൾ പുസ്തകത്തിൽ ഭംഗിയായി അടിച്ചുചേർത്തിട്ടുണ്ടു്. രൂപതാവിഭജനത്തിലും നവമെത്രാന്മാരുടെ തിരഞ്ഞെടുപ്പിലും അതിവസന്തുഷ്ടനായ അനുഗൃഹീതഗ്രന്ഥകാരന്റെ തൂലിക ഹൃദയം കവിഞ്ഞൊഴുകുന്നു. ആനന്ദത്തോടുകൂടെ പ്രയോഗിച്ചിരിക്കുന്നതിനാൽ ഈ കൃതിക്കു നല്ല സരളതയും പ്രകാശവും ഓജസ്സും ഉണ്ടെന്നു് തീർത്തുപറയാവുന്നതാണു്. "സ്നേഹരാജന്റെ" ഗ്രന്ഥകാരൻ സ്നേഹരാജപുത്രലയത്തിന്റെ ജീവചരിത്രം ഭംഗിയായി പ്രതിപാദിച്ചിരിക്കുന്ന ഈ നവഗ്രന്ഥം നവമെത്രാന്മാരുടെ സ്ഥാനാരോഹണസന്ദർഭത്തിൽ ബഹിർഗ്ഗമിച്ചതു നന്നായി. രണ്ടു മെത്രാന്മാരുടേയും വ്യക്തിമാഹാത്മ്യം രണ്ടു പക്ഷങ്ങൾകൊണ്ടു ഗ്രന്ഥകാരൻ വിശദമാക്കിയിട്ടുണ്ടു്. ആ ഭാഗങ്ങളിൽനിന്നു് ഒന്നു രണ്ടു വാക്യം ഉദ്ധരിക്കുവാൻ തോന്നുന്നു. "മിത്രങ്ങൾമാത്രമുള്ള ഒരാളാണു് ഡോക്ടർ മാത്യു കാവുകാട്ടു തിരുമനസ്സുകൊണ്ടു്. അദ്ദേഹത്തിൽ വിളങ്ങുന്ന ദയാലുത്വം, സമഭാവന, വിനയം, വിവേകം, അന്യരുടെ ഉയർച്ചയിലുള്ള താൽപര്യം, ശാന്തശീലം തുടങ്ങിയ മഹദ്ഗുണങ്ങളിൽ എല്ലാവരും സന്തോഷിക്കുന്നുമുണ്ടു്." "ഡോക്ടർ സെബാസ്ത്യൻ തിരുമേനിയുമായി പരിചയപ്പെട്ടിട്ടുള്ളവർക്കെല്ലാം അദ്ദേഹം ഒരുത്തമസുഹൃത്താണു്. ശാന്തമായ പ്രകൃതി, നർമ്മഭാഷണം; ലളിതജീവിതം. വിനയാന്വിതമായ പെരുമാറ്റം ഇവയാണു് അദ്ദേഹത്തെ സഹോദരവൈദികരുടെ മിത്രമാക്കിയതു്. രഞ്ജകമനോഭാവമുണ്ടെങ്കിലും ആദർശത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു ധീരമനസ്ഥിതി, ഏതു ശക്തിയേയും ന്യായമായി എതിർക്കുന്ന ഒരു മനോവീര്യം അദ്ദേഹത്തിൽ കുടികൊള്ളുന്നുണ്ടു്." ഇതാണു ഫാദർ വേഴമ്പത്തോട്ടത്തിന്റെ പ്രതിപാദനരീതി. ഗ്രന്ഥത്തിനു പ്രചുരപ്രചാരമാശംസിക്കുന്നു.

## രണ്ടു സുഗന്ധപുഷ്പങ്ങൾ

(ഗ്രന്ഥകർത്താ: ശ്രീ ടി. പി. മർക്കോസ്, കാരിക്കോട്ട്, കൊല്ലം. പക്ഷം 104. വില 1 ക. ഫ്രാൻസിസ് സെയിൽസ് പ്രസ്സ്, കോട്ടയം.)

ഇതും അഭിനവമെത്രാന്മാരെപ്പറ്റി പ്രസിദ്ധമായിട്ടുള്ള ഒരു നല്ല ഗ്രന്ഥമാണു്. പുസ്തകത്തിന്റെ പകുതി കേരളസഭാചരിത്രവും ശേഷം പകുതി അഭിനവമെത്രാന്മാരുടെ ജീവചരിത്രവുമാണു്. പുസ്തകത്തിന്റെ ഉള്ളടക്കത്തെപ്പറ്റി നിരൂപകൻ കൂടുതലായൊന്നും സൂചിപ്പിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ചില വാക്യങ്ങൾ ഉദ്ധരിച്ചു പ്രതിപാദനരീതി വിശദമാക്കാം. വയലിൽ കളപ്പുര തിരുമേനിയെപ്പറ്റി പറയുന്നു: "മി

FIXED DEPOSITS
2 years 4½%
1 — 4%
6 months 3%
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR:
MATTANCHERY,
WILLINGDON ISLAND

തംച സാരഞ്ച വചോഹി വാഗ്മിതാ" എന്ന ആഭിഭക്തവചനം പ്രസ്തുതപുരുഷനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരുന്നു." മീനച്ചിലിന്റെ ഒരു വർണ്ണന കണ്ടുകൊള്ളുക: 'മീനച്ചിലാറിന്റെ തീരപ്രദേശങ്ങളും ആ പ്രദേശങ്ങളിൽ വിരാജിച്ചുരുളുന്ന ദേവാലയങ്ങളേയും ആ ദേവാലയങ്ങളിൽ ഈശ്വരഭജനവും ലോകസേവനവും ഒന്നുപോലെ നിർവ്വഹിച്ചുപോരുന്ന ബ്രഹ്മചാരികളായ വൈദികരേയും ദർശിക്കുമ്പോൾ വിശ്വപൂജ്യന്മാരായ ഭാരതീയമുനികളുടെ നദീതീരങ്ങളിലുള്ള തപോമഠങ്ങളുടേയും അതിൽ അഷ്ടൈശ്വര്യസമ്പന്നന്മാരായി, ഈശ്വരസാക്ഷാത്കാരപൂരിതരായി ലോകോപകാരകർമ്മോത്സുകരായി ജീവിച്ച തപോധനന്മാരുടേയും പ്രതീതിയുണ്ടാകുന്നു. ഇതിനെല്ലാം കാരണം നദീതടങ്ങളാണു്. ഹാ! മീനച്ചിലാറേ, നീ വിജയിപ്പൂതാക:" അവധൂതസന്ദേശം മുതലായ ഗ്രന്ഥങ്ങളുടെ പ്രണേതാവു് അഭിനവമെത്രാന്മാരെ അവിടവിടെ കവിതാരൂപത്തിലും വർണ്ണിച്ചിട്ടുണ്ടു്.

നൂതനരൂപമായായ പാരെങ്ങും പൂ
ക്കൾപൊങ്ങും
ശ്രൗതശ്രീ ചൊരിയുന്ന പാലായേ,
കലാഗമേ!
സാത്വികവരൻ നിനക്കേകട്ടെ ന
വോന്മേഷം
നിത്യം നിന്നാസ്തിത്വം പുഷ്പിച്ചു
ഫലിക്കട്ടെ.

ഗ്രന്ഥകാരന്റെ ശൈലി ഉജ്ജ്വലമാണു്, അതിനു നല്ല സാരള്യവുമുണ്ടു്; എന്നാൽ പ്രൗഢപദപ്രതിപത്തിയും ആംഗ്ലേയസംജ്ഞാപക്ഷപാതവും ആദ്യന്തം കാണാവുന്നതാണു്. "ഈ [illegible]ണ," "പ്രസ്തുത പുമാൻ" മുതലായ പ്രയോഗങ്ങൾ നെല്ലുപോലെ കടിക്കുന്നു. അച്ചടിത്തെറ്റുകളും കുറേ കടന്നുകൂടിയിട്ടുണ്ടു്. എന്നുവരികിലും "രണ്ടു സുഗന്ധപുഷ്പങ്ങൾ"ക്കു സുഗന്ധം നന്നായിട്ടുണ്ടു്. അതു ഘ്രാണിക്കണമെങ്കിൽ പുസ്തകം ഗൃഹത്തിലെ മേശപ്പുറത്തു് ഇരിക്കേണ്ടതാണു്. ഗ്രന്ഥകാരനും അഭിനവതിരുമേനിമാർക്കും സമസ്തഭാവുകങ്ങൾ.

(T. M.)

എല്ലാ സഭകളും ശരിയോ?
വില 1 രൂ. 12 ണ.
ഗ്രന്ഥകർത്താ: ഫാദർ തോമസ് വടശ്ശേരി എൽ. ഡി.
കാത്തലിക് ഡിപ്പോ, തിരുവല്ല

അനുഭവസാക്ഷ്യം No. 74.

കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ അവർകൾക്കു്, നെല്ലായി P. O.

പ്രിയ വൈദ്യരെ,

എനിക്കു് ആറുകൊല്ലത്തോളം പഴക്കമുണ്ടായിരുന്ന തലചുറ്റൽ, ഇടക്കു് മോഹാലസ്യപ്പെട്ടു് ഉദ്ദേശം അരമുക്കാൽ മണിക്കൂറോളം ബോധമില്ലാതെ കിടക്കുക, കയ്പുനീരു് ഛർദ്ദിക്കുക, ശോധനക്കുറവു് തുടങ്ങിയ രോഗങ്ങൾക്കു് ആയുർവ്വേദവും, ഇംഗ്ലീഷും ആയി വളരെയധികം ചികിത്സകൾ ചെയ്തിട്ടും രോഗശമനമില്ലാതെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുമ്പോളാണു് 1125 തുലാമാസത്തിൽ ഞാനും ഭാര്യയുംകൂടി തൃശ്ശൂർവന്നു താങ്കളെ കണ്ടതു്.

ഭാര്യയുടെ രോഗം ചുണ്ടിന്മേൽ വിള്ളിച്ച, ദേഹമാകെ ചൊറിഞ്ഞുതടിക്കുക, തലവേദന, അരുചിക്ഷയം, ശോധനക്കുറവു് തുടങ്ങിയവകളായിരുന്നു. ഞങ്ങൾ രണ്ടുപേരോടും നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദ്യതൈലം എന്നീ ഔഷധങ്ങൾ ഉപയോഗിപ്പാനാണല്ലോ ഉപദേശിച്ചിരുന്നതു്. വിധിപ്രകാരം ഞങ്ങൾ ഈ ഔഷധങ്ങൾ മൂന്നും ഉപയോഗിച്ചതിനാൽ ഞങ്ങൾ രണ്ടു പേരുടെയും വ്യത്യസ്തരോഗങ്ങൾക്കു ശമനം സിദ്ധിച്ചതിൽ ഞങ്ങൾക്കു താങ്കളോടുള്ള കൃതജ്ഞതയെ രേഖപ്പെടുത്തികൊള്ളുന്നു.

ശാരിബാദ്യതൈലത്തിന്റെ ഉപയോഗം വളരെ സുഖം നൽകിക്കൊണ്ടിരിക്കുന്നതിനാൽ ഇപ്പോഴും ഞങ്ങൾ അതു് ഉപയോഗിക്കുന്നുണ്ടു്.

മുണ്ടത്തിക്കോട്ട്
27—11—1950
കൊരട്ടിക്കാട്ടിൽ നാരായണൻ നമ്പ്യാർ (ഒപ്പു്)
മുണ്ടത്തിക്കോട്ട് A. O., (Via) തൃശ്ശൂർ

## നീർവീഴ്ച—തുമ്മൽ

(നീരിറക്കം)

(തുടർച്ച)

21 പഞ്ചഭൂതാത്മകമായ ശരീരത്തിൽ ഉത്ഭവിക്കുന്ന രോഗങ്ങളെ സൗമ്യഗുണാധികമെന്നും ആഗ്നേയഗുണാധികമെന്നും; ദ്രവ്യങ്ങളു (വസ്തുക്കളു)ടെ വീര്യങ്ങളെ ഉഷ്ണമെന്നും ശീതമെന്നും ഈരണ്ടു് വിധമായി സംഗ്രഹിച്ചിട്ടുള്ളതിനാൽ രോഗികളെ പരിശോധിച്ചു് രോഗനിർണ്ണയം ചെയ്യുവാനും, അവക്കു് വേണ്ടതായ ഔഷധാഹാരാദികൾ ഏതെല്ലാമാകുന്നു എന്നു് തീർച്ചപ്പെടുത്തുവാനും ആയുർവ്വേദമല്ലാതെ ഇത്ര എളുപ്പമുള്ള ഒരു ചികിത്സാശാസ്ത്രം വേറെ ഉണ്ടോ എന്നു് സംശയമാണു്.

22 വേനൽകാലത്തു് ചൂടിന്റെ ആധിക്യത്താൽ കിണറുകൾ, തോടുകൾ, നദികൾ തുടങ്ങിയ ജലാശയങ്ങളിലെ ജലം വററി അവ ശൂന്യമാകുംതോറും ഭൂമിയിൽ വരൾച്ചയും രൂക്ഷതയും, തൃണവൃക്ഷാദികൾക്കു് ഉണക്കവും, ചൂടിന്റെ ആധിക്യം മൂലം വായുവിനു് പൂർവ്വാധികം ഘനക്കുറവും ഗതിവേഗതയും കണ്ടുവരാറുള്ളതുപോലെ മനുഷ്യശരീരത്തിലെ അഗ്ന്യാംശം (ചൂടു്) വർദ്ധിക്കുംതോറും സപ്തധാതുക്കളിലും സംയോജിച്ചുകിടക്കുന്ന ജലാംശം പല പ്രകാരേണ ദേഹത്തിൽനിന്നു് ക്ഷയിച്ചു് തുടങ്ങുകയാൽ സപ്തധാതുക്കൾക്കു് വരൾച്ചയും ശരീരത്തിൽ രൂക്ഷതയും (സ്നിഗ്ദ്ധതക്കുറവും) വർദ്ധിച്ചു് ദേഹത്തിന്റെ തൂക്കം ദിനംപ്രതി കുറഞ്ഞുകൊണ്ടിരിക്കുന്നു.

23 ചെവി, മൂക്കു്, ഭക്ഷണനാളം, ശ്വാസകോശങ്ങൾ, അസ്ഥികൾ, കുടലുകൾ, സ്രോതസ്സുകൾ തുടങ്ങി പ്രകൃത്യാതന്നെ ശരീരാവയവങ്ങളിലുള്ള ആകാശാംശത്തിനു് (ദ്വാരങ്ങൾക്കു്) പുറമെ മേൽപ്രകാരം ജലാംശവും ധാതുക്കളും ക്ഷയിച്ചു് തുടങ്ങുമ്പോൾ പുതിയതായി ശരീരത്തിൽ ഒഴിവായിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളെയാണു് ആകാശാംശം (ഒന്നും ഇല്ലാത്ത ഇടങ്ങൾ) ദേഹത്തിൽ വർദ്ധിക്കുന്നു എന്നു് പറയുന്നതു്.

24 ദേഹത്തിലെ ചെറുതും വലുതുമായിട്ടുള്ള എല്ലാ ദ്വാരങ്ങളിൽക്കൂടിയും പ്രകൃതിനിയമാനുസൃതം ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്ന വായുവിനെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നതു് ആ സുഷിരങ്ങളിൽപ്പററി ചേർന്നു് കിടക്കുന്ന ജലാംശം (കഫം—സ്നിഗ്ദ്ധത) ആകുന്നു. ഇപ്രകാരമുള്ള സ്നിഗ്ദ്ധത ക്ഷയിക്കുംതോറും വായുവിന്റെ ഗതി വർദ്ധിക്കുകയും (നിയന്ത്രണാതീതമാവുകയും) ചെയ്യുന്നു. മാത്രമല്ല ഭൂമിജലാംശങ്ങൾ (കഫം—ധാതുക്കൾ) ക്ഷയിച്ചു പുതിയതായി ഒഴിവായിക്കൊണ്ടിരിക്കുന്ന ഇടങ്ങളിലേക്കുകൂടി വായു പ്രവേശിക്കുമെന്നതു പ്രകൃതിനിയമമാകുന്നു. ഇപ്രകാരമാണു് ദേഹത്തിലെ അഗ്ന്യാംശം വർദ്ധിക്കുന്നതിനൊപ്പം ആകാശം, വായു എന്നീ ഭൂതാംശങ്ങൾകൂടി വർദ്ധിക്കുമെന്നു് പറയുന്നതു്.

25 ചൂടിന്റെ ആധിക്യത്താൽ (ദേഹത്തിലെ ഭൂമിജലാംശങ്ങളുടെ ക്ഷയത്താൽ) പൂർവ്വാധികം ലഘുവായിത്തീർന്നിട്ടുള്ള വായു തന്റെ സഞ്ചാരമാർഗ്ഗങ്ങളിൽക്കൂടിയും നൂതനമായി ഒഴിവുവന്നിട്ടുള്ള സുഷിരങ്ങളിൽക്കൂടിയും ചൂടോടുകൂടി മിന്നൽവേഗത്തിൽ പാഞ്ഞു് തുടങ്ങുമ്പോൾ സ്വതവെ വായുവിനാൽ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന രക്തധാതുവിന്റെ ഗതിയും ക്രമാതീതമായി വർദ്ധിക്കും. ഇപ്രകാരം ഗതിവേഗതയോടുകൂടിയ വായു തനിച്ചും രക്താദിധാതുക്കളോടു് സംസൃഷ്ടമായും ദേഹാവയവങ്ങളിൽ തുളച്ചുകയററം, ഉരുണ്ടുകയററം, വേദന, മിന്നിച്ച, പൊള്ളിച്ച, നീററം, നീർക്കെട്ടു്, നീർവീഴ്ച, ഛർദ്ദി തുടങ്ങിയവകളായി എണ്ണമില്ലാത്തവിധമുള്ള വികാരങ്ങളെ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുണ്ടു്. (തുടരും)

വൃശ്ചികം 28-ാംനു സത്യദീപത്തിൽ ഈ പരസ്യത്തിന്റെ 19-ാം നമ്പറിൽ (ചൂടു് or Cid) എന്നു് എഴുതിയിരുന്നതു് Acid എന്നു് വായിക്കേണ്ടതാകുന്നു.

PROP: കാളത്ത് പാവുണ്ണി ഔസേപ്പ് വൈദ്യൻ,
കാളൻ ആയുർവ്വേദിക് ഫാർമസി, (റെയിൽവെ സ്റ്റേഷനു സമീപം) നെല്ലായി.
TELE: 'KALAN'. TRICHUR.




# അമ്മയും മകനും

അനന്തരം സംഭവിച്ചതായതു്: ലോകം മുഴുവൻെറയും കാനേഷുമാരി കണക്കെടുക്കണം, എന്നാജ്ഞാപിക്കുന്ന ഒരു വിളംബരം, ആഗസ്തോസ് ചക്രവർത്തി പുറപ്പെടുവിച്ചു. സിരീനോമ്പു് സിറിയായിലെ നാടുവാഴിയായിരിക്കുമ്പോൾ നടത്തിയ ഒന്നാമത്തെ കണക്കെടുക്കലായിരുന്നു ഇതു്. ഓരോരുത്തനും അവനവൻെറ സ്വന്തം നഗരത്തിൽ പോയി പേരെഴുതിക്കേണ്ടിയിരുന്നു. യൗസേപ്പു്, ദാവീദിൻെറ ഗോത്രത്തിലും കുടുംബത്തിലും ഉള്ളവനായിരുന്നതിനാൽ ഗ്ലീവായിലെ പട്ടണമായ നസറത്തിൽനിന്നു് യൂദായിൽ ബേത്‌ലഹം എന്നു് വിളിക്കപ്പെടുന്ന ദാവീദിൻെറ പട്ടണത്തിലേക്കു അയാൾ പേരെഴുതിക്കുവാൻ വന്നു. അവൻെറകൂടെ ഗർഭിണിയായിരുന്ന ഭാര്യ മറിയവും ഉണ്ടായിരുന്നു. അവർ അവിടെയായിരുന്നപ്പോൾ അവളുടെ പ്രസവസമയം ആസന്നമായി. അവൾ തൻെറ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു്, അവനെ പിള്ളക്കച്ചകൊണ്ടു ചുററി ഒരു പുൽത്തൊട്ടിയിൽ കിടത്തി. എന്തുകൊണ്ടെന്നാൽ സത്രത്തിൽ അവൾക്കു് സ്ഥലമുണ്ടായിരുന്നില്ല. ആ സ്ഥലത്തുതന്നെ കുറെ ആട്ടിടയന്മാർ തങ്ങളുടെ ആട്ടിൻപററങ്ങളെ കാത്തുകൊണ്ടു് നിദ്രാവിഹീനരായി വയലുകളിൽ രാത്രി കഴിച്ചുകൂട്ടുന്നുണ്ടായിരുന്നു. പെട്ടെന്നു കർത്താവിൻെറ ഒരു ദൂതൻ വന്നു് അവരുടെ സമീപെ നിന്നു. കർത്താവിൻെറ മഹത്വം അവരുടെചുററും പ്രത്യക്ഷപ്പെട്ടു. അതിനാൽ അവർ ഭയവിഹ്വലരായിത്തീർന്നു. എന്നാൽ ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ട. സകലജാതികൾക്കും അത്യാനന്ദകരമായ ഒരു സദ്വാർത്ത ഇതാ ഞാൻ കൊണ്ടുവന്നിരിക്കുന്നു. ഇന്നു്, ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കു് ഒരു രക്ഷകൻ—കർത്താവായ ക്രിസ്തുതന്നെ—ജനിച്ചിരിക്കുന്നു. അവനെ തിരിച്ചറിയുവാനുള്ള അടയാളം ഇതാണു്: പിള്ളക്കച്ചയിൽ പൊതിഞ്ഞു് പുൽത്തൊട്ടിയിൽ കിടക്കുന്നതായി ആ ശിശുവിനെ നിങ്ങൾ കാണും. തൽക്ഷണം സ്വർഗ്ഗീയസൈന്യത്തിൻെറ ഒരു ഗണം ആ ദൂതൻെറ സമീപത്തായി അവർക്കു് കാണപ്പെട്ടു്, ദൈവത്തെ സ്തുതിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു: ഉന്നതസ്വർഗ്ഗത്തിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ ദൈവത്തിൻെറ സ്നേഹിതന്മാരായുള്ള മനുഷ്യർക്കു് സമാധാനം. (പിറവി 1-ാം കുർബാന സുവിശേഷം: ലൂക്ക. II, 1—14)

സുപ്രസിദ്ധചിന്തകനായിരുന്ന എമെഴ്സൻ സ്വാനുഭവങ്ങളിൽനിന്നു് താഴെ പറയുന്ന സംഭവം രേഖപ്പെടുത്തിയിട്ടുണ്ടു്. ഇംഗ്ലണ്ടിലെ നാട്ടിൻപുറത്തുകൂടി ഒരു തീവണ്ടി ഓടിക്കൊണ്ടിരിക്കുന്നു. കാലമാണെങ്കിൽ മഞ്ഞുകാലം. ഭൂതലവും വൃക്ഷലതാദികളുമെല്ലാം ഹിമാവൃതമായിരിക്കുന്നു. സമയമാണെങ്കിൽ ഇരുട്ടായി. വണ്ടിയിൽ ആരുംതന്നെ സംസാരിച്ചിരുന്നില്ല. എല്ലാവരും ചുററുമുള്ള പ്രകൃതിയെപ്പോലെതന്നെ മ്ലാനവദനരായി പ്രത്യക്ഷപ്പെട്ടു. അക്ഷരമായിരുന്ന അവരിൽ നിരാശയുടെ നിഴൽപ്പാടുകളും. അങ്ങനെ വണ്ടി ഒരു ചെറിയ സ്റ്റേഷനിൽ എത്തിയപ്പോൾ അവിടെനിന്നു് ഒരു സ്ത്രീയും അവളുടെ ഓമനപുത്രനും വണ്ടിയിൽ കയറി. ആ സ്ത്രീരത്നം പുഞ്ചിരിതൂകിക്കൊണ്ടു് സംസാരിക്കുവാനും ബാലൻ ചിരിച്ചുകൊണ്ടു ഓടിക്കളിക്കുവാനും തുടങ്ങി. നൈർമ്മല്യവും നിഷ്കളങ്കതയും ഉന്മേഷവും ഉടലെടുത്തതുപോലെ അവർ കാണപ്പെട്ടു. ക്രമേണ യാത്രക്കാരുടെ മ്ലാനത അപ്രത്യക്ഷമായി. അവർ പുഞ്ചിരിതൂകി പരസ്പരം സംസാരിച്ചുതുടങ്ങി. ഉന്മേഷവും ഉത്സാഹവും അവരിൽ ആനന്ദനൃത്തം വെച്ചു. ആഹ്ലാദത്തോടെ അവർ യാത്ര തുടർന്നു.... അതേ, മനുഷ്യവർഗ്ഗത്തിൻെറ നീണ്ട ചരിത്രം ഒരു തീവണ്ടിയാത്രപോലെയാണു്. മാനവരാശി നിരാശയിലും മ്ലാനതയിലും അന്ധകാരത്തിലും ആമഗ്നമായി വളരെ നൂററാണ്ടുകൾ യാത്രചെയ്തു. അങ്ങനെയിരിക്കെ, സമയത്തിൻെറ പൂർണ്ണതയിൽ ഒരു അമ്മയും മകനും അവരുടെയിടയിൽ പ്രത്യക്ഷപ്പെട്ടു. അവരുടെ ആഗമനം മനുഷ്യർക്കു പ്രത്യാശയും ആഹ്ലാദവും ഉന്മേഷവും നൽകി. ആനന്ദത്തോടെ അവർ ആ അമ്മയേയും മകനേയും സ്വീകരിക്കുകയും വണങ്ങുകയും വാഴ്ത്തുകയും ചെയ്തു — പരി. മറിയത്തേയും ഓമനക്കുമാരനായ ഈശോയേയും. ഇവർ മനുഷ്യവർഗ്ഗത്തിനു് രക്ഷയെ പ്രദാനം ചെയ്യുകയും ചെയ്തു.

പരി. കന്യക ദൈവത്തിൻെറ അമ്മയാണെന്നുള്ള തത്വം ഏററവും ന്യായയുക്തമാണെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണു്. ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ടു്—ദൈവസ്വഭാവവും മനുഷ്യസ്വഭാവവും; എന്നാൽ ആൾ ഒന്നുമാത്രം—അതായതു്, ത്രിത്വത്തിൻെറ രണ്ടാമാളായ പുത്രൻതമ്പുരാൻ. ആളുടെ അമ്മ എന്നല്ലാതെ അയാളുടെ ഓരോരോ ഭാഗങ്ങളുടെ അമ്മ എന്നു പറയുവാൻ സാമാന്യബുദ്ധിപോലും നമ്മെ അനുവദിക്കുന്നില്ല. കാലിൻെറ അമ്മ, ശിരസ്സിൻെറ അമ്മ എന്നൊന്നും നാം പറയാറില്ലല്ലോ; പ്രത്യുത ഇന്ന ആളുടെ അമ്മ എന്നാണു് നാം പറയാറുള്ളതു്. ഇതുപോലെതന്നെ മനുഷ്യസ്വഭാവത്തിൻെറ മാത്രം അമ്മ എന്നു നമുക്കു് പറയുവാൻ പാടില്ല; കാരണം, ആൾ ദൈവിക ആളായ പുത്രൻതമ്പുരാനാണു്. ആ ആളിലാണു് മനുഷ്യസ്വഭാവം ഒട്ടിച്ചേർന്നു് വേർതിരിയാത്തവിധത്തിൽ സംയോജിച്ചു (hypostatic union) നിൽക്കുന്നതു്. അതുകൊണ്ടു് പരിശുദ്ധമറിയം ദൈവിക ആളായ പുത്രൻതമ്പുരാൻെറ അമ്മയാണു്—ദൈവമാതാവാണു്. നെസ്തോറിയസ് തുടങ്ങിയുള്ള പാഷണ്ഡമതക്കാർ പരി. കന്യകയെ ദൈവത്തിൻെറ അമ്മയെന്നു വിളിക്കുവാൻ പാടില്ലെന്നു ശഠിക്കുന്നതിൻെറ ന്യായരാഹിത്യം സാമാന്യബുദ്ധിക്കുപോലും ഗ്രഹിക്കാവുന്നതാണു്.

"എൻെറ കർത്താവിൻെറ അമ്മ എൻെറ അടുക്കൽ വരുവാനുള്ള ഈ ഭാഗ്യം എനിക്കു് എവിടെനിന്നു്" എന്നുള്ള എലീശ്വായുടെ ഹർഷോന്മത്തമായ കീർത്തനം തുടങ്ങി ഇന്നോളവും ദൈവത്തിൻെറ അമ്മയായ പരി. കന്യകയുടെ സ്തുതിഗാനങ്ങൾ ദിഗന്തങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നിട്ടുണ്ടു്. "ദൈവമാതാവെന്ന നിലയിൽ പരി. കന്യകയ്ക്കുള്ള സ്ഥാനമാഹാത്മ്യം അനന്തമാണു്" എന്നു് വി. തോമസ് അക്വിനാസ് അഭിപ്രായപ്പെടുന്നു. ഇതെത്ര വാസ്തവം! മറിയത്തിൻെറ സ്ഥാനം സ്വപുത്രൻേറതിനോടു അനുയോജ്യമായിരിക്കണം. അങ്ങയുടെ പുത്രൻ ദൈവമാണു്. "സകല സൃഷ്ടികളും മൗനം ദീക്ഷിക്കയും വിറയ്ക്കുകയും ചെയ്യട്ടെ. ഇത്ര മഹനീയമായ പദവിയുടെ ഔന്നത്യത്തെ ദർശിക്കുന്നതിനു് യാതൊരു സൃഷ്ടിയും തുനിയാതിരിക്കട്ടെ; പദാർത്ഥതാദാത്മ്യം (identity of substance) ഉള്ള കന്യകയിൽ ദൈവം വസിക്കുന്നു." എന്നു വേദപാരംഗതനായ വി. പീററർ ഡാമിയൻ പറയുന്നു. മറിയവും ഈശോയും തമ്മിൽ ഏററം ഗാഢമായ രക്തസംബന്ധമുണ്ടു്. ഒരു മാതാവിനു് സുതനോടുള്ള ബന്ധംതന്നെയാണിതു്. തന്മൂലം ഒരു ദൈവദൂതപ്രധാനനെക്കാൾ ഉയർന്ന സ്ഥാനമാണു് മറിയം സമലങ്കരിക്കുന്നതു്. ജീവനുള്ള ദൈവത്തിൻെറ പുത്രൻ മറിയത്തെ "അമ്മ" എന്ന മധുരനാമത്താൽ അനേകം പ്രാവശ്യം അഭിസംബോധനം ചെയ്തിട്ടുണ്ടു്. നിത്യപിതാവിനു് തൻെറ അനന്ത ബുദ്ധിവൈഭവംകൊണ്ടുപോലും ദൈവമാതൃപദത്തെക്കാൾ ഉന്നതമായ ഒരു സ്ഥാനം സൃഷ്ടിക്കുവാനോ, മറിയത്തെക്കാൾ ഉൽകൃഷ്ടമായ ഒരു സൃഷ്ടിയെ നിർമ്മിക്കുവാനോ സാദ്ധ്യമല്ല എന്നാണു് വി. ബൊനവെന്തൂര ഉൽഘോഷിക്കുന്നതു്. ജഗന്നിയന്താവിൻെറ സർവ്വശക്തിയാണു തൻെറ മഹിമയുടെ മാനദണ്ഡമെന്നു് ഈ പരി. കന്യകതന്നെ പ്രഘോഷിക്കുന്നു: "ശക്തനായുള്ളവൻ എന്നിൽ വലിയകാര്യങ്ങൾ ചെയ്തു........ ദൈവം തൻെറ ഭുജത്തിൻെറ ശക്തികാണിച്ചു." (ലൂക്ക I—49, 51).


# ഫെഡറൽ ബാങ്കു് ക്ലിപ്തം

ആലുവാ.

എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി.

## ഡെപ്പോസിററ് പലിശനിരക്കു്

കറൻറു് ½%
സേവിംഗ്സ് 3%
15 ദിവസത്തെനോട്ടീസു് ഡെപ്പോസിററു് 4%
7 ദിവസത്തെ നോട്ടീസു് ഡെപ്പോസിററു് 2½%

സ്ഥിരം 1 കൊല്ലം 4½%
" 2 കൊല്ലം 5%
" 3 കൊല്ലം 5½%

സ്വർണ്ണപണയത്തിന്മേലും, മററു് അംഗീകൃതചരക്കുകളുടെ ലോണിന്മേലും പണം കടം കൊടുക്കുന്നതാണു്.


ദൈവമാതൃത്വം യഥാർത്ഥത്തിൽ സൂചിപ്പിക്കുന്നതെന്താണു്? സൃഷ്ടി സ്രഷ്ടാവിനെ ഗർഭം ധരിക്കുന്നുവെന്നും, പരിമിതമായതു് അനന്തമായതിനെ വഹിക്കുന്നുവെന്നും, ഒരു ചെറുനക്ഷത്രം സൂര്യഗോളത്തെ ഉൽപാദിപ്പിക്കുന്നുവെന്നും, ഒരു ചെറിയ പാത്രം സമുദ്രത്തെ അടക്കിക്കൊള്ളുന്നുവെന്നുമല്ലയോ? സുപ്രസിദ്ധ വാഗ്മിയായ ബോസ്വേ ഇംഗ്ലണ്ടിലെ ഹെൻറീത്താ രാജ്ഞിയെക്കുറിച്ചു പ്രസംഗിച്ചപ്പോൾ അവൾ രാജപുത്രിയും രാജപത്നിയും രാജജനനിയുമാണെന്നു പ്രസ്താവിക്കയുണ്ടായി. ഈ ചുരുങ്ങിയ വാക്കുകളിൽ സകല സ്തുതികളും അടങ്ങിയിട്ടുണ്ടെന്നു് അദ്ദേഹം വിചാരിച്ചു. എന്നാൽ പരി. മറിയത്തെ സ്തുതിക്കുവാൻ ഈ വാക്കുകൾ തന്നെയും പര്യാപ്തമാകുന്നില്ല. കാരണം മറിയം കേവലം ഒരു രാജാവിൻെറയല്ല, രാജാധിരാജനായ ദൈവത്തിൻെറ പുത്രീയും പത്നിയും ജനനിയുമാണു്. ആ സ്ത്രീരത്നം നിത്യപിതാവിൻെറ പുത്രിയാണു്; നിത്യസുതൻെറ മാതാവാണു്; പരിശുദ്ധാത്മാവിയുടെ മണവാട്ടിയുമാണു്. മറിയത്തിൻെറ ഇതരപരിപൂർണ്ണതകളെല്ലാം — അമലോത്ഭവം, നിത്യകന്യാത്വം, പ്രസാദവരസമൃദ്ധി, സ്വർഗ്ഗാരോപണം എന്നിവയെല്ലാം അധിഷ്ഠിതമായിരിക്കുന്നതു് ദൈവമാതൃത്വത്തിലാണെന്നുള്ളതു് നാം പ്രത്യേകം സ്മരിക്കണം. ദൈവം സ്വയം തിരഞ്ഞെടുത്തിരിക്കുന്ന സ്വന്തം മാതാവിൽ ഈ പരിപൂർണ്ണതകളെല്ലാം പ്രത്യക്ഷപ്പെടേണ്ടതു് കേവലം ന്യായംമാത്രമാണല്ലോ.

എന്നാൽ ദൈവത്തിൻെറ അമ്മ നമ്മുടേയും അമ്മയാണെന്നു നാം മറക്കരുതു്. ക്രിസ്തുവിൻെറ അമ്മയാണു് ദൈവം എന്നു നാം പറയുമ്പോൾ വെറും വ്യക്തിയായ ക്രിസ്തുവിൻെറ മാത്രമല്ല, പ്രത്യുത, ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറയും അമ്മയാണു് അവിടുന്നു് എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ക്രിസ്തു ശിരസ്സും നാം അവയവങ്ങളുമാണെന്നുള്ള വി. പൗലോസിൻെറ സിദ്ധാന്തം സുപ്രസിദ്ധമാണല്ലോ. അങ്ങനെയെങ്കിൽ സ്വാഭാവികനിയമമനുസരിച്ചു് ശിരസ്സിൻെറ അമ്മ അവയവങ്ങളുടേയും അമ്മയായിരിക്കണം. മനുഷ്യാവതാരത്തിനു് സമ്മതിച്ചപ്പോൾ പരി. കന്യക നമ്മെയെല്ലാവരേയും തൻെറ ഉദരത്തിൽ ക്രിസ്തുവിനോടൊപ്പം ഗർഭം ധരിച്ചു; കാൽവരിയിലെ യാതനകളിൽ അവിടുന്നു് നമ്മെ നിത്യജീവനിലേക്കു പ്രസവിക്കയും ചെയ്തു. അവയവങ്ങളില്ലാതെ ശിരസ്സുമാത്രം ജനിക്കുകയെന്നുള്ളതു് ബീഭത്സമായിരിക്കുമല്ലോ. കൂടാതെ, ക്രിസ്തു നമ്മുടെ ജ്യേഷ്ഠസഹോദരനാണെന്നുള്ളതു് വാസ്തവമെങ്കിൽ ക്രിസ്തുവിൻെറ അമ്മ നമ്മുടേയും അമ്മയായിരിക്കേണ്ടയോ? ക്രിസ്തുവിൻെറ മൗതികശരീരത്തിൻെറ അമ്മയെന്നു പറയുമ്പോൾ ആ മാതൃത്വം വെറും സങ്കല്പമാത്രമാണെന്നോ, അത്രതന്നെ യഥാർത്ഥമല്ലെന്നോ, ആരും തെററിദ്ധരിക്കരുതു്. ശാരീരിക (physical) മാതൃത്വത്തെപ്പോലെതന്നെയോ, അതിൽ കൂടുതലോ, യാഥാർത്ഥ്യമുള്ളതാണു് മൗതിക (mystical) മാതൃത്വം എന്നുള്ളതു് നാം പ്രത്യേകം സ്മരിക്കയും തജ്ജന്യമായ വാത്സല്യവിശ്വാസങ്ങൾ പരി. കന്യകയിൽ നാം അർപ്പിക്കയും ചെയ്യേണ്ടതാണു്. "ദൈവത്തിൻെറ അമ്മ എൻെറയും അമ്മയാണു്" എന്നുള്ള വി. സ്റ്റനിസ്ലാവോസിൻെറ മുദ്രാവാക്യത്തിൽ സംഭരിതമായിരിക്കുന്ന അർത്ഥത്തെ സ്വകൃത്യപരമ്പരകളിലേക്കു പകർത്തുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം.

(ജെ. ചെമ്മണൂർ)


# കോമൺവെൽത്തു് ബാങ്കു് (ക്ലിപ്തം)

H. O. കാഞ്ഞിരപ്പള്ളി

## ബ്രാഞ്ചുകൾ:—

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

## ഡയറക്ടറന്മാർ

മെസ്സേഴ്സ്

കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി

കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.


---

വി. റപ്പായെൽ മാലാഖായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

കെ. പി. പീററർ, കലൂർ

---

## മന്ത്രി സന്യാസിയാകുന്നു

മാൾട്ടായിലെ ധനകാര്യമന്ത്രിയായ ഡോക്ടർ ആർഥർ കൊളൊമ്പൊ നിയമസഭയുടെ അവസാനയോഗത്തിൽ സംബന്ധിച്ച ശേഷം ഇപ്പോഴിതാ ഒരു കപ്പൂച്ചിൻ സന്യാസിയാകാൻ തീരുമാനിച്ചിരിക്കുന്നു.

# ദൈവമാതാവും മനുഷ്യരക്ഷയും

(ഫാദർ തോമസ് വടശ്ശേരി എൽ. ഡി.)

ആദിമാതാപിതാക്കന്മാരുടെ പാപംനിമിത്തം അധഃപതിച്ച ദൈവകോപത്തിനു പാത്രീഭൂതമായ മനുഷ്യവർഗ്ഗത്തിനു വീണ്ടും സ്വർഗ്ഗരാജ്യത്തിനു് അവകാശം സിദ്ധിച്ചതു് സത്യദൈവവും സത്യമനുഷ്യനുമായ ക്രിസ്തുവിന്റെ പീഡകളും കുരിശുമരണവും മൂലമാണു്. ക്രിസ്തുനാഥൻ നിർവ്വഹിച്ച ഈ പരിത്രാണകർമ്മത്തിൽ തന്റെ ദിവ്യജനനി എത്രമാത്രം സഹകരിച്ചിട്ടുണ്ടെന്നും, മനുഷ്യരക്ഷ സാധിക്കുന്നതിൽ മാതാവിനു് ഇപ്പോഴുമുള്ള ഭാഗഭാഗിത്വം എങ്ങനെയുള്ളതാണെന്നും ശരിയായി മനസ്സിലാക്കിയാൽ ദൈവമാതാവിനോടുള്ള സ്നേഹബഹുമാനങ്ങൾ നമ്മിൽ വർദ്ധിക്കാതിരിക്കയില്ല.

നരകുലത്തെ പരിത്രാണം ചെയ്വാൻ ദൈവസുതൻ മനുഷ്യാവതാരം ചെയ്തു കുരിശിൽ മരിക്കേണ്ട ആവശ്യമില്ലായിരുന്നെന്നും, ആദിമാതാപിതാക്കന്മാർ ചെയ്ത പാപം കരുണാപൂർവ്വം ക്ഷമിക്കുകയോ, അല്ലെങ്കിൽ പൂർണ്ണമായ അനുതാപപ്രകരണമോ മററുവല്ല പരിഹാരപ്രവൃത്തികളോ നിർദ്ദേശിച്ചുകൊണ്ടു് അവരുടെ പാപം മോചിക്കുകയോ ചെയ്വാൻ ദൈവത്തിനു സാധിക്കുമായിരുന്നെന്നും പേരുകേട്ട വേദശാസ്ത്രനിപുണന്മാർ അഭിപ്രായപ്പെടുന്നുണ്ടു്.

എന്നാൽ പാപം എന്നു പറയുന്നതു് അനന്തസ്നേഹത്തിന്റെയും നിസ്സീമ മാഹാത്മ്യത്തിന്റെയും മൂർത്തിയായ ദൈവത്തിനു് എതിരായ ഒരു പ്രവൃത്തിയാകയാൽ അതിനു് ഒരു വിധത്തിൽ അനന്തമായ മാലിന്യമുണ്ടു്. പരിമിതശക്തിയോടുകൂടിയ മനുഷ്യനു് അനന്തമാലിന്യമുള്ള പാപത്തിനു് എല്ലാ പ്രകാരത്തിലും പൂർണ്ണമായ പരിഹാരം ചെയ്വാൻ നിവൃത്തിയില്ലല്ലോ. തന്മൂലം അനന്തമാഹാത്മ്യമുള്ള ദൈവപുത്രൻതന്നെ യഥാർത്ഥത്തിൽ മനുഷ്യനായി പാപത്തിൽ ഉൾപ്പെട്ട മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയെന്ന നിലയിൽ ഏററവും കഠിനമായ പീഡകൾ സഹിച്ചു് അതിനിന്ദ്യമായ കുരിശുമരണം കൈവരിച്ചു. അപ്പോൾ പാപത്തിനു് എല്ലാപ്രകാരത്തിലും പൂർണ്ണമായ പരിഹാരം ഉണ്ടാകയും, ദൈവകോപം പരിപൂർണ്ണമായി ശമിച്ചു മനുഷ്യവർഗ്ഗത്തിൽ ദൈവം സംപ്രീതനാകയും ചെയ്തു. ഇങ്ങനെ മനുഷ്യരോടു ദൈവത്തിനുള്ള അനന്തസ്നേഹത്തെ എല്ലാ മനുഷ്യരും മനസ്സിലാക്കി പ്രതിസ്നേഹം കാണിക്കുന്നതിനും, പാപത്തിനു് എല്ലാവിധത്തിലും പൂർണ്ണമായ പരിഹാരം ചെയ്തു പിതാവായ ദൈവത്തെ പരിപൂർണ്ണമായി പ്രസാദിപ്പിക്കുന്നതിനും വേണ്ടിയാണു് ദൈവപുത്രൻ മനുഷ്യാവതാരംചെയ്തു കുരിശിൽ മരിച്ചതു്. ഈ ഉദ്ദേശങ്ങളെ മുൻനിറുത്തി പര്യാലോചിച്ചാൽ ദൈവപുത്രന്റെ മനുഷ്യാവതാരവും കുരിശുമരണവും മനുഷ്യരക്ഷ സമുചിതമായി നിർവ്വഹിക്കുന്നതിനു് ആവശ്യമായിരുന്നെന്നു പറയാവുന്നതാണു്.

കന്യകമറിയത്തെപ്പോലെ മററാരും ദൈവപുത്രന്റെ മനുഷ്യാവതാരത്തിലും കുരിശുമരണത്തിലും സഹകരിച്ചിട്ടില്ല. ദൈവത്താൽ അയക്കപ്പെട്ട ഗബ്രിയേൽ ദൂതൻ "നീ ഗർഭം ധരിച്ചു പുത്രനെ പ്രസവിക്കും" (ലൂക്കാ. 1, 31) എന്നു് അറിയിച്ചപ്പോൾ ദൈവമാതൃസ്ഥാനത്തെക്കാൾ കന്യാത്വത്തെ കാര്യമായി പരിഗണിച്ചിരുന്ന ആ തന്വംഗി "പുരുഷൻ എനിക്കു അറിയപ്പെടാത്തവനായിരിക്കയാൽ ഇതു് എങ്ങനെ സംഭവിക്കും?" എന്നു ഭയവിഹ്വലയായി ചോദിക്കയുണ്ടായി. (ലൂക്കാ. 1, 34). കന്യാത്വത്തിനു ഭംഗംവരാതെ പരിശുദ്ധാത്മാവിന്റെ ശക്തിയാലാണു മറിയം ഗർഭിണിയാകുന്നതെന്നു ദൈവദൂതൻ അറിയിച്ചപ്പോൾ "ഇതാ! ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ. 1, 38) എന്നിങ്ങനെ വിനയപൂർവ്വം മറിയം പ്രത്യുത്തരിച്ചു. "ഉണ്ടാകട്ടെ" എന്ന വാക്യം അരുളിച്ചെയ്താണല്ലോ ദൈവം ആകാശത്തേയും ഭൂമിയേയും സകല ചരാചരങ്ങളേയും സൃഷ്ടിച്ചതു്. എന്നാൽ തന്റെ ഏകജാതൻ പൊടുന്നനവെ മനുഷ്യനായിത്തീരട്ടെ എന്നു ദൈവം അരുളിച്ചെയ്തില്ല, പ്രത്യുത തന്റെ ദൂതൻ മൂലം കന്യകമറിയത്തെ ദൈവം വിവരം അറിയിക്കയും, ദൈവേഷ്ടത്തിനു വിധേയയായി "അപ്രകാരം സംഭവിക്കട്ടെ" എന്നു പറഞ്ഞു മറിയം തദ്വിഷയത്തിൽ മനസ്സമ്മതം നൽകുകയും ചെയ്തപ്പോഴാണു് ദൈവപുത്രൻ വാസ്തവത്തിൽ മനുഷ്യനായിത്തീർന്നതു്. സാധാരണരീതിയിൽനിന്നു തുലോം വ്യത്യസ്തമായി പുരുഷസംസർഗ്ഗം കൂടാതെ പ്രകൃത്യതീതമായി മറിയം ഗർഭം ധരിച്ചതിനാൽ മനുഷ്യാവതാരത്തിൽ നമ്മുടെ കർത്താവു സ്വീകരിച്ചശരീരരക്തങ്ങൾമുഴുവനായി തന്റെ മാതാവിൽ നിന്നാകുന്നു. തന്മൂലം സാധാരണമാതാക്കൾക്കു മക്കളോടുള്ളതിനെക്കാൾ ദൈവമാതാവിനു മനുഷ്യാവതാരം ചെയ്ത ദൈവപുത്രനോടു് സമ്പൂർണ്ണവും അഭേദ്യവുമായ ബന്ധമുണ്ടു്.

ദിവ്യരക്ഷകന്റെ മനുഷ്യാവതാരത്തിൽഎന്നതുപോലെ അവിടുത്തെ പീഡകളിലും കുരിശുമരണത്തിലും മറിയത്തെപ്പോലെ വേറാരും സഹകരിച്ചിട്ടില്ല. തന്റെ വത്സലപുത്രൻ അതിദാരുണമായ പീഡകൾ സഹിച്ചു കുരിശിൽതൂങ്ങിക്കിടക്കയിൽ മാതാവു കുരിശിൻചുവട്ടിൽ നിന്നിരുന്നു. മഗ്ദലേനമറിയവും യോഹന്നാനുംഏതാനും ഭക്തസ്ത്രീകളും അവിടെ ഉണ്ടായിരുന്നെങ്കിലും— ഇവരെല്ലാം ദുസ്സഹമായ ദുഃഖം അനുഭവിച്ചിരുന്നെങ്കിലും— ഒരമ്മ മകന്റെ ദുഃഖത്തിലുംപീഡകളിലും പങ്കുകൊള്ളുന്നതുപോലെ മററാർക്കും പങ്കുകൊള്ളുവാൻ സാധിക്കയില്ലെന്നു മാതൃഹൃദയത്തിലെ സ്നേഹത്തിന്റെ മാററു മനസ്സിലാക്കിയിട്ടുള്ളവരെല്ലാം സമ്മതിക്കും. കർത്താവു അനുഭവിച്ച ഓരോ പീഡയും മാതാവു് ആന്തരികമായി അനുഭവിച്ചു. "വഴിയേ കടന്നുപോകുന്ന എല്ലാവരുമേ, എന്റെ ദുഃഖത്തോടു തുല്യമായി എന്തെങ്കിലും ദുഃഖമുണ്ടോ എന്നു ശ്രദ്ധിച്ചുനോക്കുവിൻ" (വിലാപ. 1, 12) എന്ന വേദവാക്യം കന്യകമറിയത്തിനു് അന്വർത്ഥമായി പറയാമായിരുന്നു. ഇങ്ങനെ കുരിശിൻചുവട്ടിൽ നിന്നുകൊണ്ടു മർമ്മഭേദകമായ വ്യഥയനുഭവിച്ചു മറിയം മരിക്കാതെ മരിച്ചു സകല രക്തസാക്ഷികളുടെയും രാജ്ഞിയായിത്തീർന്നു.

മനുഷ്യവർഗ്ഗത്തെ രക്ഷിപ്പാനായി ദൈവപുത്രൻ തെരഞ്ഞെടുത്ത മനുഷ്യാവതാരത്തിലും, പീഡകളിലും, കുരിശുമരണത്തിലും കന്യകമറിയത്തെപ്പോലെ മററാരും പങ്കുകൊണ്ടിട്ടില്ലാത്തതിനാൽ നമ്മുടെ പരിത്രാണത്തിൽ കർത്താവു കഴിഞ്ഞാൽ പിന്നെ അവിടുത്തെ ദിവ്യമാതാവിനാണു സ്ഥാനമുള്ളതെന്നും, കർത്താവു രക്ഷകനാണെങ്കിൽ മറിയം സഹരക്ഷകയാണെന്നുമുള്ള സഭയുടെ ഉപദേശം എത്ര അർത്ഥവത്തും മറിയത്തെ ബഹുമാനിച്ചു സ്തുതിക്കുന്ന സത്യവിശ്വാസികൾക്കു എത്ര മാധുര്യസംദായകവുമാണു്.

മനുഷ്യാവതാരവും പീഡകളും കുരിശുമരണവും വഴിയായി ക്രിസ്തുനാഥൻ സമ്പാദിച്ച യോഗ്യതകളും സൽഫലങ്ങളും മനുഷ്യാത്മാവിൽ പ്രവഹിപ്പിക്കുന്ന വിസ്തൃതസ്രോതസ്സുകളാണു മാമ്മോദീസാ ആദിയായ ഏഴു കൂദാശകൾ. ദൈവപുത്രൻ മനുഷ്യാവതാരംചെയ്തു കുരിശിൽ മരിച്ചില്ലായിരുന്നെങ്കിൽ മഹത്തായ ഈ ഏഴു കൂദാശകളും അവയിൽനിന്നു സമൃദ്ധമായി നിർഗ്ഗമിക്കുന്ന ദൈവാനുഗ്രഹങ്ങളും മനുഷ്യവർഗ്ഗത്തിനു സിദ്ധിക്കയില്ലായിരുന്നു. ഈ കൂദാശകളിൽവച്ചു കർത്താവിന്റെ തിരുശരീരവും തിരുരക്തവും സംവഹിക്കുന്ന വി. കുർബാനയാണു് ഏററവും ശ്രേഷ്ഠമായതു്. കന്യകമറിയത്തിൽനിന്നു ദൈവപുത്രൻ എടുത്ത അതേ ശരീരരക്തങ്ങളാണു മനുഷ്യരക്ഷയ്ക്കായി കുരിശിൽ ബലിയർപ്പിക്കപ്പെട്ടതും, അപ്പത്തിന്റെയും ദ്രാക്ഷാരസത്തിന്റെയും ആഗന്തുകങ്ങളിൽ അനുദിനം നമ്മുടെ ദേവാലയങ്ങളിൽ ബലിയായി അർപ്പിക്കപ്പെടുന്നതും, വിശ്വാസികളുടെ ആദ്ധ്യാത്മിക ഭോജനപാനീയങ്ങളായി നിരന്തരം നൽകപ്പെടുന്നതും. നമ്മുടെ ആത്മശുദ്ധീകരണത്തിനും നിത്യരക്ഷയ്ക്കുമായി കർത്താവു സ്ഥാപിച്ച ഈ കൂദാശകളോടു—പ്രത്യേകിച്ചു നിത്യജീവന്റെ അപ്പമായ വി. കുർബാനയോടു— മനുഷ്യാവതാരരഹസ്യംവഴിയായി ദൈവമാതാവിനു് എത്ര ബന്ധമുണ്ടെന്നു നോക്കുക!

ആദ്ധ്യാത്മികവും ലൗകികവുമായ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനു വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം യാചിക്കുന്നതു് എത്രയും ഫലവത്താണെന്നു നാം വിശ്വസിച്ചുവരുന്നു. ഗീവറുഗീസ് പുണ്യവാൻ സർപ്പദംശത്തിൽനിന്നും, സെബസ്ത്യാനോസ് സഹദാ സാംക്രമികരോഗങ്ങളിൽനിന്നും നമ്മെ കാത്തുരക്ഷിക്കുന്നതിനും, വി. അന്തോനീസ് കാണാതെ പോയ വസ്തുക്കൾ നമുക്കു തിരികെ നൽകുന്നതിനും ദൈവത്തിൽനിന്നു പ്രത്യേകശക്തി പ്രാപിച്ചിട്ടുണ്ടെന്നു നാം വിശ്വസിക്കുന്നു. സ്വർഗ്ഗത്തിൽ വസിക്കുന്ന വിശുദ്ധാത്മാക്കൾ നമ്മുടെ സഹോദരീസഹോദരന്മാരാണു്. നമ്മുടെ ആദ്ധ്യാത്മികവും ലൗകികവുമായ കാര്യങ്ങളിൽ സഹോദരീസഹോദരന്മാർക്കുള്ളതിനെക്കാൾ ശുഷ്കാന്തി നമ്മുടെ അമ്മയ്ക്കുണ്ടെന്നു തീർച്ചയാണു്. ആകയാൽ നമ്മുടെ വത്സലമാതാവും, സകല സ്വർഗ്ഗവാസികളുടെയും രാജ്ഞിയും, എല്ലാ വിശുദ്ധാത്മാക്കളും ഒരുമിച്ചു പ്രാപിച്ചിട്ടുള്ളതിനെക്കാൾ ശക്തിയും ദൈവാനുഗ്രഹങ്ങളും പ്രാപിച്ചിട്ടുള്ള അനുഗൃഹീതയുമായ കന്യകമറിയം സർവ്വപ്രാധാന്യം അർഹിക്കുന്ന നമ്മുടെ നിത്യരക്ഷയുടെ കാര്യത്തിൽ സദാ ശുഷ്കാന്തി കാണിച്ചുകൊണ്ടാണിരിക്കുന്നതു്. നമ്മുടെ ശത്രുവായ പിശാചു് ആരെ വിഴുങ്ങേണ്ടു എന്നു് അന്വേഷിച്ചു സിംഹത്തെപ്പോലെ അലറിക്കൊണ്ടു ചുററിസഞ്ചരിക്കുമ്പോൾ (1 പത്രോ. 5, 8) സ്വർഗ്ഗത്തിൽ ഭാഗ്യം അനുഭവിക്കുന്ന വിശുദ്ധന്മാർ—പ്രത്യേകിച്ചു് ഉയിർത്തെഴുന്നേററു ശരീരത്തോടുകൂടി സ്വർഗ്ഗത്തിൽ പ്രവേശിച്ചു് ശരീരത്തിലും ആത്മാവിലും പരമാനന്ദം അനുഭവിക്കുന്ന നമ്മുടെ അമ്മ—നമ്മുടെ ആത്മാവിനേയും നിത്യമായി രക്ഷിക്കുവാൻ കഴിവുള്ള എല്ലാ ശ്രമങ്ങളും ദൈവസന്നിധിയിൽ ചെയ്യാതിരിക്കുമോ?

നാം എത്ര ബലഹീനരും പാപികളുമാണോ അത്രയ്ക്കു സ്വർഗ്ഗത്തിൽ വാഴുന്ന നമ്മുടെ ഈ അമ്മയുടെ സ്നേഹത്തിലും കരുണയിലും മാദ്ധ്യസ്ഥത്തിലും സമാശ്രയിച്ചു ദൈവേഷ്ടപ്രകാരം ജീവിക്കുന്നതിനു നമുക്കു ദൃഢനിശ്ചയംചെയ്യാം. അമ്മമാർ മക്കളെയെല്ലാം ഒരുപോലെയാണു സ്നേഹിക്കുന്നതെന്നു പറയാറുണ്ടെങ്കിലും ക്ഷീണിതരും രോഗബാധിതരുമായ മക്കളോടു അറിഞ്ഞോ അറിയാതെയോ അവർ പ്രത്യേക വാത്സല്യം കാണിക്കാതിരിക്കയില്ല. ധൂർത്തപുത്രൻ സമ്പാദ്യമെല്ലാം നശിപ്പിച്ചു തിരികെ വീട്ടിൽ വന്നപ്പോൾ പിതാവു സ്നേഹപൂർവ്വം അവനെ സ്വീകരിച്ചു സൽക്കരിച്ചെന്നും, എന്നാൽ തന്റെ ഇഷ്ടം സദാ നിറവേററി ജീവിച്ച മൂത്തമകനോടു അത്രയ്ക്കു വാത്സല്യം ആ പിതാവു പ്രദർശിപ്പിച്ചില്ലെന്നും വേദപുസ്തകത്തിൽ നാം വായിക്കുന്നു. (ലൂക്കാ. 15, 11—32) "അനുതാപം ആവശ്യമില്ലാത്ത തൊണ്ണൂററൊമ്പതു നീതിമാന്മാരെപ്പററി എന്നതിലധികമായി അനുതപിക്കുന്ന ഒരു പാപിയെപ്പററി സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (ലൂക്കാ. 15, 7) എന്നും കർത്താവു് അരുളിച്ചെയ്യുന്നു. ധൂർത്തപുത്രനു് അമ്മയുണ്ടായിരുന്നതായി കർത്താവു് ആ ഉപമയിൽ പറയുന്നില്ല. അമ്മ ജീവിച്ചിരിക്കയിലാണു ധൂർത്തപുത്രൻ വീടുവിട്ടുപോകയും, പിന്നീടു തിരികെ വരുകയും ചെയ്തിരുന്നതെങ്കിൽ ആ അമ്മയുടെ ദുഃഖത്തെയും പിന്നീടുണ്ടായ സന്തോഷത്തെയും വിവരിക്കുവാൻ നമ്മുടെ കർത്താവു ധൂർത്തപുത്രന്റെ പിതാവിന്റെ സന്താപസന്തോഷങ്ങളെ വിവരിക്കുവാൻ ഉപയോഗിച്ച വാക്കുകൾ മതിയായിരിക്കുമോ? മക്കളോടുള്ള സ്നേഹത്തിൽ മാതൃപിതൃഹൃദയങ്ങൾ ഒരുപോലെയോ?

ഏതായാലും സ്വർഗ്ഗത്തിൽ ഭാഗ്യം അനുഭവിക്കുന്ന നമ്മുടെ അമ്മ പ്രവാസികളും ഹവ്വായുടെ മക്കളുമായ നാം കണ്ണുനീരിന്റെ താഴ്വരയായ ഈ ലോകത്തിൽ വിലപിച്ചു് അലഞ്ഞുനടക്കുന്നതു കണ്ടു വൃഥാ ഇരിക്കുന്നതല്ല. തന്റെ ഭാഗ്യത്തിൽ മക്കളെയെല്ലാം അവകാശികളാക്കണമെന്നാണു് ഏതു അമ്മയും എപ്പോഴും ആഗ്രഹിക്കുന്നതു്. ആകയാൽ പാപംമൂലം നിത്യരക്ഷ നാം അപകടത്തിലാക്കുമ്പോൾ ഈ അമ്മയുടെ ദുഃഖവും സംഭ്രമവും എന്നാൽ പാപത്തെ പൂർണ്ണമായി പരിത്യജിച്ചു ദൈവത്തിങ്കലേക്കു നാം തിരിയുമ്പോൾ ഈ അമ്മയുടെ സന്തോഷവും സംതൃപ്തിയും എത്ര വലുതാണെന്നു ധൂർത്തപുത്രന്റെ ഉപമയിൽനിന്നുതന്നെ നമുക്കു അനുമാനിക്കാവുന്നതാണു്. പിതാവിന്റെ അഥവാ പുത്രന്റെ ഹൃദയത്തെക്കാൾ ഒട്ടും സ്നേഹം കുറഞ്ഞതല്ലല്ലോ മാതൃഹൃദയം. ദൈവം കഴിഞ്ഞാൽ പിന്നെ ദൈവമാതാവിനാണു മനുഷ്യമക്കളോടു സ്നേഹവും അവരുടെ ആത്മരക്ഷയിൽ നിസ്സീമശുഷ്കാന്തിയുമുള്ളതെന്നു പറയുവാൻ ഒട്ടും സംശയിക്കേണ്ടതില്ല.

---

## കൃതജ്ഞത

ഫാത്തിമാമാതാവിന്റെയും ബ. അൽഫോൻസാമ്മയുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ചാക്കോ അയ്യു് ഓലിയാൻ
കോടിക്കുളം

---

## കരുണ

(15-ാം പേജു് തുടർച്ച)

ചനുചനെ അപ്പോഴും പെയ്യുന്നുണ്ടായിരുന്നു മഴ. കുഞ്ഞമ്മയും മക്കളും ആശങ്കയോടുകൂടി മുററത്തുതന്നെ നിന്നുകളഞ്ഞു. സ്വീകരണത്തിന്റെ ഒരു ലക്ഷണവും അവിടെ കണ്ടില്ല. വികാരങ്ങൾ അടക്കുവാൻ വയ്യാതെ അവരാച്ചൻ അല്പം മറഞ്ഞു നിന്നുകളഞ്ഞു. ഫാദർ സെബാസ്റ്റ്യൻ തന്നെയാണു പറഞ്ഞതു്, "കുഞ്ഞമ്മയും പിള്ളേരും ഇങ്ങോട്ടു കയറിവരിൻ. അപ്പന്റെ മുമ്പിൽ മുട്ടുകുത്തി ആദ്യം ക്ഷമായാചനം." കുഞ്ഞമ്മ അവരാച്ചന്റെ മുമ്പിലേക്കുനീങ്ങി അവിടെ മുട്ടുകുത്തി വേദപുസ്തകത്തിലെ ധൂർത്തപുത്രനെപ്പോലെ മാപ്പപേക്ഷിച്ചു. അയാൾ സ്വീകരിച്ചു അതു്. കുഞ്ഞമ്മയുടെ നിറുകയിൽ ഒരു ചുംബനം. കുഞ്ഞുങ്ങളേയും ചുംബിച്ചു. എല്ലാവരും കൃതാർത്ഥരായി.

"കുഞ്ഞമ്മേ" അകത്തുനിന്നും ഒരു വിളി. "എന്തോ" എന്നുവിളികേട്ടു് കുഞ്ഞമ്മ അടുക്കളയിലേക്കു ചെന്നു. അപ്പോൾ കുഞ്ഞമ്മയുടെ അമ്മ പറയുകയാണു്: "എന്റെ മകളേ, നമ്മുടെ അച്ചനും ഈ ഫിലിപ്പു് സാറിനും കുറച്ചു ചായ ഉണ്ടാക്കി നീതന്നെ കൊടുത്തേ." കുഞ്ഞമ്മ സ്വന്തം വീട്ടിൽ സ്വന്തമായിത്തീർന്നു അങ്ങനെ.

---

## പരസ്യം

ചൂരല്ലൂർ, പുറപ്പുഴ ഈ കരകളിലെ ഏജൻറായി വഴിത്തല ഏജൻറു് ജോസു് സി. കള്ളപ്പുരയിൽ അവർകളെ നിയമിച്ചിരിക്കുന്നു. സത്യദീപം ആവശ്യക്കാർ ടിയാനെ സമീപിക്കുക.

---

## സുവർണ്ണതൂലിക

മാതാവിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചു് ഒരാഴ്ച കഴിഞ്ഞശേഷം പരിശുദ്ധപിതാവു് തൽസംബന്ധമായ തിരുവെഴുത്തിനു ഒപ്പുവയ്ക്കുകയുണ്ടായി. "കത്തോലിക്കാസഭയുടെ മെത്രാനായ ഞാൻ" എന്നെഴുതികൊണ്ടാണു് അവിടുന്നു് ഒപ്പുവച്ചിരിക്കുന്നതു്. തദവസരത്തിൽ തിരുമനസ്സുകൊണ്ടു് ഒരു സുവർണ്ണതൂലികയാണു ഉപയോഗിച്ചതു്. മഷിക്കുപ്പിയും സ്റ്റാൻറും രജതനിർമ്മിതമായിരുന്നു. സ്റ്റാൻറിന്മേൽ സ്വർഗ്ഗാരോപണചിത്രം ലേഖനം ചെയ്തിരുന്നു. അഖിലലോക സൊഡാലിററി സംഘങ്ങൾ തിരുമനസ്സിലേക്കു കാഴ്ചസമർപ്പിച്ചതാണു പ്രസ്തുതസാമഗ്രികൾ.

ചെറുകഥ

# കരുണ

(ജി. സി. ടെയ്‌ലാർ)

പരമദയനീയമായി കരഞ്ഞുകൊണ്ടിരുന്നു ആ കുഞ്ഞുങ്ങൾ. ഒരു ചെറ്റപ്പുരയുടെ ചുററിലുമാണ് അവർ കൂടിയിരിക്കുന്നതു്. അതിനകത്തുണ്ടു് പുഴുങ്ങിയ കുറെ തകരഇല. അവരുടെ അമ്മ അല്പം അകലെ മാറി ചിന്താമഗ്നയായി ഇരിക്കുന്നു. ഉന്നിക്കെട്ടിയ വസ്ത്രങ്ങൾ അവരുടെ ശരീരത്തെ അങ്ങിങ്ങായി മറച്ചിട്ടുണ്ടു്. തുള്ളിതോരാതുള്ള മഴ ആ കുടിലിന്റെ മേൽപ്പുര മുഴുവനും ദ്രവിച്ചു ഉണക്ക ഈർക്കിൽമാത്രം 'പിടിവിട്ടു്' ഉയർന്നു നില്ക്കുന്നു. അതിനിടയിൽ പച്ചമാനിയും കുണ്ടും കിളിർത്തുനില്ക്കുന്നുണ്ടു്. അവർ ഇരിക്കുന്ന സ്ഥലം മുഴുവനും വെള്ളം വീണു നനഞ്ഞുകൊണ്ടിരിക്കയാണു്. മുകളിൽനിന്നും വീഴുന്ന ഓരോ തുള്ളിയും നിഷ്ഠുരമായി ആ സാധുക്കളുടെ ദേഹത്തേക്കും ചട്ടിക്കകത്തേക്കും ചെളി അടിച്ചു തെറിപ്പിച്ചുകൊണ്ടിരിക്കുന്നു. പാമ്പിൽ വെള്ളം പൊങ്ങി ആ ചെററക്കുടിലിന്റെ അതിർത്തികളെ ഭേദിക്കുവാൻ ശങ്കിക്കുന്നില്ല. അടുപ്പിൽ ഉണ്ടായിരുന്ന തീ മുഴുവനും കെട്ടുകഴിഞ്ഞു. അതിനിടയിൽ ഭയങ്കരമായ കാററും.

"ഈ വലിയ മഴയത്തു് ഇപ്പോഴെങ്ങോട്ടാണു പോകുന്നതു?" മി. ഫിലിപ്പ് വസ്ത്രംമാറി കുടയും എടുത്തു പുറത്തേക്കിറങ്ങിയപ്പോൾ ചിന്നമ്മ ചോദിച്ചു. മഴയത്തു തണുപ്പടിച്ചാൽ വല്ല ജലദോഷവും പിടിപെട്ടേക്കുമോ തന്റെ ഭർത്താവിനു് എന്നായിരുന്നു ചിന്നമ്മയുടെ ഭയം.

"ഞാൻ പള്ളിയിലോളം ഒരത്യാവശ്യകാര്യം പ്രമാണിച്ചു പോകുന്നു" എന്നായിരുന്നു മറുപടി.

"ദേവസ്യാച്ചനെ കാണാനായിരിക്കും, അല്ലേ?"

"അതെ, അതെ. അദ്ദേഹത്തെ കണ്ടിട്ടു പ്രത്യേകം ഒരു കാര്യമുണ്ടു്."

"സന്ധ്യക്കുമുമ്പേ വരില്ലേ?"

"വരും വരും: അധികം താമസിക്കേണ്ടിവരികയില്ല."

മി. ഫിലിപ്പ് ഒരു വക്കീലാണു്. ദിവസവും കോടതിയിൽ ഹാജരാകുന്നതിനുമുമ്പു് അദ്ദേഹം ദേവാലയത്തിൽ പോയി ദിവ്യപൂജയിൽ സംബന്ധിക്കും. ആ നിത്യവിധിയാളനെ കണ്ടിട്ടു ലൗകികകോടതിയിൽ ഹാജരായാൽ അവാച്യമായ ഒരു ഹൃദയസമാധാനമുണ്ടെന്നാണു് അദ്ദേഹം പറയാറുള്ളതു്. കള്ളക്കേസുകളുംകൊണ്ടു് ആരും അദ്ദേഹത്തിന്റെ അടുക്കൽ പോകാറില്ല. മി. ഫിലിപ്പ് കള്ളം പറയുകയോ കള്ളക്കേസു പിടിക്കയോ ചെയ്യുകയില്ലെന്നാണു പരക്കെ ഒരു സംസാരം. അവശത അനുഭവിക്കുന്നവരോടു് അനുകമ്പകാണിക്കുന്നതിൽ അദ്ദേഹം ആരുടെയും പിന്നിലല്ല. സത്യം, പരിശുദ്ധി, നിസ്സ്വാർത്ഥത എന്നീ മൂന്നുഗുണങ്ങളും യോജിച്ചാൽ അതിനെ പരാജയപ്പെടുത്തുവാൻ ലോകത്തിൽ ഒരു ശക്തിക്കും സാധിക്കുന്നതല്ല എന്ന ആദർശം മുറുകെപ്പിടിച്ചിരിക്കുന്നു. എങ്കിലും താൻ പരിപൂർണ്ണനാണെന്നുള്ള ബോധ്യം അദ്ദേഹം ഉൾക്കൊണ്ടിട്ടില്ല. തെററു ഏററുപറയുവാൻ എപ്പോഴും സന്നദ്ധൻ. മക്കൾമുഷ്ടിക്കാരായ തന്റെ കക്ഷികളോടുള്ള ഉപദേശം ഇതായിരിക്കും ചിലപ്പോൾ: "തെററുചെയ്തുപോയെന്നു സമ്മതിക്കാൻ ആരും ലജ്ജിച്ചിട്ടാവശ്യമില്ല. ഇന്നലത്തെക്കാൾ ഇന്നു ബുദ്ധിശക്തി പരിണതമായിട്ടുണ്ടെന്നേ അതിനർത്ഥമുള്ളു." തന്റെ ഉപദേശം സ്വന്തമാണെന്നും അദ്ദേഹം പറയാറില്ല. മഹാനായ സ്വിഫ്റ്റിന്റേതു് ഉദ്ധരിക്കമാത്രം.

അന്നത്തെ പെരുമാരിയും കാററും കണ്ടപ്പോൾ അവിടെ അടുത്തുള്ള ചില ചെററക്കുടിലുകളുടെ കാര്യമാണു് അദ്ദേഹത്തിന്റെ ഓർമ്മയിൽ എത്തിപ്പെട്ടതു്. സുഖസൗകര്യാദികൾ നിറഞ്ഞ തന്റെ വീട്ടിൽ ഇരുന്നു് റേഡിയോപ്പാട്ടുകൾ കേട്ടുകൊണ്ടിരിക്കുവാൻ അപ്പോൾ മി. ഫിലിപ്പിനു സന്തോഷമില്ലാതായി. അദ്ദേഹം ഇറങ്ങിനടന്നതു നേരേ ഫാദർ സെബാസ്റ്റ്യന്റെ മുറിയിലേക്കാണു്. അവർ ഇരുവരും സഹപ്രവർത്തകന്മാരായിത്തീർന്നിട്ടു നാലഞ്ചുമാസങ്ങളായിക്കാണും. ഫിലിപ്പിനെ കണ്ടമാത്രയിൽ അദ്ദേഹം ഇറങ്ങിവന്നു: "ഹലോ ഗുഡ്മോർണിംഗ് മി. ഫിലിപ്പ്" എന്നു പറഞ്ഞു കഴിഞ്ഞു. കൈകൂപ്പിയുള്ള ഒരു സ്തുതിയായിരുന്നു അതിനു പ്രത്യുത്തരം.

"എന്താ ഈ മുട്ടമഴയത്തു?" മുഖവുരയച്ചൻതന്നെ സൃഷ്ടിച്ചു.

"എന്റെ അച്ചോ, ഈ മഴയത്തു് നല്ല ഒരു വീട്ടിൽ തീകാഞ്ഞോ വെടിപറഞ്ഞോ ഇരിക്കുന്നതാണു് എനിക്കും സന്തോഷപ്രദം. പക്ഷേ നമ്മുടെ അയൽപക്കത്തുള്ള രണ്ടുമൂന്നു ചെററക്കുടിലുകളുടെ കാര്യം ഓർത്തപ്പോൾ വീട്ടിലെ പട്ടുമെത്തകളും കുഷനിട്ട കസേരകളും കൂർത്ത മുള്ളുകളായി എനിക്കു തോന്നി. അതുകൊണ്ടിങ്ങോട്ടിറങ്ങിയതാണു്. അച്ചനും കൂടി പോരുന്നോ?"

"വളരെ നല്ലകാര്യം. ഇത്തരം ഒരു പ്രസിഡന്റിനെ ഞങ്ങളുടെ വിൻസന്റ് ഡി പോൾ സംഘത്തിനു കിട്ടിയതാണു ഞങ്ങളുടെ ഭാഗ്യം. ഞാൻ ഇതാ ഇറങ്ങിക്കഴിഞ്ഞു. ഈ തണുപ്പത്തു് അല്പം ചൂടുചായ നന്നായിരിക്കയില്ലേ. വെള്ളം ചവിട്ടി കുറെ നടക്കേണ്ടിവരുമല്ലോ."

"ചൂടുചായ നല്ലതാണു് നമ്മളു തിരിയെവരുമ്പോൾ. അതുകൊണ്ടു ളയീസിനെ വിളിച്ചു പറഞ്ഞേരു് അല്പം ചായ ചൂടാക്കിവെച്ചേക്കാൻ നമ്മളു തിരിയെവരുമ്പോഴേക്കും."

ഫാദർ സെബാസ്റ്റ്യൻ ചില നിർദ്ദേശങ്ങൾ നല്കിയിട്ടു് ഫിലിപ്പിന്റെ കൂട്ടത്തിൽ ഇറങ്ങി. വെള്ളവും ചെളിയും നിറഞ്ഞു ഇടുങ്ങിയവഴിയിൽക്കൂടിയാണു് അവർ നടന്നതു്. ഓരോ ചെറുഗൃഹങ്ങളുടെ മേൽക്കൂട്ടിലേക്കായിരുന്നു മി. ഫിലിപ്പിന്റെ ദൃഷ്ടി. വർഷകാലത്തു് പുരമേയുക എന്ന ഒരു ചടങ്ങാണു് നിർവ്വാഹമുള്ളവർ ആദ്യമായി നിർവ്വഹിക്കുക. അതു നടന്നിട്ടില്ലെങ്കിൽ, ആ കുടുംബം ദയനീയസ്ഥിതിയുടെ ഉടവെടുത്ത ചിത്രം. അവർ ഇരുവരുംകൂടി പല പാവപ്പെട്ട കുടിലുകളും കയറിയിറങ്ങി. പല സാധുക്കളും അത്ഭുതപ്പെട്ടു, ഇങ്ങനെ ഒരു വൈദികനും ഒരു അത്മേനിയും അവരെ സന്ദർശിക്കുവാൻ മുട്ടമഴയത്തു പുറപ്പെട്ടല്ലോ എന്നു്.

വികാരഭരിതരായിപ്പോയി അവർ ആ കാഴ്ചകണ്ടപ്പോൾ. "നിങ്ങൾക്കിന്നു ഭക്ഷണത്തിനൊന്നുമില്ലേ കുഞ്ഞുങ്ങളേ?" ചോദിച്ചു ഫാദർ സെബാസ്റ്റ്യൻ തകരഇല പുഴുങ്ങിയ ചട്ടി ആ കുഞ്ഞുങ്ങൾ വടിച്ചുനക്കുന്നതുകണ്ടു്. അടുത്തു വിഷാദമഗ്നയായിരുന്ന സ്ത്രീ ഞെട്ടി എഴുന്നേററു് കൈകൂപ്പി. ഉടൻ മക്കളും അവരെ അനുകരിച്ചു. എന്താണു പറയേണ്ടതെന്നറിയാതെ കുഞ്ഞമ്മ വല്ലാതെ കുഴങ്ങി. അവളുടെ കണ്ണുകളിൽനിന്നും കണ്ണുനീർ. "കഷ്ടം! ഈ കുഞ്ഞുങ്ങളുടെ അപ്പൻ എവിടെ?" മി. ഫിലിപ്പിന്റെ ചോദ്യം ആ സാധുസ്ത്രീയുടെ കണ്ണുനീർപ്പാത്തി തുറന്നുവച്ചു. മൂത്തകുട്ടിയാണു് അതിനുത്തരം നല്കിയതു്. "അച്ചായൻ മരിച്ചുപോയി. അതുകൊണ്ടു ഞങ്ങളിങ്ങോ പോന്നതാ."

"നിങ്ങളുടെ വീടു് എവിടെ ആയിരുന്നു?"

"ആലപ്പുഴെന്നു കൊറേ തെക്കു്."

"ഇവിടെ നിങ്ങളെങ്ങനെ വന്നുപററി?"

"അതെനിച്ചറിയാമ്മേല."

കുഞ്ഞമ്മ കണ്ണുനീർ തുടച്ചിട്ടു പറഞ്ഞു: "എന്റെ സ്വന്തം വീടു് ഇവിടെത്തന്നെയാണു്. കുഞ്ഞുങ്ങളുടെ അപ്പൻ മരിച്ചുപോയപ്പോൾ പിന്നെ ഞങ്ങളെ അന്വേഷിക്കാനാരുമില്ലെന്നായി. അമ്മായിയപ്പൻ ആളുംകൂട്ടിവന്നു് ഞങ്ങളു താമസിച്ചിടത്തുന്നു ഇറക്കിവിടുകയും ചെയ്തു. അങ്ങനെയാണു് ഞാനും ഈ കുഞ്ഞുങ്ങളും ഇവിടെ വന്നുചേർന്നതു്."

"ഇവിടെ നിങ്ങളുടെ വീടേതു്? അപ്പനും അമ്മയും ആങ്ങളമാരും ഇല്ലേ?"

"ഇവിടെ എല്ലാവരുമുണ്ടു്. എന്നാലും അവർക്കാരുക്കും ഞങ്ങളെകണ്ടുകൂടാ."

"നിങ്ങളുടെ സ്ഥിതി വളരെ പരിതാപകരംതന്നെ. ഞങ്ങളിതാവരുന്നു; അടുത്ത വീട്ടിൽ ഒന്നു പോയിട്ടു്."

വിശാലവും മനോഹരവുമായ ഒരു കെട്ടിടം. വാർനീഷിട്ട ജനലുകളും കതകുകളും. പല നിറത്തിലുള്ള കർട്ടൻ ഓരോന്നിന്റെയും മുമ്പിൽ തൂങ്ങിക്കിടന്നു് ആടുന്നു. അരമതിൽകെട്ടി അടവാക്കിയിട്ടുള്ള നടുമിററം. ഒരുവശത്തു രമണീയമായ പൂന്തോട്ടം. മറുവശത്തു് പ്രാക്കൾ തിങ്ങിപ്പാർക്കുന്ന ഒരു ഗോപുരം. റേഡിയോയുടെ പ്രവർത്തനം അകത്തു നടക്കുന്നുണ്ടു്. അവിടെ എല്ലാം ആഹ്ലാദമയം. അവരാച്ചൻ എന്നാണു് കുടുംബനാഥന്റെ പേരു്. പഞ്ഞിയിട്ടു വീർപ്പിച്ച ചെറു തലയിണകൾ പോലിരിക്കുന്ന അയാളുടെ കൈകാലുകൾ എപ്പോഴും വീർത്തിരിക്കുന്ന ഉദരവും. അവിടത്തെ മററംഗങ്ങളുടെയും സാമ്പിൾ ഇതുതന്നെ. അവരാച്ചൻ ഫിലിപ്പിനെയും അച്ചനേയും സാദരം സ്വീകരിച്ചു് പാർലറിലേക്കു കൂട്ടിക്കൊണ്ടുപോയി. വിശാലമായ ഒരു മാർബിൾ വട്ടമേശ അവിടെ. അതിനുചുററും കിടക്കുന്നു നല്ല കുഷൻ ചെയേഴ്സ്. ഇരിക്കണമെങ്കിൽ ഇരിക്കാം. കിടക്കണമെങ്കിൽ കിടക്കാം. അവർ ആസനസ്ഥരായി. സരസമായ സംഭാഷണംകൊണ്ടു് അവരാച്ചൻ അവരെ രസിപ്പിച്ചുകൊണ്ടുമിരുന്നു. അവർ ഉദ്ദേശിച്ച കാര്യം പറയുവാൻ അവസരമേ കിട്ടുന്നില്ല. വിഭവങ്ങളോടുകൂടിയ ഒരു കാപ്പിയായി പിന്നെ.

ഫാദർ സെബാസ്റ്റ്യൻ പറഞ്ഞു: "കാപ്പികുടിക്കുന്നതിനുമുമ്പു് ഞങ്ങൾക്കു പറയാനുണ്ടൊരു കാര്യം. പട്ടിണികിടക്കുന്ന നാലു കുഞ്ഞുങ്ങളേയും ഒരു തള്ളയേയും കണ്ടിട്ടാണു ഞങ്ങൾ ഇങ്ങുകയറിയതു്. ഞങ്ങൾക്കിപ്പോൾ വലിയ വിശപ്പില്ല. ഈ പലഹാരം ഒരു കടലാസിൽ പൊതിഞ്ഞു് ഇങ്ങുതരാമെങ്കിൽ ഞങ്ങൾ അതവർക്കു കൊണ്ടുപോയി കൊടുത്തേക്കാം. അതുതന്നെയല്ല പഴയ വസ്ത്രങ്ങൾ വല്ലതുമുണ്ടെങ്കിൽ അതും തന്നാൽ കൊള്ളാം."

"നിങ്ങൾ ആരുടെ പഞ്ഞം തീർക്കാനാണിങ്ങനെ ബുദ്ധിമുട്ടാമെന്നു വച്ചതു! നമ്മളുവല്ലവരും കൊടുത്തു് ഒരുത്തന്റെ പട്ടിണിം പഞ്ഞോം തീർക്കാൻ ഒക്കുമോ? അതൊക്കെ ദൈവം തീർത്താൽ തീരും. നിങ്ങളു കാപ്പികുടിക്കിൻ."

"ഇല്ല. ഞങ്ങൾ ഉടൻതന്നെ തിരിച്ചു ചെല്ലുമെന്നു പറഞ്ഞിട്ടാണിങ്ങു കയറിയതു്. അതുകൊണ്ടു വല്ലതും തന്നാൽ അതു കൊണ്ടുപോയി കൊടുത്തിട്ടു ഞങ്ങൾ വന്നു കാപ്പികുടിക്കാം."

"ഇതാർക്കുവേണ്ടിട്ടാ? ഒന്നു പറഞ്ഞാട്ടെ."

മി ഫിലിപ്പാണു് അതിനുത്തരം പറഞ്ഞതു്. അദ്ദേഹം ദൂരെയുള്ള ഒരു ചെററക്കുടിൽ ചൂണ്ടിക്കാണിച്ചിട്ടു്: "അതാ, ആ കാണുന്ന കുടിലിലാണു് അവർ താമസിക്കുന്നതു്." അവരാച്ചന്റെ കണ്ണുകളിൽക്കൂടി തീപ്പൊരി പാറന്നു. അയാൾ കോപാകൊണ്ടലറി: "അവൾക്കോ! അവൾക്കു ഞാനിവിടെനിന്നും പച്ചവെള്ളം കൊടുക്കുകയില്ല. അവൾ എന്റെ മൂത്തമകളാണു്. വളരെ കാര്യമായി ഞാൻ വളർത്തി. പക്ഷേ എന്റെ സമ്മതവും അറിവുംകൂടാതെ ഒരു കാർഡ്രൈവറുടെ കൂടെ അവൾ ഒളിച്ചോടിപ്പോയി; ആ തെണ്ടിയെ കല്യാണവും കഴിച്ചു. അവനോ, മുക്കുടിയനും ആഭാസനും. എങ്കിലും ഞാൻ എല്ലാം ക്ഷമിച്ചു രൂപാ അയ്യായിരമാണു് കൊടുത്തതു്, വല്ല വിധത്തിലും കരകയറിപ്പോകട്ടെ എന്നുവച്ചു്. എന്നിട്ടും ആ ആഭാസൻ അതെല്ലാം കുടിച്ചുമുടിച്ചു. ഒടുവിൽ അവളുടെ താലിമാലപോലും പണയംവച്ചു നശിപ്പിച്ചു അവൻ മൂന്നുമാസമായി ചത്തിട്ടു. അവളും പിള്ളരുംകൂടെ ഇങ്ങോട്ടുപോരികയും ചെയ്തു എന്നെ മുടിക്കാൻ. അവൾ എവിടെപ്പോയി തുലഞ്ഞാലും വേണ്ടില്ല; ഞാൻ അന്വേഷിക്കയില്ല."

അവരാച്ചന്റെ പ്രസംഗം ഒരു വെളിപാടുതന്നെ ആയിരുന്നു അവർക്കു രണ്ടുപേർക്കും. അച്ചൻ വിസ്മയഭരിതനായി ചോദിച്ചു: "സ്വന്തം മകളോടാണോ ഈ വിധത്തിൽ കരുണയില്ലാതെ പ്രവർത്തിക്കുന്നതു?"

"അതെ, അതെ. എന്റെ കരുണയും സ്നേഹവും അവൾ അർഹിക്കുന്നില്ല. അവൾ എന്നെ ധിക്കരിച്ചവളാണു്."

"എന്റെ സ്നേഹിതാ, ദൈവത്തിൽനിന്നും നാം കരുണ യാചിക്കേണ്ടവരല്ലേ? കരുണയുള്ളവർക്കു കാരുണ്യം ലഭിക്കും. അതിനാൽ ദൈവത്തെ ഓർത്തു് അവളോടു ക്ഷമിച്ചു് അവൾക്കും ആ കുഞ്ഞുങ്ങൾക്കും അല്പം സഹായം ചെയ്തുകൊടുക്കുക."

"അക്കാര്യം മാത്രം അച്ചൻ എന്നോടു പറയേണ്ടാ. അവളെ സംരക്ഷിച്ചിട്ടുള്ള പുണ്യവും വേണ്ടാന്നു ഞാൻ വച്ചിരിക്കുന്നു."

"അങ്ങനെ തീർത്തുപറയുന്നപക്ഷം വിൻസെൻറ് ഡി പോൾ സംഘത്തിൽനിന്നും അവൾക്കു വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുവാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കയാണു്. അതിനു വിസമ്മതമൊന്നുമില്ലായിരിക്കുമല്ലോ."

അവരാച്ചന്റെ അഭിമാനത്തിനു ക്ഷതം തട്ടിയ ഒരു പ്രസ്താവന. അയാൾ വിഷണ്ണനായി. ഒരു കുരുക്കിൽ വീണതുപോലെ ദേഹം ആസകലം വിയർത്തു. പിന്നീടെങ്ങനെ അന്യരുടെ മുഖത്തു നോക്കി നടക്കും എന്നായി ആലോചന. സംഘത്തിൽപ്പെട്ടവരെല്ലാം അറിയാതിരിക്കുമോ ഇക്കാര്യം. അയാൾ പരാജിതനായി പറഞ്ഞു: "ഞാൻ വെറുതേ എന്റെ കോപാകൊണ്ടങ്ങുപറഞ്ഞുപോയെന്നേയുള്ളു. അവൾ ഈ വിധത്തിൽ സങ്കടമനുഭവിക്കുന്നു എന്നു ഞാൻ അറിഞ്ഞേ ഇല്ല. അവളെയും കുട്ടികളെയും ഞാൻ ഇവിടെത്തന്നെ താമസിപ്പിച്ചേക്കാം." അവർക്കിരുവർക്കും വളരെ സന്തോഷം തോന്നി അവരാച്ചന്റെ മാനസാന്തരത്തിൽ. അച്ചൻ പറഞ്ഞു: "എന്നാൽ ഇപ്പോൾതന്നെ ഒരാളയക്കു്; അവരെ ഇങ്ങു കൂട്ടിക്കൊണ്ടുവരട്ടെ. നിങ്ങൾ തമ്മിൽ രമ്യപ്പെടുന്നതുകണ്ടു ഞങ്ങളും ഒന്നു സന്തോഷിക്കട്ടെ." അവരാച്ചൻ അതു സമ്മതിച്ചു "കുട്ടപ്പാ" എന്നുറക്കെ. 15 വയസ്സുള്ള ഒരു ചെറുക്കൻ അയാളുടെ മുമ്പിൽ വന്നു നിന്നു. "നീ പോയി നിന്റെ പെങ്ങളെയും മരുമക്കളെയും ഇങ്ങു കൂട്ടിക്കൊണ്ടുവാ." അവൻ പോയി. അപ്പോൾ അച്ചൻ പറഞ്ഞു: "കുഞ്ഞമ്മ ഒരപരാധം ചെയ്തു എന്നതു ശരിയായിരിക്കാം. പക്ഷേ അവരാച്ചനു് അതിൽ യാതൊരു ഉത്തരവാദിത്വവുമില്ലായിരുന്നു എന്നൊഴിഞ്ഞു പറയുവാൻ സാധിക്കുമോ? മാതാപിതാക്കന്മാർ അറിയാതെ മകൾ ഒരു ഡ്രൈവറുമായി പരിചയപ്പെട്ടതെങ്ങനെ?"

"നേരാണച്ചാ; ഇപ്പോൾ എനിക്കു തോന്നുന്നു, ഞാനും അതിൽ കുററക്കാരനാണെന്നു്. ആ ആഭാസനു ഞാനാണു് ഇവിടെ സ്വാതന്ത്ര്യം കൊടുത്തതു്. അവൻ നല്ലവനാണെന്നു ഞാൻ ഓർത്തുപോയി."

"പലർക്കും പററാറുള്ള ഒരബദ്ധമാണിതു്. പക്ഷേ അബദ്ധത്തിൽ ചാടിയിട്ടു മാത്രമേ പലപ്പോഴും മനുഷ്യൻ പഠിക്കുന്നുള്ളു എന്നതു പരിതാപകരമായിരിക്കുന്നു."

(ശേഷം 14-ാം പേജിൽ)




"അവൾക്കോ; അവൾക്കു ഞാനിവിടെനിന്നും പച്ചവെള്ളം കൊടുക്കയില്ല!"

# Sathya Deepam

Vol. 24 — Ernakulam December 20, 1956 — No. 18


ആരോഗ്യപംക്തി

## ദന്തരോഗങ്ങൾ തടയാനുള്ള എളുപ്പമാർഗ്ഗം

ദന്തരോഗചികിത്സയുടെ ചരിത്രത്തിൽ പ്രത്യേക പ്രാധാന്യമർഹിക്കുന്ന ഒരു പരീക്ഷണമാണു മൂന്നുകൊല്ലം മുമ്പ് അമേരിക്കയിലെ "നോർത്തുവെസ്റ്റേൺ സർവ്വകലാശാല"യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടതു്. ഭക്ഷണത്തിനുശേഷം പല്ലു ശരിയായി ശുദ്ധിയാക്കുകയാണെങ്കിൽ ഇപ്പോഴുണ്ടാകുന്ന ദന്തരോഗങ്ങളിൽ 50 ശതമാനമെങ്കിലും നിഷ്പ്രയാസം തടയാൻ സാധിക്കുമെന്നു പ്രസ്തുത പരീക്ഷണം തെളിയിച്ചിരിക്കുന്നു.

പരീക്ഷണത്തിന്റെ നേതൃത്വം വഹിച്ചതു ഡോക്ടർ ലേണാർഡ് എസ്. ഫോസഡിക് എന്ന ദന്തചികിത്സാവിദഗ്ദ്ധനാണ്. വിദ്യാർത്ഥിനികളും വിദ്യാർത്ഥികളും ഉൾപ്പെടെ 946 പേർ പരീക്ഷണത്തിനു വിധേയരായി. അവരിൽ 523 പേർ ഭക്ഷണാനന്തരം 10 മിനിട്ടിനകം ബ്രഷുപയോഗിച്ച് പല്ലു നല്ലപോലെ വൃത്തിയാക്കിവന്നിരുന്നു. അതിനു സൗകര്യമില്ലാതിരുന്നപ്പോൾ, വായ് കഴുകി വൃത്തിയാക്കുകയെങ്കിലും ചെയ്യുമായിരുന്നു. ബാക്കി 423 പേർ പതിവനുസരിച്ച് രാത്രിയിലും കാലത്തും മാത്രമേ പല്ലു ബ്രഷുചെയ്യുമായിരുന്നുള്ളു.

ഒരു കൊല്ലം കഴിഞ്ഞു പരിശോധിച്ചപ്പോൾ രണ്ടാമത്തെ ഗണത്തിൽപ്പെട്ടവരുടെ പല്ലുകൾ ശരാശരി 2.2 വീതം കേടുള്ളവയായി കാണപ്പെട്ടു. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം ശരാശരി .8 ( ) പല്ലിനു മാത്രമാണു കേടുണ്ടായിരുന്നതു്; അങ്ങനെ ഇവർക്കു രോഗബാധ 63 കുറവായിരുന്നു. ദ്വിതീയവർഷത്തിന്റെ അവസാനത്തിൽ ഇവരുടെ പല്ലുകൾക്കുണ്ടായിരുന്ന കേടുകൾ മറ്റേ ഗണത്തെ അപേക്ഷിച്ച് ശരാശരി 53 ശതമാനം കുറവായിരുന്നുവത്രെ.

എങ്ങനെയായാലും, ഭക്ഷണം കഴിക്കുന്ന ഓരോ പ്രാവശ്യവും, ദന്തനിരകൾ കഴുകി വൃത്തിയാക്കുകയാണെങ്കിൽ, അവ കേടുകൂടാതെ സൂക്ഷിക്കുക എളുപ്പമാണെന്നു ഈ പരീക്ഷണങ്ങൾ തെളിയിക്കുന്നു. കേരളീയരെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ കണ്ടുപിടിത്തമല്ല. ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള ക്ഷാളനകർമ്മങ്ങളിൽ അവർ പുരാതനകാലംമുതൽ ശ്രദ്ധവെച്ചു വന്നിട്ടുള്ളതാണ്. ഇപ്പോൾ ഒരുപക്ഷെ വേണ്ടിടത്തോളം ശ്രദ്ധവെക്കുന്നില്ലായിരിക്കാം. എങ്ങനെയായാലും ഈ "പരിഷ്കൃത"കാലത്താണു ദന്തരോഗങ്ങൾ എല്ലാരാജ്യക്കാരുടെയും ഇടയിൽ വർദ്ധിച്ചിട്ടുള്ളതു എന്ന വസ്തുത അനിഷേധ്യമത്രെ. ചരിത്രാതീതകാലങ്ങളിൽ ജീവിച്ചിരുന്ന ആളുകളുടെ ദന്തങ്ങൾ താരതമ്യേന ബലിഷ്ഠങ്ങളും രോഗവിമുക്തങ്ങളുമായിരുന്നെന്നു അവരുടെ തലയോടുകൾ സ്പഷ്ടമാക്കുന്നുണ്ട്.

ദന്തരോഗങ്ങൾ ആധുനികകാലത്തു പൂർവ്വാധികം വർദ്ധിക്കുവാനുള്ള പ്രധാനകാരണം ഇപ്പോൾ നാം പഞ്ചസാരയും മറ്റു മധുരപദാർത്ഥങ്ങളും ധാരാളം ഉപയോഗിക്കുന്നുവെന്നതത്രെ. 1824-ൽ അമേരിക്കൻ 9 റാത്തൽ പഞ്ചസാരയാണു പ്രതിവർഷം ഉപയോഗിച്ചിരുന്നതെങ്കിൽ. ഇന്നു 96 റാത്തലാണ് ഉപയോഗിക്കുന്നതു്. മററു രാജ്യക്കാരെ സംബന്ധിച്ചും ഏറെക്കുറെ ഈ അനുപാതമനുസരിച്ചുള്ള ഒരു വ്യത്യാസമാണു ഉണ്ടായിരിക്കുന്നതു്. പിന്നെ എങ്ങനെ നമ്മുടെ പല്ലുകൾ സുരക്ഷിതങ്ങളായിരിക്കും? പഞ്ചസാരചേർന്ന പദാർത്ഥങ്ങൾ പല്ലുകളുടെ ഇടയിലും പല്ലുകളിലുള്ള ദ്വാരങ്ങളിലും കയറിയിരിക്കുമ്പോൾ, എളുപ്പത്തിൽ ആസിഡുത്ഭവിക്കുന്നു. ആ ആസിഡാണു പല്ലുകളെ നശിപ്പിക്കുന്നതു. പ്രസ്തുതാസിഡിന്റെ ശക്തി കെടുത്തുന്നതിനു ഉമിനീർ സഹായിക്കുന്നതാണ്. പക്ഷെ വളരെ അധികം പഞ്ചസാര ഉപയോഗിക്കുകയാണെങ്കിൽ, തൽഫലമായുണ്ടാകുന്ന ആസിഡ് മുഴുവന്റെയും ശക്തി കെടുത്തുന്നതിനു ഉമിനീർ മതിയാകാതെവരും.

പഞ്ചസാര ഉപയോഗിച്ച് 3 മിനിട്ടു കഴിയുമ്പോഴേക്കും ആസിഡ് അതിന്റെ നശീകരണവേല ആരംഭിക്കുന്നതാണ്. ഇരുപതോ മുപ്പതോ മിനിട്ടു കഴിയുമ്പോഴേക്കും പ്രസ്തുത സംരംഭം മൂർദ്ധന്യത്തെ പ്രാപിക്കുന്നു. ഉമിനീർ പ്രതിരോധനടപടികൾ സ്വീകരിച്ചു വിജയം വരിക്കുന്നതുവരെ സമരം നടന്നുകൊണ്ടിരിക്കുകയും ചെയ്യും. ആസിഡ് ഒരേ വേഗതയിലല്ല എല്ലാവരിലും പ്രവർത്തിക്കുന്നതു്. അതുപോലെതന്നെ ഉമിനീരും. ആസിഡ് അതിവേഗത്തിലും, ഉമിനീർ സാവകാശത്തിലുമാണു പ്രവർത്തിക്കുന്നതെങ്കിൽ. പല്ലുകൾ എളുപ്പത്തിൽ രോഗബാധിതങ്ങളാകുന്നു. നേരെമറിച്ച് ഉമിനീരിന്റെ പ്രവർത്തനം ശീഘ്രവും ആസിഡിന്റേതു സാവകാശവുമാണെങ്കിൽ, നമുക്കു എന്തും തിന്നാവുന്നതാണ്; ദന്തരോഗങ്ങളെ ഭയപ്പെടേണ്ട ആവശ്യമേ ഉണ്ടാകയില്ല. പക്ഷെ വളരെ ദുർല്ലഭമായി— 50-നു 1 വീതം—മാത്രമേ അത്തരം ആളുകളെ കണ്ടുമുട്ടുകയുള്ളു. ബഹുഭൂരിപക്ഷം പേരും ഈ രണ്ടുഗണത്തിലും പെടാത്ത ഒരുതരം ഇടനിലക്കാരാണ്.

രാത്രികിടക്കാൻപോകുമ്പോഴും കാലത്തു എഴുന്നേൽക്കുമ്പോഴും പേസ്റ്റുപയോഗിച്ചു പല്ലു ബ്രഷുചെയ്യുന്നതു വളരെ നല്ലതാണെന്നതിനു സംശയമില്ല. ദന്തനിരകളിൽ പററിപ്പിടിച്ചിരിക്കുന്ന ഭക്ഷ്യാവശിഷ്ടങ്ങൾ ബഹിഷ്കരിക്കുന്നതിനു അതുപകരിക്കുമെന്നു മാത്രമല്ല. ഉച്ഛ്വസിക്കുന്ന വായുവിനെ ദുർഗ്ഗന്ധമില്ലാത്തതാക്കുന്നതിനും, രസനേന്ദ്രിയത്തിനു തന്നെ ഒരു രുചി പ്രദാനംചെയ്യുന്നതിനും അതിനു കഴിവുണ്ട്. പക്ഷെ പല്ലുകൾ കേടുകൂടാതെ സംരക്ഷിക്കുന്നതിനു് അത്ര ഉപകരിക്കുമെന്നു തോന്നുന്നില്ല. ദന്തരോഗങ്ങൾ ബാധിക്കാതിരിക്കണമെങ്കിൽ ഭക്ഷണം കഴിക്കുകയോ പഞ്ചസാര ഏതെങ്കിലും രൂപത്തിൽ ഉപയോഗിക്കുകയോ ചെയ്യുന്ന ഓരോ തവണയും വായും ദന്തനിരകളും ശുചിയാക്കേണ്ടിയിരിക്കുന്നു. പല ദന്തവൈദ്യന്മാരും അപ്രകാരം ചെയ്യുകയും തങ്ങളുടെ പക്കൽ വന്ന രോഗികളെക്കൊണ്ടു് അപ്രകാരം ചെയ്യിക്കുകയും ചെയ്തുനോക്കി. അതിന്റെ ഫലം വിസ്മയാവഹമായിരുന്നെന്നു അവർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. മുൻപറഞ്ഞ ഡോക്ടർ ഫോസഡിക്കിന്റെ പല്ലുകൾക്കും ഒരുകാലത്തു കേടുകൾ ഉണ്ടായിക്കൊണ്ടിരുന്നു എന്നാൽ 1937-നുശേഷം മേൽപ്പറഞ്ഞവണ്ണം ചെയ്തുതുടങ്ങിയതുമതൽ. ഒരൊററ പല്ലിനു പോലും കേടുഭവിച്ചിട്ടില്ല യഥാക്രമം പതിനൊന്നും, പതിമൂന്നും, പതിനാറും വയസ്സു പ്രായമായ അദ്ദേഹത്തിന്റെ മൂന്നു കുട്ടികളുടെ പല്ലുകളും മേൽപ്പറഞ്ഞപ്രകാരം സംരക്ഷിക്കപ്പെട്ടിട്ടുണ്ട്.

ദന്തരോഗങ്ങളെ സംബന്ധിച്ചിടത്തോളം, അവ ബാധിച്ചശേഷം ചികിത്സിച്ചു സുഖപ്പെടുത്തുന്നതിനെക്കാൾ പതിന്മടങ്ങു എളുപ്പവും ഗുണപ്രദവും ആദായകരവുമാണ് അവ ബാധിക്കാതെ സൂക്ഷിക്കുകയെന്നതു. പല്ലുകൾക്കു കേടുകൾ ഉണ്ടായാൽ ദന്തവൈദ്യനെ സമീപിച്ചു അവ അടപ്പിക്കേണ്ടിവരും. കാലം വൈകിപ്പോയാൽ പല്ലുകൾ പറിച്ചുകളയേണ്ടിയും വരും. അങ്ങനെ അവ നഷ്ടപ്പെട്ടുകഴിയുമ്പോൾ കൃത്രിമപല്ലുകൾ വെക്കേണ്ടതായും വരുന്നു. അതിനെക്കാൾ എത്ര നല്ലതും ബുദ്ധിപൂർവ്വകവുമാണു ദൈവം തന്നിരിക്കുന്ന ഒന്നാംതരം ഉപകരണങ്ങളെ കേടുപാടുകൾ കൂടാതെ സംരക്ഷിക്കുന്നതു. ഇതിനു താഴെ ചേർക്കുന്ന പടിപാടി നിഷ്കർഷാപൂർവ്വം അനുവർത്തിക്കുന്നതു നന്നായിരിക്കും. 1 പതിവനുസരിച്ചു രാത്രി കിടക്കാൻ പോകുമ്പോഴും കാലത്തു എഴുന്നേൽക്കുമ്പോഴും പല്ലുകൾ വൃത്തിയാക്കുക. രോഗബീജങ്ങളെ നശിപ്പിക്കുന്നതിനു ശക്തിയുള്ള പേസ്റ്റോ മററോ ഉപയോഗിച്ചു് പല്ലു ബ്രഷ്ചെയ്യുന്നതു വളരെ നല്ലതാണ്. അതിനു സാധിക്കാത്തവർ, രാത്രി കിടക്കാൻപോകുമ്പോൾ ധാരാളം വെള്ളമുപയോഗിച്ചു വായ് വൃത്തിയാക്കുകയും കാലത്തു ഉമിക്കരികൊണ്ടു പല്ലുതേക്കുകയും ചെയ്യുക. 2 ആഹാരം കഴിഞ്ഞു്. എല്ലാ പ്രാവശ്യവും, പല്ലുകൾ മേൽവിവരിച്ചവണ്ണം ബ്രഷുചെയ്തോ വെള്ളം മാത്രം ഉപയോഗിച്ചോ വൃത്തിയാക്കുക. പ്രത്യേകിച്ചു മധുരപദാർത്ഥങ്ങൾ ഭക്ഷിക്കുകയോ മധുരപാനീയങ്ങൾ കുടിക്കുകയോ ചെയ്തുകഴിഞ്ഞാൽ അപ്രകാരം ചെയ്യേണ്ടതാണ്. 3 ഭക്ഷണാനന്തരം വെള്ളം കുടിക്കുമ്പോൾ കുറച്ചുസമയം അതു വായിൽ നിർത്തുകയാണെങ്കിൽ, പഞ്ചസാര മുഴുവൻ അതിൽ ലയിച്ചു കീഴോട്ടു ഇറങ്ങിപ്പൊയ്ക്കൊള്ളും. പിന്നീട് ആസിഡു രൂപം പ്രാപിക്കയില്ലെന്നു മാത്രമല്ല, നേരത്തെ വല്ല ആസിഡും ഉണ്ടായിട്ടുണ്ടെങ്കിൽ അതും പല്ലിൽനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടുന്നതുമാണ്. 4 മോണപഴുപ്പുള്ളവർ വായിൽ വെള്ളമൊഴിച്ചു തുപ്പിയശേഷം മാത്രമേ എന്തെങ്കിലും ഭക്ഷിക്കയോ പാനം ചെയ്കയോ ചെയ്യാവൂ. അല്ലെങ്കിൽ ചലം നിരന്തരം ഉദരത്തിൽചെന്നുപററുകയും ഗൗരവതരങ്ങളായ പല രോഗങ്ങൾക്കും കാരണമായി ഭവിക്കയുംചെയ്യും. ചുരുക്കിപ്പറഞ്ഞാൽ, നമുക്കു നിഷ്പ്രയാസം ലഭിക്കുന്ന പച്ചവെള്ളംകൊണ്ടു തന്നെ മിക്ക ദന്തരോഗങ്ങളേയും തടയാവുന്നതാണ്.

("റീഡേഴ്സ് ഡൈജസ്റ്റി"ലെ ഒരു ലേഖനത്തെ ആധാരമാക്കി എഴുതിയതു്)


കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
... ബ്രോഡ്‌വെ-എറണാകുളം


## മുദ്രാലയപ്രേഷിതത്വം

"സത്യത്തിന്റെയും നീതിയുടെയും തത്വങ്ങളെ പരിരക്ഷിക്കുന്ന കത്തോലിക്കാമുദ്രാലയം ആധുനികലോകത്തിൽ അത്ഭുതപൂർവ്വകമായ പ്രാധാന്യമാണു കൈവരിച്ചിരിക്കുന്നതു" എന്നത്രെ മാർപ്പാപ്പാ തിരുമേനി ബോസ്റ്റണിലെ കത്തോലിക്കാതൊഴിലാളി സഖ്യക്കാർക്ക് അയച്ചുകൊടുത്ത ഒരു സന്ദേശത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. അവരുടെ പ്രധാനപ്രവർത്തനങ്ങളിലൊന്നു കത്തോലിക്കാപത്രമാസികകളും ലഘുലേഖകളും പ്രചരിപ്പിക്കുകയാണ്. പരിശുദ്ധ പിതാവു് ഇങ്ങനെ പറയുന്നു "കത്തോലിക്കാ ലഘുലേഖകളുടെയും പത്രമാസികകളുടേയും വിതരണം എല്ലാവിധ പിന്തുണയും പ്രോത്സാഹനവും അർഹിക്കുന്ന ഒരു പ്രേഷിതവൃത്തിയാകുന്നു."

## നഗരാധിപരുടെ തീർത്ഥയാത്ര

ഇററലിയിലെ മുനിസിപ്പാലിറ്റികളെ പ്രതിനിധീകരിക്കുന്ന 20 000 മേയർമാരും കൗൺസിലർമാരും കൂടി ഒരു വിശുദ്ധവത്സരതീർത്ഥാടനം ഒക്ടോബർ 22-ാനു സമാരംഭിക്കുകയുണ്ടായി. ടൂറിൻ, ജെനോവ, വെനീസ്, ബൊളോഞ്ഞ തുടങ്ങി കമ്മ്യൂണിസ്റ്റാധിപത്യത്തിലുള്ള ചുരുക്കം ചില മുനിസിപ്പൽ കൗൺസിലുകൾ മാത്രമാണു് തീർത്ഥാടനം കഴിക്കുന്നതിനായി ഇററാലിയൻ കത്തോലിക്കാപ്രവർത്തനസംഘക്കാർ അയച്ച ക്ഷണം തിരസ്കരിച്ചതു്.

## "വെളിപാടുകളും പ്രവചനങ്ങളും"

ഇററലിയിലെ പഞ്ചക്ഷതധാരിയായ ഫാദർ പിയായുടെ നാമത്തോടു ബന്ധപ്പെട്ടവയായി വിദേശങ്ങളിൽ പ്രചരിച്ചുവരുന്ന 'വെളിപാടുകളും പ്രവചനങ്ങളും' അനധികൃതങ്ങളാണെന്നും ഫാദർ പിയായ്ക്കോ അദ്ദേഹത്തോടു ബന്ധപ്പെട്ടവർക്കോ അവയുമായി യാതൊരു ഉത്തരവാദിത്വവുമില്ലെന്നും കാണിച്ചു് കപ്പൂച്ചിൻ സന്യാസികൾ "ഒസ്സർവത്താരെ റൊമാനോ"യിൽ ഒരു ലേഖനം പ്രസിദ്ധം ചെയ്തിരിക്കുന്നു.


Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam


